# സത്യകാനോൻ ഏത്?
# ‘18’ അക്കമോ ‘എ” അക്കമോ?

ഫാദർ കെ. പി. പൗലൂസ്, ബി. ഡി.

## സത്യം നിങ്ങളെ സ്വതന്ത്രരാക്കും (യോഹ. 8:32)

"എല്ലാം ശോധന ചെയ്ത് സത്യമായത് മുറുകെ പിടിക്കുക" (1 തെസ്സ. 5:21)

പരിശുദ്ധ കന്യകയെ തിന്മ നിറഞ്ഞ വ്യഭിചാരണി എന്നു തെറ്റിദ്ധരിച്ച് പുറത്തിറക്കാൻ ഒരുമ്പെട്ട യൗസേഫ് സത്യമറിഞ്ഞ മാത്രയിൽ നന്മ നിറഞ്ഞ ദൈവമാതാവെന്ന് സമ്മതിച്ച് ആദരപൂർവ്വം സ്വീകരിച്ചു. വി. സഭയെ ദൈവവിരുദ്ധ സംഘടനയെന്ന് തെറ്റിദ്ധരിച്ച് പീഡനവും കൊലയുംകൊണ്ട് അതിനെ നിർമ്മൂലമാക്കുവാൻ പാഞ്ഞുനടന്ന ശൗൽ സത്യമറിഞ്ഞ നിമിഷത്തിൽ അതിന്റെ മുമ്പിൽ വണങ്ങി അതിന്റെ ഏറ്റവും വലിയ ശിൽപാശാരിയായ പൗലൂസായി തീരുക മാത്രമല്ല അതിന്റെ വളർച്ചയ്ക്കും പുലർച്ചയ്ക്കുമായി സ്വന്ത ജീവൻ ഏൽപ്പിച്ചു കൊടുക്ക കൂടെ ചെയ്തു. അവർ സത്യമറിഞ്ഞപ്പോൾ അറിയാതെ ചെയ്ത അപരാധത്തിന് പരിഹാരം ചെയ്തു.

സത്യം ബോദ്ധ്യപ്പെട്ടാലും സ്വീകരിക്കാതിരിക്കുന്നതത്രെ പരിശുദ്ധാത്മാവിന് വിരോധമായിട്ടുള്ള, ഒരിക്കലും ക്ഷമിക്കപ്പെടാത്ത പാപം (മത്താ. 12:31, 32. ചന്ദ്രിക 1:354).

"അസത്യത്തോടുള്ള സമരംകൂടാതെ ഒരുവനും സത്യവാനായിരിക്കുന്നില്ല."

**സത്യം മലങ്കരസഭയെ സ്വതന്ത്രയാക്കിയിരിക്കുന്നു**

**Fight the untruth; uphold the truth.**

# വിഷയവിവരം


I. പ്രാരംഭ അദ്ധ്യായം

II. തിരുത്തിന്റെ ആവശ്യം ആർക്ക്

III. പുരാതന ഗ്രന്ഥങ്ങളുടെ വെളിച്ചത്തിൽ

IV. പാത്രിയർക്കാ കല്പനകളുടെ വെളിച്ചത്തിൽ

V. ഭിന്നതയ്ക്കു മുമ്പുള്ള പഠനത്തിന്റെ വെളിച്ചത്തിൽ

VI. വാദപ്രതിവാദങ്ങളുടെ വെളിച്ചത്തിൽ

VII. മല്പാനച്ചന്റെ കാനോൻ പരിഭാഷയുടെ വെളിച്ചത്തിൽ

VIII. പാത്രിയർക്കാ വ്യവസ്ഥകളുടെ വെളിച്ചത്തിൽ

IX. 1916 മുതലുള്ള പഠനത്തിന്റെ വെളിച്ചത്തിൽ

X. മുൻ പ്രസിദ്ധീകരണങ്ങളുടെ വെളിച്ചത്തിൽ

XI. 18 അക്കത്തിന്റെ വെളിച്ചത്തിൽ

XII. എ അക്കം റോമാക്കാരന്റെയും 18 അക്കം സുറിയാനിക്കാരന്റെയുമോ

XIII. റീശോറാബോദ് കുലഹൂൻ
(ഫാദർ കെ. കെ. മാത്യൂസ് അവർകൾ B.Sc. യുടെ സഹകരണത്തോടു കൂടി എഴുതിയത്)

XIV. 18 അക്കം ഉടലെടുത്തതിന്റെ പശ്ചാത്തലവും ഉദ്ദേശ്യവും

പത്രാഭിപ്രായങ്ങൾ

# അദ്ധ്യായം 1

കക്ഷിഭേദമെന്യേ ഇന്നു സുറിയാനി സഭയിലുള്ള യുവതീയുവാക്ക ന്മാരിൽ വലിയൊരു ഭൂരിപക്ഷം എന്നല്ല 99 ശതമാനവും ഇന്നുള്ള ഭിന്ന തയെപ്പറ്റി അതിയായി ഖേദിക്കുന്നവരും സത്യത്തിനും സഭാ നിയമ ങ്ങൾക്കും അനുസരണം സഭയിൽ സമാധാനമുണ്ടായിക്കാണണമെന്ന് പരമാർത്ഥമായും ശക്തിയായും ആഗ്രഹിക്കുന്നവരാണെന്നുള്ളതിൽ തെല്ലും സംശയമില്ല. പക്ഷെ, സത്യമറിയുന്നതിനും, തദനുസരണം വർ ത്തിക്കുന്നതിനും, തന്മൂലം നേരിട്ടേക്കാവുന്ന പ്രാതികൂല്യങ്ങളെ അഭി മുഖീകരിക്കുന്നതിനും അവശ്യം വേണ്ട ത്യാഗസന്നദ്ധതയും ഒരുക്കവും പലർക്കും വേണ്ടത്രയുണ്ടോ എന്നുള്ളതു സംശയാസ്പദമാണ്. ഇന്നു നമ്മുടെ സഭയിലെ രണ്ടു കക്ഷികളെ തമ്മിൽ വേർപെടുത്തി നിർത്തി യിരിക്കുന്ന രണ്ടു ഭിത്തികൾ – "അബ്ദൽ മിശിഹാ വഴിയായുള്ള പട്ടത്വം ശരിയല്ല." "18 അക്കം ശരിയായ കാനോനാണ്" എന്നീ രണ്ടു വാദങ്ങ ളത്രെ.

ഇവ സംബന്ധിച്ചു കഴിഞ്ഞ പത്തുപന്ത്രണ്ടു വർഷങ്ങളായി നടത്തിയ പഠനഫലമായി ഗ്രഹിക്കുവാൻ കഴിഞ്ഞിട്ടുള്ളവയിൽ അബ്ദൽ മിശിഹാ ബാവായെ സംബന്ധിച്ച വിവരങ്ങൾ മറ്റൊരു പുസ്തകമായി പ്രസിദ്ധം ചെയ്യുന്നുണ്ട്. ശരിയായ കാനോൻ ഏതെന്നുള്ളതു സംബന്ധിച്ച് ഇതിൽ ചേർക്കുന്ന ആറേഴു ലേഖനങ്ങൾ ഒന്നര വർഷങ്ങളോളം മുമ്പ്, ഇരു കക്ഷികളും ചേർന്ന് നടത്തുന്ന, "ചർച്ച് വീക്കിലി"യിൽ പ്രസിദ്ധം ചെയ്തിരുന്നവയാണ്. അവയ്ക്ക് ഒരുവനും ഇതുവരെ യാതൊരാക്ഷേ പവും പറഞ്ഞിട്ടില്ല; അതിനുശേഷം "18" അക്കം സ്ഥാപിക്കാൻ ശ്രമി ക്കുന്നതായി കാണുന്നുമില്ല എന്നുള്ളത് സന്തോഷജനകമാണ്. ഇതിൽ ചേർക്കുന്ന ബാക്കി ലേഖനങ്ങൾ അഞ്ചാറു മാസങ്ങളായി "മലങ്കരസഭ" യിൽ പ്രസിദ്ധം ചെയ്തിട്ടുള്ളവയാണ്. ആഗസ്റ്റ് അവസാനം പുറപ്പെട്ട സെപ്റ്റംബർ ലക്കം "മലങ്കരസഭ" പ്രസ്തുത ലേഖനങ്ങളെപ്പറ്റി പ്രസ്താ വിച്ചിരുന്നത് "... മലങ്കരസഭയിലെ തർക്കവിഷയങ്ങളിൽ അതിപ്രധാന മായ ഒന്നാണ് സത്യകാനോൻ ഏതെന്നുള്ളത്. അവിതർക്കിതങ്ങളും അനിഷേധ്യങ്ങളുമായ തെളിവുകളെ ചൂണ്ടിക്കാണിച്ചുകൊണ്ടുള്ള ... ഈ ലേഖനപരമ്പര പരമാർത്ഥികളായ ആളുകളെ സത്യകാനോൻ ഏതെന്ന് ബോധ്യപ്പെടുത്തുവാൻ തികച്ചും പര്യാപ്തമായിട്ടുണ്ടെന്ന് പറയുന്നതിൽ ഞങ്ങൾക്ക് സന്തോഷമുണ്ട്. ... പാത്രിയർക്കീസ് കക്ഷി കള്ളക്കാനോൻ ഉപേക്ഷിക്കയോ, അല്ലാത്തപക്ഷം അത് കള്ളക്കാനോൻ അല്ലെന്ന് തെളി യിക്കയോ, അഥവാ ... തങ്ങൾ കള്ളക്കാനോന്റെ പിന്നാലെ പോകുന്നു എന്ന് സമ്മതിച്ചു പറകയോ ചെയ്യാത്തത് കേവലം സാന്മാർഗ്ഗിക ഭീരു

ത്വമല്ലയോ?" എന്നത്രെ. ഇതിനും ഇന്നേയോളം യാതൊരു മറുപടിയും ഉണ്ടായില്ല.

കാനോൻ സംബന്ധിച്ചുള്ള ലേഖനങ്ങളിൽ മാത്രമല്ല, അബ്ദൽ മിശിഹാ ബാവായെ സംബന്ധിച്ചവയിലും എന്തെങ്കിലും സംശയമോ ആക്ഷേപമോ ആർക്കെങ്കിലും ഉണ്ടെങ്കിൽ, അവയ്ക്കുള്ള മറുപടി കൂടെ ചേർത്ത് പുസ്തകം പ്രസിദ്ധം ചെയ്യണമെന്ന് കരുതി, വിവരം "ചന്ദ്രിക" മുഖേന അറിയിക്കുന്നതിന് അഭ്യർത്ഥിച്ചുകൊണ്ട് 20-9-51-ൽ "മലങ്കര സഭ" മുഖേന "പാത്രിയർക്കീസ് പക്ഷത്തിന് ഒരു തുറന്ന കത്ത്" നൽകിയിരുന്നു. ഇതുവരെ യാതൊരു സംശയവും ആക്ഷേപവും യാതൊരുവനും പുറപ്പെടുവിച്ചിട്ടില്ല. അതിനാൽ പ്രസ്തുത ലേഖനങ്ങളിൽ അങ്ങിങ്ങായി വന്നുപോയിട്ടുള്ള ചില വാചകപിശകുകൾ തീർക്കുകയും ചേർക്കാൻ വിട്ടുപോയ ചില വിവരണങ്ങൾ ചേർക്കയും മാത്രമെ ഇവിടെ ചെയ്യേണ്ടതുള്ളു എന്ന് പറയേണ്ടതില്ലല്ലോ. പ്രസ്തുത ലേഖനങ്ങൾ പലർക്കും സത്യം ഗ്രഹിക്കുന്നതിനു സഹായകമായിട്ടുണ്ടെന്നും സത്യം തെളിഞ്ഞു പ്രകാശിക്കുന്നതു കൊണ്ടു മാത്രമേ നമ്മുടെ സഭയിൽ ശാശ്വതമായ സമാധാനം കൈവരികയുള്ളു എന്നും, അതിനാൽ കൂടുതൽ പേർക്കു പ്രയോജകീഭവിക്കത്തക്കവണ്ണം പ്രസ്തുത ലേഖനങ്ങൾ പുസ്തകരൂപത്തിൽ പ്രസിദ്ധം ചെയ്യണമെന്നുള്ള പല മാന്യസ്നേഹിതന്മാരുടേയും ആഗ്രഹമാണ് അവയ്ക്കു പുസ്തകരൂപം നൽകുന്നതിന് എന്നെ പ്രേരിപ്പിക്കുന്നത്.

സത്യം ദൈവം തന്നെയാണെന്നും സത്യത്തിൽ നിന്നകലുമ്പോൾ ദൈവത്തിൽ നിന്നാണ് അകലുന്നതെന്നും, സത്യത്തോട് എതിർക്കുമ്പോൾ ദൈവത്തോടാണ് എതിർക്കുന്നത് എന്നും, അറിഞ്ഞ് അസത്യത്തെ ചെറുത്ത് സത്യത്തോടു ചേരുവാൻ സത്യമാകുന്ന ദൈവം ഏവരെയും ശക്തരാക്കട്ടെ. സത്യത്തെ സ്വീകരിപ്പാനുള്ള സന്നദ്ധതയ്ക്കു ശേഷം മാത്രമേ സത്യമറിവാനും അതനുസരിച്ച് വർത്തിപ്പാനുമുള്ള കഴിവും ശക്തിയും ദൈവം തരൂ എന്ന് ഓർമ്മപ്പെടുത്തിക്കൊണ്ടു പ്രകൃതത്തിലേക്കു പ്രവേശിച്ചുകൊള്ളട്ടെ.

പാത്രിയർക്കീസ്, കാതോലിക്കോസ് കക്ഷികളിൽ ഏതു ഭാഗത്തു നിന്നും ഉദ്ധരിക്കുന്ന കാനോനാണ് ശരി എന്ന്, കാര്യങ്ങളോട് അടുത്തു പരിചയമുള്ളവർക്ക് തീർച്ചയായും അറിയാം. എന്നാൽ അടുത്തയിടെ അതു സംബന്ധിച്ച് അർത്ഥശൂന്യവും സത്യവിരുദ്ധവുമായ ചില വാദമുഖങ്ങൾ ഉദ്ധരിച്ചുകൊണ്ട് ഒരു വാദകോലാഹലം തന്നെ നടത്തി വന്നതിനാലും സമാധാനത്തിന് ഏത് കാനോനാണ് ശരി, എന്ന് അറിയുന്നത് പല തരത്തിൽ അത്യന്താപേക്ഷിതമാകയാലും, ഒരു വിധിനിർണ്ണായക

മായ പരിശോധനയ്ക്കു വേണ്ട നിർദ്ദേശങ്ങൾ അഥവാ ഉരകല്ലുകൾ നൽകുകയാണ് ഇവിടെ ഉദ്ദേശിക്കുന്നത്. രണ്ടു കാനോൻ എങ്ങിനെ, എന്ന്, എന്തിന് ഉണ്ടായി എന്നുള്ളത് പരിശോധനാർഹമാണ്. മാത്യൂസ് അത്താനാസ്യോസ് തിരുമേനിക്ക് പത്രോസ് പാത്രിയർക്കീസ് ബാവാ തിരുമേനി നൽകിയ മുടക്ക് അദ്ദേഹം ഗണ്യമാക്കാതിരുന്നപ്പോൾ അദ്ദേഹത്തെ അമർത്തുന്നതിനായി പാത്രിയർക്കീസ് ബാവാതിരുമേനി രാജകീയ വിളംബരം പിൻവലിപ്പിച്ചു. ഇതുകൊണ്ടും അദ്ദേഹത്തെ വേണ്ടത്ര പരാജിതനാക്കുവാൻ കഴിഞ്ഞില്ല. 1054-ൽ അദ്ദേഹത്തിന്റെ പിൻഗാമി ആയിരുന്ന തോമസ് അത്താനാസ്യോസിന്റെ പേരിൽ കേസ് ഫയൽ ചെയ്തു. അപ്പോൾ നവീകരണക്കാർ ("മാർത്തോമാക്കാർ") സ്വയമായി ഉണ്ടാക്കി സി.എം.എസ്. പ്രസ്സിൽ അച്ചടിപ്പിച്ച ഒരു "മലങ്കരക്കാനോൻ" സുറിയാനി സഭയുടെ കാനോൻ എന്ന് പറഞ്ഞ് അവർ ഹാജരാക്കി. അവർ ഈ കൃത്രിമ കാനോൻ കൊണ്ടുവന്നപ്പോൾ അതിനു ബദലായി തങ്ങൾക്ക് പറ്റിയ മറ്റൊരു കൃത്രിമ കാനോൻ ഉണ്ടാക്കുവാൻ അന്നത്തെ പാത്രിയർക്കീസിന്റെ ആളായിരുന്ന മാർ സ്തേപ്പാനോസ് അത്താനാസ്യോസും സഹകാരികളായ പുലിക്കോട്ട് മാർ ദീവന്നാസ്യോസും പാമ്പാക്കുട മാർ യൂലിയോസും തയ്യാറായി. ഒരു മെത്രാപ്പോലീത്തായ്ക്ക് പാത്രിയർക്കീസിനെ കൂടാതെ നിൽക്കുവാനോ സഭയ്ക്ക് ആവശ്യമായ കാര്യങ്ങൾ നടത്തുവാനോ അധികാരമില്ലെന്നും മെത്രാപ്പോലീത്താ എന്നു വേണ്ട കിഴക്കിന്റെ ഏതു അധികാരിയും പാത്രിയർക്കീസിന്റെ ഹിതാനുവർത്തി ആയിരിക്കണമെന്നും വരുത്തുവാൻ വേണ്ടി വി. സഭയുടെ കാനോൻ വെട്ടിത്തിരുത്തി ഭേദപ്പെടുത്തി കോടതിയിൽ ഹാജരാക്കി. ഇങ്ങനെ യഥാർത്ഥ കാനോനു പുറമെ ഒരു തിരുത്തു കാനോനും മലങ്കരയിൽ ഉണ്ടായി. ഇവ രണ്ടിൽ ഏതാണ് ഓരോ കക്ഷിയും ഇന്ന് കൊണ്ടുവരുന്നത് എന്നാണ് പരിശോധിക്കേണ്ടത്.

കാനോൻ പരിശോധനയ്ക്ക് പുറപ്പെടുമ്പോൾ, നമ്മുടെ സഭയുടെ ശരിയായ കാനോൻ ഗ്രന്ഥം ആര് എന്തിനെ അടിസ്ഥാനമാക്കി എങ്ങനെ എഴുതിയതാണ് എന്ന് അറിയേണ്ടിയിരിക്കുന്നു. ആയതിലേയ്ക്കു മലങ്കര മല്പാൻ ബ. കോനാട്ടച്ചൻ 1907-ൽ "ജീവനിക്ഷേപ"ത്തിൽ പ്രസിദ്ധീകരിച്ച കാനോന്റെ മുഖവുരയിൽ നിന്നും ഒരു ഭാഗം ഉദ്ധരിക്കുന്നു. "ഹൂദായ (ഹൂദോയൊ) കാനോൻ പുസ്തകം കിഴക്കൊക്കെയുടെയും കാതോലിക്കാ (മപ്രിയാന) ആയ മാർ ഗ്രീഗോറിയോസ് ബർ എബ്രോയൊ എന്ന പ. പിതാവിനാൽ എഴുതപ്പെട്ടതും സഭാസംബന്ധമായ അനേക നിയമങ്ങൾ അടങ്ങിയിരിക്കുന്നതും ആകുന്നു. ഇദ്ദേഹം അത്ഭുതശക്തികൾ പ്രവർത്തിപ്പാൻ തക്ക പരിശുദ്ധനും മുപ്പതിൽചില്വാനം പുസ്തകങ്ങൾ നിർമ്മിച്ചിട്ടുള്ള ആളും ആകുന്നു. 1225-ൽ ഭൂജാതം ചെയ്തു. 1286

കർക്കടകം 30-ാം തീയതി കർത്താവിൽ നിദ്രപ്രാപിച്ചു. ശ്ലീഹന്മാരുടെ കാനോനാകളേയും ആദായിയുടെ ഉപദേശത്തേയും പൊതു സുന്നഹദോസുകളുടെ നിശ്ചയങ്ങളേയും മറ്റും പരിശോധിച്ച് അവയിൽ നിന്ന് ആവശ്യപ്പെട്ട സംഗതികളെ ശേഖരിച്ചും, തന്റെ പൂർവ്വികന്മാരുടേയും മറ്റു പല വിദ്വാന്മാരുടേയും സംഘങ്ങളുടേയും ഉപദേശങ്ങളും നിശ്ചയങ്ങളും, അടിസ്ഥാനമാക്കിയും അന്യമതക്കാരുടെ പുസ്തകങ്ങളെ പരിശോധിച്ച് അവയിൽ തള്ളേണ്ടത് തള്ളിയും എടുക്കേണ്ടത് എടുത്തും, ഓരോ നിയമങ്ങൾ എവിടെ നിന്നെടുത്തുവോ ആ ആളുകളുടേയും സംഘങ്ങളുടെയും പുസ്തകങ്ങളുടെയും പേരുകൾ അവിടവിടെ കൊടുത്തും, തന്റെ സ്വന്ത അഭിപ്രായം പറയേണ്ടതായി വരുമ്പോൾ അതിന് ഹൂദോയൊ എന്നു തലക്കെട്ടു കൊടുത്തും അത്രെ ഈ കാനോൻ പുസ്തകം ഉണ്ടാക്കിയിരിക്കുന്നത്. സ്വന്ത അഭിപ്രായത്തിന് ഹൂദോയൊ എന്ന പേരു കൊടുത്തിരിക്കുന്നതുകൊണ്ട് ഈ പുസ്തകത്തെ ഹൂദായ (ഹൂദോയൊ) കാനോൻ എന്നു പറയുന്നു.”

കാനോൻ വിദഗ്ദ്ധനായ മല്പാനച്ചൻ മേൽ പറഞ്ഞിരിക്കുന്നതിൽ നിന്നും തെളിഞ്ഞു കാണാവുന്നത്: ആദരണീയ നിയമങ്ങൾ കണ്ടത് സ്വന്ത സഭയിലോ, അന്യസഭയിലോ, സത്യവിശ്വാസികളിലോ, വേദവിപരീതികളിലോ, സ്വന്തമതക്കാരിലോ, അന്യമതക്കാരിലോ ആരിൽ ആയിരുന്നാലും അവ ആരുടെ എന്ന വേർതിരിവില്ലാതെ സ്വീകാര്യമായവയെല്ലാം എടുത്ത് അവ ആരുടെ (ഉദാ. ശ്ലീഹന്മാരുടെ, ലവോദീഖ്യായുടെ, കൽക്കിദൂനായുടെ, അന്ത്യോഖ്യായുടെ etc)എന്ന തലക്കെട്ടു കൂടി ചേർത്ത് ഈ ഗ്രന്ഥം ചമച്ചു എന്നുള്ളതാണ്.

അടുത്ത അദ്ധ്യായങ്ങളിൽ, മാർ അത്താനാസ്യോസ് മെത്രാച്ചന്റെ കക്ഷി ഹാജരാക്കിയിരിക്കുന്ന “18” അക്കമൊ ഈ കക്ഷി ഭിന്നത ഇവിടെയുണ്ടാക്കുന്നതിന് 12 വർഷങ്ങൾക്ക് മുമ്പ് 1898-ൽ പാരീസിൽ അച്ചടിച്ചതും കാതോലിക്കോസ് കക്ഷി ഹാജരാക്കിയിരിക്കുന്നതുമായ “എ” അക്കമോ ഏതാണ് ശരിയായ കാനോൻ എന്ന് പരിശോധിക്കാം. അനിഷേധ്യമായ രേഖകൾ കൊണ്ടും മറ്റും നല്ലതുപോലെ ഉരച്ച് പരിശോധിച്ചു നോക്കുമ്പോൾ സത്യകാനോൻ എന്ന് നിരാക്ഷേപമായി തെളിഞ്ഞുകാണുന്നത് ഏതോ അതിന്റെ പിന്നാലെ നട്ടെല്ലോടുകൂടി നില്പാനും തിരുത്തു കാനോൻ എന്നും ഖണ്ഡിതമായി കാണുന്നത് ഏതോ അത് തോളിലേറ്റാതെ സർവ്വശക്തികളും ഉപയോഗിച്ച് ദൂരെ വലിച്ചെറിവാനും നസ്രാണി യുവാക്കൾക്ക് മനോവീര്യമുണ്ടാകുമോ? വ്യാജത്തിന്മേൽ കെട്ടിപ്പടുത്ത് മലങ്കരസഭാ മാതാവിനെ രണ്ടായി ഭേദിച്ചിരിക്കുന്ന ഈ ഭിത്തി തട്ടിനീക്കി നിരപ്പാക്കുവാൻ മലങ്കര സഭാമാതാവിന്റെ അരുമസന്താനങ്ങൾ തയ്യാറാകുമൊ? നേതാക്കന്മാരും നേതൃസ്ഥാനത്തി

രിക്കുന്നവരും അതിന് നേതൃത്വം നൽകുമോ? ഈ ചോദ്യങ്ങളത്രെ സമാധാന പരിശ്രമത്തിനിടയിൽ കൂടെ നമ്മെ തുറിച്ചുനോക്കുന്നത്. നമ്മുടെ സഭയുടെ ഭാവിയും തുടർന്നുള്ള ഗ്രന്ഥപാരായണത്തിന്റെ പ്രയോജനവും ഈ ചോദ്യങ്ങൾക്ക് ഓരോരുത്തരും നൽകുന്ന മറുപടിയേ കൂടെ ആശ്രയിച്ചിരിക്കുന്നു.

### അദ്ധ്യായം 2

# തിരുത്തിന്റെ ആവശ്യം ആർക്ക്?

**1-ാം ഉരകല്ല്:** പൂർവ്വീക നടപടികൾ, സുന്നഹദോസ് നിശ്ചയങ്ങൾ, കാനോനുകൾ, ഇവ മൂലം ക്ലിപ്തം ചെയ്തിട്ടുള്ള ഭരണാതിർത്തികളും അധികാര സ്വാതന്ത്ര്യങ്ങളും ഭേദപ്പെടുത്തുവാൻ ഏതു കക്ഷി യത്നിക്കുന്നുവോ, ആ കക്ഷിയാണ് തിരുത്തുകാനോനെ ആശ്രയിക്കുവാൻ ഇടയുള്ളത് എന്നതിൽ സന്ദേഹമില്ല. അപ്രകാരംതന്നെ, പൂർവികനിലയെ പാലിക്കണം എന്നാഗ്രഹിക്കുന്ന കക്ഷിയാണ് സത്യകാനോന്റെ സ്ഥാപനാർത്ഥം യത്നിക്കുവാനിടയുള്ളത് എന്നുള്ളതും സംശയാതീതമായ സംഗതിയാണ്.

അതിനാൽ ഇനി ഏതു കക്ഷി കൊണ്ടുവരുന്നതാണ് തിരുത്തുകാനോൻ എന്നും ഏതു കക്ഷിയുടേതാണ് സത്യകാനോൻ എന്നും മനസ്സിലാക്കുന്നതിന് ഓരോ കക്ഷിയുടേയും പരിശ്രമം എന്തായിരുന്നു എന്നും ഇപ്പോൾ എന്താണെന്നും പരിശോധിച്ചറിയേണ്ടിയിരിക്കുന്നു. ആദ്യമായി മാർ അത്താനാസ്യോസ് തിരുമേനിയുടെ കക്ഷിയുടെ ശ്രമം എന്തിനുവേണ്ടിയാണെന്നു നോക്കാം.

1. 1109-ൽ മാർ അത്താനാസ്യോസ് മെത്രാച്ചന്റെ കക്ഷി കൊണ്ടുവന്ന സന്ധിവ്യവസ്ഥകളിൽ പറയുന്നത്, മപ്രിയാനായ്ക്ക് "തെഗ്രീസിന്റെയും കിഴക്കിന്റെയും മപ്രിയാനായ്ക്കുള്ള അധികാരങ്ങൾ ഉണ്ടായിരിക്കയില്ല. സുന്നഹദോസുകളിലോ ഹൂദായ കാനോനിലോ വിവരിച്ചിട്ടുള്ള നിയമങ്ങളും കാനോനാകളിൻപ്രകാരമുള്ള അധികാരങ്ങളും ഉണ്ടായിരിക്കുന്നതല്ല" എന്നാകുന്നു. (സുറിയാനി സഭാമാസിക, എട്ടാം പുസ്തകം, 158-ാം പുറം). ഇതേവിധം തന്നെയാണ് 1934-ൽ കൊണ്ടുവന്ന വ്യവസ്ഥകളിലും പറഞ്ഞിരിക്കുന്നത്.

2. 1942-ൽ ടി മെത്രാച്ചന്റെ ഭാഗത്തുനിന്നും കൊണ്ടുവന്ന വ്യവസ്ഥകളുടെ ആദ്യ വിഭാഗം ഒന്നാം ഖണ്ഡികയിൽ പറയുന്നതു കാണുക: മലബാറിലെ "മപ്രിയാനായ്ക്ക് അദ്ദേഹത്തിന്റെ ഭരണാതിർത്തിയിൽ ഒരു ആർച്ചുബിഷപ്പിന്റെ അധികാരമാണുണ്ടായിരിക്കുന്നത് (18 അക്കം അനുസരിച്ചു കാതോലിക്കായ്ക്കു ഒരു ആർച്ചുബിഷപ്പിന്റെ അധികാരം മാത്രമാണുള്ളത്. ശരിയായ കാനോൻ 18 അക്കമാണെന്നു വരികിൽ മേൽപ്രകാരം ഒരു വ്യവസ്ഥ പ്രത്യേകം എഴുതുകയില്ലായിരുന്നു.). താഴെ പറയുന്ന നിയമങ്ങൾ മപ്രിയാനായെ സംബന്ധിക്കുന്നതാണ്. അദ്ദേഹത്തിനോ (മപ്രിയാനായ്ക്കോ) ന്യായമായ അദ്ദേഹത്തിന്റെ പിൻഗാമി

കൾക്കോ തെഗ്രീസിന്റെ മപ്രിയാനായുടെ അധികാരാവകാശങ്ങൾ എന്തെങ്കിലും ഉണ്ടെന്നു ഒറ്റദിവസം പോലും നടിച്ചുകൂടാ." ഇതാണ് അതിലെ ഖണ്ഡിതമായ പ്രഖ്യാപനം. തുടർന്നു രണ്ടാം വിഭാഗം 4-ാം ഖണ്ഡികയിൽ സുന്നഹദോസു നിശ്ചയങ്ങൾ, കാനോനാകൾ, പൂർവ്വ നടപടികൾ (സുന്നഹദോസ് നിശ്ചയങ്ങളും മറ്റും എന്തായിരുന്നു എന്നുള്ളതറിയുന്നതിനു "സഭാസേവകൻ" 18, 19, 22 എന്നീ ലക്കങ്ങളും, "മലങ്കരസഭ" 4-ാം പുസ്തകം 2, 3, 4, 10 എന്നീ ലക്കങ്ങളും, പാത്രിയർക്കീസു ഭാഗത്തുനിന്നും ആ കക്ഷിയുടേതായി പ്രസിദ്ധീകരിച്ചു വന്ന "സുറിയാനി സഭ" മാസിക 5-ാം പുസ്തകം 180, 184 പുറങ്ങളും, 1907-ലെ "ഇടവക പത്രിക" 62-63 പുറങ്ങളിൽ മി. ഇ. എം. ഫിലിപ്പ് എഴുതിയിരിക്കുന്നതും, മുളന്തുരുത്തി സുന്നഹദോസ് നിശ്ചയങ്ങൾ കാണുന്നതിന് ടി സുന്നഹദോസ് നിശ്ചയങ്ങൾ 9-ാം പുറവും മറ്റും നോക്കുക.) ഇവയ്ക്കെല്ലാം എതിരായി പറയുന്നതിപ്രകാരമാണ്: പാത്രിയർക്കീസിന്റെ അനുമതി കൂടാതെ ഭദ്രാസന ഇടവകകളുടെ എണ്ണം ഭേദപ്പെടുത്തിക്കൂടാ. കീഴ്വഴക്കം സ്ഥിരപ്പെടുത്തുവാനും മറ്റുമായി മപ്രിയാനാ അനുസരണ പത്രം കൊടുക്കയും ഏഴു കൊല്ലത്തിലൊരിക്കൽ പാത്രിയർക്കീസിന്റെ മുമ്പാകെ നേരിട്ടു ഹാജരാകയും ചെയ്യണം. മപ്രിയാനാ പാത്രിയർക്കാ സ്ഥാനത്തേക്കു തെരഞ്ഞെടുക്കപ്പെട്ടു കൂടാ. കാതോലിക്കായും മലയാളത്തെ മെത്രാപ്പോലീത്തന്മാരും പ്രതിനിധിയുടെ മേൽനോട്ടത്തിൻ കീഴിൽ ഭരണം നടത്തിക്കൊള്ളണം എന്നിങ്ങനെയാണ്.

3. 1950-ലെ വ്യവസ്ഥകൾ വളരെ കരുതലോടുകൂടെ കരുപിടിച്ചതാണ്. പ്രഥമ വ്യവസ്ഥയിൽ: പാത്രിയർക്കീസ് മഹാ പ്രധാനാചാര്യനും പൊതുവിനടുത്ത പിതാവും "ആകയാൽ എല്ലാവരും (ഇന്നു മാമോദീസാ മുങ്ങിയവൻ മുതൽ കാതോലിക്കോസു വരെയുള്ള എല്ലാവരും) അദ്ദേഹത്തിന്റെ കല്പനകൾക്ക് (അവ എന്തുതന്നെയായാലും ഏതെല്ലാം കാര്യത്തെ എങ്ങനെയെല്ലാം സ്പർശിക്കുന്നവയായാലും) കീഴ്പ്പെട്ടിരിക്കണം" എന്ന് ആജ്ഞാപിച്ചിരിക്കുന്നു. മലങ്കരസഭയ്ക്ക് അനുകൂലമായി സുന്നഹദോസ് നിശ്ചയങ്ങളിലോ, കാനോനാകളിലോ എന്തുതന്നെ ഉണ്ടായിരുന്നാലും അവയെ എല്ലാം ദുർബലമാക്കയും പാത്രിയർക്കീസിന്റെ ഏത് അനിയന്ത്രിത കല്പനയും അനുസരിച്ചുകൊള്ളണം എന്ന് ആജ്ഞാപിക്കയും ചെയ്യുന്നു എന്നു ചുരുക്കം. അംഗീകൃത നടപടികൾ ഭേദപ്പെടുത്തുവാനും പുതിയ അധികാരാവകാശങ്ങൾ ഉണ്ടാക്കുവാനും ആവേശം കൊള്ളുന്നത് ആരെന്ന് മേൽ ചേർത്തിരിക്കുന്നവയുടെ വെളിച്ചത്തിൽ നോക്കുക.

ഇനി വി. കാതോലിക്കാബാവാ തിരുമനസ്സിലെ കക്ഷിയുടെ ശ്രമം എന്തെന്നു കൂടി പരിശോധിച്ചു നോക്കാം.

1. "ഓർത്തഡോക്സ് സഭ" എന്ന മാസിക 115 മേടത്തിൽ പറയുന്നത്: "രാജി നടത്തുന്നതിനുവേണ്ടി പ്രമാണത്തിനു ലംഘനം കൂടാതെ എന്തു ത്യാഗവും അപമാനവും സഹിക്കാൻ തയ്യാറാകണം. ... പ്രമാണവും ആദർശവും അനുസരിച്ച് രാജിയാലോചന കൊണ്ടുപോകാൻ ഉറ്റു ശ്രമിക്കണം. അതിനെ ലംഘിച്ചുള്ള രാജി നമുക്കു വേണ്ടാ ... അതുകൊണ്ടു പ്രമാണം വിടാതെയും ക്രിസ്തീയ ആദർശത്തിൽ നിന്നു വ്യതിചലിക്കാതെയും എന്നാൽ ഊർജ്ജസ്വലതയോടെയും ഉണർന്നു പ്രവർത്തിക്കുകയാണു വേണ്ടത്" (പുറം 11).

2. ''മലങ്കരസഭാ'' മാസിക ആഹ്വാനം ചെയ്യുന്നത് എന്തെന്നു കാണുക: "മലങ്കരസഭയ്ക്ക് ഉള്ളിലും വെളിയിലും നിന്നുകൊണ്ട് ചിലർ നീചമായ അടിമത്വത്തിലേക്ക് അതിനെ വലിച്ചിഴയ്ക്കുവാൻ തീവ്ര പ്രയത്നം ചെയ്യുന്നു. ... വി. സുന്നഹദോസുകളിൽ നിശ്ചയിച്ചുറപ്പിച്ചിട്ടുള്ള വിശ്വാസ സത്യങ്ങൾക്കും കാനോനാകൾക്കും അണുപോലും ഇളക്കം വരുത്താതെ സൂക്ഷിക്കയും ബുദ്ധിപൂർവ്വം അതിനായി യത്നിക്കയും ചെയ്‌വാൻ സഭാംഗങ്ങൾ കടപ്പെട്ടവരാകുന്നു" (പുസ്തകം 1, ലക്കം 2, പേജ് 5).

3. 1125 ഇടവം "മലങ്കരസഭ"യിലെ പത്രാധിപക്കുറിപ്പ് ഈ അവസരത്തിൽ പ്രത്യേകം ശ്രദ്ധേയമാണ്. 1908-ൽ (അബ്ദൽ മിശിഹാ ബാവായെ 1903-ൽ സ്ഥാനഭ്രഷ്ടനാക്കിയെന്നാണ് അത്താനാസ്യോസ് മെത്രാച്ചന്റെ കക്ഷി പറയുന്നത് (1) കോനാട്ടു മല്പാനച്ചൻ അബ്ദൽ മശിഹാ ബാവായ്ക്ക് എഴുതിയതിനെപ്പറ്റി "ഒരു കാതോലിക്കായെ അല്ല (20-ാം നൂറ്റാണ്ടിലെ പുതിയ സൃഷ്ടിയായി ഒന്നിനെ അല്ല) പുരാതനമായ കാതോലിക്കാ സ്ഥാപനം തന്നെ മലങ്കരയ്ക്ക് തരണമെന്നത്രെ ആവശ്യപ്പെടുന്നത്" (ഈ കത്ത് "ചന്ദ്രിക"യും അതിന്റെ മൂന്നാം പുസ്തകം 113-ാം പുറത്തുള്ള ലേഖനത്തിൽ ഉദ്ധരിച്ചിട്ടുണ്ട്) എന്നു എടുത്തു പറഞ്ഞിരിക്കുന്നതിനെ ഉദ്ധരിച്ചുകൊണ്ട് "കാതോലിക്കാ സ്ഥാപനം മലങ്കര സഭയുടെ സ്വാതന്ത്ര്യചിഹ്നമാണ്. അത് കാനോനികമായ സർവ്വ അധികാരങ്ങളോടും അവകാശങ്ങളോടും കൂടിയതാണ്. അതിന്റെ ന്യായമായ അധികാരാവകാശങ്ങളെ അജ്ഞതയുടെ ബലിപീഠത്തിൽ അഹൂതി ചെയ്തിട്ട് ഒരു നാമമാത്ര കാതോലിക്കാ സ്ഥാപനംകൊണ്ടു നാം തൃപ്തിപ്പെടാൻ പോകുന്നില്ല. നമ്മുടെ സ്വാതന്ത്ര്യചിഹ്നം സംരക്ഷിച്ചുകൊണ്ടു പോകേണ്ടത് സഭാംഗങ്ങളായ നാം ഓരോരുത്തരുടേയും ചുമതലയത്രെ" (പുറം 4-5) എന്നു പ്രബോധിപ്പിക്കുന്നു.

4. കാതോലിക്കോസ് കക്ഷി പിടിച്ചിരിക്കുന്നത് "കാനോനിക കാതോലിക്കാ എന്ന മുദ്രാവാക്യമാണ്" എന്നു ചന്ദ്രിക മൂന്നാം പുസ്തകം 71-ാം

പുറത്ത് അതിന്റെ പത്രാധിപർ തന്നെ പ്രസ്താവിച്ചിരിക്കുന്നു. മേൽ കണ്ടവ എല്ലാം തന്നെ അതതു കക്ഷികളുടെ ഭാഗത്തു നിന്നുള്ള പ്രസ്താവനകളാണ്. ഒടുവിലത്തേതു കാതോലിക്കാ കക്ഷിയുടെ വാദ ഗതിയെ എതിർകക്ഷി സ്ഥിരീകരിച്ചിരിക്കുന്നതുമാണ്. ഇവയിൽ നിന്നും പൂർവിക അധികാരാതിർത്തികളും നിയമങ്ങളും നിലനിർത്തിക്കൊണ്ടു പോകുന്നതിന് യത്നിക്കുന്ന കക്ഷി ഏതെന്നും, അത് ഭേദപ്പെടുത്തുന്ന തിന് യത്നിക്കുന്ന കക്ഷി ഏതെന്നും ഇവിടെ വ്യക്തമായി കഴിഞ്ഞു. ഇതിന്റെ വെളിച്ചത്തിൽ, തിരുത്തു കാനോൻ സ്ഥാപിക്കാൻ ആവശ്യ ക്കാർ ആരെന്നും സത്യകാനോൻ സ്ഥാപിക്കാൻ പരിശ്രമിക്കുന്നവരാ രെന്നും വായനക്കാർ ഗ്രഹിച്ചാലും! സത്യത്തിനു വേണ്ടി നില കൊണ്ടാലും!!

## അദ്ധ്യായം 3

# പുരാതന ഗ്രന്ഥങ്ങളുടെ വെളിച്ചത്തിൽ

**2-ാം ഉരകല്ല്:** അതിപുരാതനവും അനിഷേധ്യവും ആയി ഇപ്പോൾ നമ്മുടെ അറിവിൽ ഉള്ളതും, അറുനൂറ് കൊല്ലങ്ങൾക്കുമേൽ പഴക്കമുണ്ടെന്ന് വിദഗ്ദ്ധന്മാർ വിധിക്കുന്നതും, മുമ്പുണ്ടായിരുന്ന പല മെത്രാപ്പോലീത്തന്മാരുടേയും മുദ്രയും മറ്റും ഉള്ളതും പരേതനായ പാമ്പാക്കുട മല്പാനച്ചന്റെ ലൈബ്രറിയിൽ നിന്ന് അദ്ദേഹത്തിന്റെ മകൻ അബ്രഹാം മല്പാൻ ഹാജരാക്കിയിട്ടുള്ളതുമായ കാനോൻ പുസ്തകത്തോട് കൂടുതൽ യോജിപ്പും പൊരുത്തവും ഉള്ള കാനോൻ ഏതോ അതാണ് നിജമായ കാനോൻ - സത്യകാനോൻ.

ഇപ്പോൾ മലയാളത്തു നമ്മുടെ അറിവിലുള്ള ഏറ്റവും പുരാതനമായ കാനോൻ ഗ്രന്ഥം യവനായ വർഷം 1601 കോനൂൻ ഹ് റോയ് 28-ാം തീയതിയ്ക്ക് മിശിഹാ കാലം 1290 മകരം 26-ാം തീയതിയ്ക്ക് എഴുതി തീർന്നതാണെന്ന് അതിൽ തന്നെ എഴുത്തുകാരൻ എഴുതിയിട്ടുണ്ട്. കാനോൻ ഗ്രന്ഥത്തിന്റെ നിർമ്മാതാവായ ബാർ എബ്രായ എന്ന പരിശുദ്ധൻ കാലം ചെയ്തത് അതിനു 4 വർഷങ്ങൾക്ക് മുമ്പു മാത്രമായിരുന്നു. ഈ പുസ്തകം പിന്നീട് ദാവീദ് പാത്രിയർക്കീസിന്റെയും അദ്ദേഹത്തിന്റെ സഹോദരൻ തോമസ് എപ്പിസ്കോപ്പായുടെയും ലൈബ്രറിയിൽ യവനായ വർഷം 1887 ക്ക് ക്രിസ്താബ്ദം 1576 വരെ ഇരുന്നതായി വേറൊരു കൈപ്പടയിൽ ടി പുസ്തകത്തിൽതന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. മാത്രമല്ല "മാർത്തോമ്മാ മെത്രാൻ വക" എന്ന് മലയാളത്തിൽ പഴയ ചതുര വടിവിൽ പുസ്തകത്തിന്റെ 4-5 സ്ഥാനങ്ങളിൽ എഴുതിയിട്ടുണ്ട്. അതിനാൽ ഈ പുരാതന ഗ്രന്ഥം ഏതോ പരദേശ മെത്രാൻ 17-ാം നൂറ്റാണ്ടിലോ മറ്റോ (മാർത്തോമ്മാ മെത്രാന്മാരുടെ കാലത്ത്) മലയാളത്തു കൊണ്ടുവന്നതായി തെളിയുന്നു. ഈ പുസ്തകത്തിൽ കടവിൽ മാർ അത്താനാസ്യോസ് തിരുമേനിയുടെ മുദ്ര രണ്ടു സ്ഥലത്തു കാണുന്നുണ്ട്. അതിനാൽ ഈ ഗ്രന്ഥം മലങ്കര പഴയ മാർത്തോമ്മാ മെത്രാന്മാരിൽ ഒരാൾക്ക് ആദ്യമായി ലഭിച്ചിരുന്നു എന്നും, പിന്നീട് അദ്ദേഹത്തിന്റെ പിൻഗാമികളായിരുന്ന മേല്പട്ടക്കാർക്ക് സിദ്ധിച്ച് കോട്ടയം സെമിനാരിയിൽ ഇരുന്നിരുന്നു എന്നും, "മാർത്തോമ്മാക്കാരുമായുള്ള കേസിന്റെ ആരംഭകാലത്ത് അന്ന് കോട്ടയം സെമിനാരി മല്പാനായിരുന്ന കടവിൽ മാർ അത്താനാസ്യോസ് തിരുമേനിക്ക് മല്പാനെന്ന നിലയിൽ പ്രസ്തുത

ഗ്രന്ഥം ലഭിച്ചു എന്നും മനസ്സിലാക്കാം. ഈ പുസ്തകം എ. ഡി. 1893–ന് കൊല്ലം 1609 ചിങ്ങം 21–നു ഒരു സൽഗാ പുസ്തകത്തോടൊരുമിച്ച് കടവിൽ മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ കോനാട്ട് മല്പാനച്ചന് സമ്മാനിച്ചതായി മല്പാനച്ചൻ അദ്ദേഹത്തിന്റെ സ്വന്ത കൈപ്പടയിൽ തന്നെ ടി പുസ്തകത്തിന്റെ അവസാനഭാഗത്ത് മലയാളത്തിൽ എഴുതിയിട്ടുണ്ട്. മാത്രമല്ല കാനോൻ കർത്താവായ മാർ ഗ്രീഗോറിയോസ് ബാർ എബ്രായയുടെ വളരെ സംക്ഷിപ്തമായ ജീവചരിത്രവും ടി പുസ്തകത്തിന്റെ അവസാനഭാഗത്ത് മലയാള ഭാഷയിൽ അദ്ദേഹം എഴുതി ചേർത്തിട്ടുണ്ട്. അവിടെ അദ്ദേഹത്തിന്റെ മുദ്രയും പതിച്ചിരിക്കുന്നു. ഈ പുസ്തകം കടവിൽ തിരുമേനി ഉപയോഗിച്ചുകൊണ്ടിരുന്ന വിവരം ഇപ്പോഴത്തെ മാർ അത്താനാസ്യോസ് തിരുമേനിക്ക് തന്നെ നേരിട്ട് അറിയാവുന്നതാണ്. ഈ പുസ്തകത്തിന് 40 അദ്ധ്യായങ്ങൾ ഉണ്ട്. മലയാളത്തുള്ള പല കൈയെഴുത്തു പ്രതികളുടെയും അടിസ്ഥാനം ഈ പുരാതന ഗ്രന്ഥമായിരിപ്പാൻ ഇടയുണ്ട്. ഈ ഗ്രന്ഥം ഇപ്പോഴത്തെ സമുദായകേസ്സിൽ ബ. കോനാട്ടു ഏബ്രഹാം കത്തനാർ ഹാജരാക്കി 153 അക്കം തെളിവായി സ്വീകരിച്ചിട്ടുള്ളതാണ്.

കോനാട്ടു ലൈബ്രറിയിൽ തന്നെ ശീമകൈപ്പടയിലുള്ള മറ്റു രണ്ടു കാനോൻ ഗ്രന്ഥങ്ങൾ കൂടെ ഉണ്ട്. അവയിൽ ഒന്നു 300 കൊല്ലത്തിനു മേൽ പഴക്കമുള്ളതും, 40 അദ്ധ്യായങ്ങളുള്ളതുമാകുന്നു. അത് '156' അക്കം തെളിവായി കേസ്സിൽ സ്വീകരിച്ചിരിക്കുന്നു. മൂന്നാമത്തെ പുസ്തകം ആദ്യത്തെ 10 അദ്ധ്യായങ്ങൾ മാത്രമുള്ളതും കൽദായ സുറിയാനിയിൽ എഴുതിയിട്ടുള്ളതുമാണ്. ഈ മൂന്നു കൈയെഴുത്തു പ്രതികളും തമ്മിൽ വളരെ യോജിച്ചിരിക്കുന്നു. അച്ചടി കാനോനും, 660 വർഷം പഴക്കമുള്ളതായി മേലുദ്ധരിച്ച 153 അക്കം കാനോനും ലഭിക്കുന്നതിന് മുമ്പ് പാമ്പാക്കുട പഠിപ്പിക്കുവാനും പകർത്തുവാനും ഉപയോഗിച്ചിരുന്നത് മുന്നൂറു കൊല്ലം പഴക്കമുണ്ടെന്ന് കരുതപ്പെടുന്ന 156 അക്കം കാനോൻ ഗ്രന്ഥം ആയിരുന്നു എന്നുള്ളത് അദ്ദേഹത്തിന്റെ ശിഷ്യന്മാരായി വടക്കുള്ള എല്ലാ പട്ടക്കാർക്കും അറിവുള്ളതാണ്. പിന്നീട് അച്ചടിപ്പുസ്തകം കിട്ടിയപ്പോൾ (അവ പാരീസിൽ നിന്നും വരുത്തി മലയാളത്ത് പ്രചരിപ്പിച്ചത് അന്ത്യോഖ്യാ പ്രതിനിധിയായിരുന്ന മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായാണെന്ന് അദ്ദേഹം മൊഴിയിൽ പറഞ്ഞിട്ടുണ്ട്. അദ്ദേഹത്തിന്റെ കൈവശമുണ്ടായിരുന്ന ഗ്രന്ഥങ്ങളുമായി മല്പാനച്ചൻ ഒത്തുനോക്കി ശരിയായിട്ടുള്ളതെന്ന് ബോദ്ധ്യപ്പെട്ടശേഷം മാത്രമാണ് ടി അച്ചടി (പാരീസ്) കാനോൻ മലയാളത്ത് ഉപയോഗിപ്പാൻ ആരംഭിച്ചത്. അതു കിട്ടുന്നതിനു മുമ്പ് പാമ്പാക്കുടെ നിന്നും പകർത്തി എടുത്തിട്ടുള്ള കാനോൻ പുസ്തകങ്ങൾ കൈവശമുള്ളവരായി വടക്ക് പല

പട്ടക്കാരുണ്ട്. ഇവയ്ക്കു പുറമേ കാലംചെയ്ത പരുമല തിരുമേനിയുടെ ഉപയോഗത്തിലിരുന്ന കാനോൻ പുസ്തകമാണ് '168' അക്കം തെളിവായി കോടതിയിൽ ഹാജരാക്കിയിട്ടുള്ളത്.

**1. ഇന്ത്യാ.** 660 കൊല്ലത്തോളം പഴക്കമുള്ള ആ പുരാതന ഗ്രന്ഥത്തിലും 300 കൊല്ലത്തോളം പഴക്കമുള്ള ഗ്രന്ഥത്തിലും പരുമല തിരുമേനിയുടെ ഉപയോഗത്തിലിരുന്ന കാനോൻ പുസ്തകത്തിലും ഇന്ത്യയെപ്പറ്റി എന്നല്ല ഇന്ത്യ എന്നൊരു പദമേ കാണുന്നില്ല. അച്ചടിക്കാനോനിലും കാണുന്നില്ല. എന്നാൽ പാത്രിയർക്കീസ് ഭാഗത്തുനിന്നും ഹാജരാക്കിയിട്ടുള്ള കാനോനിൽ ഇന്ത്യയെപ്പറ്റി ഒന്നിലധികം സ്ഥാനങ്ങളിൽ പറഞ്ഞിട്ടുണ്ട്. അതെല്ലാം പാത്രിയർക്കീസ് ബാവാതിരുമേനി ഇന്ത്യയുടെ മേൽ അധികാരിയാണെന്നു കാണിപ്പാനുള്ള ഭാഗങ്ങളാണെന്നുള്ളതും, സമുദായകേസ്സിൽ അത്താനാസ്യോസ് മെത്രാച്ചന്റെ ഭാഗത്തെ സാക്ഷിയായ ദിവ്യശ്രീ പുളിനാട്ടു മത്തായി കത്തനാരുടെ മൊഴിയിൽ, അദ്ദേഹത്തെ പഠിപ്പിച്ച കാനോനിൽ ഇന്ത്യ എന്നൊരു വാക്കുപോലും ഇല്ല; ഇന്ത്യയെപ്പറ്റി യാതൊന്നും പറഞ്ഞിട്ടില്ല, എന്നു വ്യക്തമായി പറഞ്ഞിരിക്കുന്നതും ശ്രദ്ധേയമാണ്.

2. മേലുദ്ധരിച്ച പുരാതന കാനോൻ പുസ്തകങ്ങളിൽ "ലോകത്തിന്റെ നാലു ഭാഗങ്ങളിൽ പ്രകാരം നാലു പാത്രിയർക്കീസന്മാർ ഉണ്ടായിരിക്കണം. റോമിൽ ഇരിക്കുന്നവനും അവനോടുകൂടി അലക്സന്ത്രിയായിൽ ഇരിക്കുന്നവനും ... അവനോടുകൂടി കുസ്തന്തീനോപോലീസിൽ ഇരിക്കുന്നവനും എല്ലാവരുടേയും (ഓരോരുത്തരുടെ വിഭാഗത്തിലുള്ള എല്ലാവരുടെയും) പ്രധാന തലവൻ ആയിരിക്കണം എന്ന് 7-ാം കെപ്പാലെയോൻ ഒന്നാം പോസൂക്കായിൽ "നിഖ്യാ" എന്ന തലക്കെട്ടിൽ പറഞ്ഞിരിക്കുന്നു. എ അക്കം അച്ചടിക്കാനോനിലും (കാതോലിക്കാപക്ഷത്തുനിന്നും ഹാജരാക്കിയ) ഇതേപ്രകാരംതന്നെ പറഞ്ഞിട്ടുണ്ട്. എന്നാൽ മാർ അത്താനാസ്യോസ് തിരുമേനിയുടെ പക്ഷത്തുനിന്നും ഹാജരാക്കിയ (18 അക്കം) കാനോനിൽ "<u>എല്ലാവരുടേയും പ്രധാന തലവൻ</u>" എന്ന ഭാഗം വിട്ടുകളഞ്ഞിരിക്കുന്നു. അതിനാൽ ഈ സംഗതിയിലും എ അക്കം അച്ചടി കാനോൻ പുരാതന ഗ്രന്ഥങ്ങളോട് പൂർണ്ണമായി യോജിക്കയും 18 അക്കം വിയോജിക്കയും ചെയ്യുന്നതായി കാണുന്നു.

3. മേൽപ്പറഞ്ഞതിനെ തുടർന്ന് കാതോലിക്കോസിനു പാത്രിയർക്കീസിനെ പോലെയുള്ള അധികാരങ്ങൾ ഉണ്ടെന്നും, യെറുശലേം പാത്രിയർക്കീസിനോടൊപ്പം ഇരിപ്പിടം ഉണ്ടായിരിക്കണമെന്നും ഉള്ള ഭാഗം എല്ലാ ഗ്രന്ഥങ്ങളിലും - ഇരുഭാഗത്തേതിലും - ഉണ്ട്. എന്നാൽ അതിനെ തുടർന്ന് "അദ്ദേഹം (കാതോലിക്കോസ്) അന്ത്യോഖ്യാ പാത്രിയർക്കീ

സിന്റെ ആജ്ഞകളനുസരിച്ച് വർത്തിക്കണം. തന്റെ മേലാവിനെ ധിക്കരിക്കരുത്" എന്നൊരു വാചകം പാത്രിയർക്കീസ് ഭാഗത്തുനിന്നു ഹാജരാക്കിയിട്ടുള്ള കാനോനിൽ വിശേഷാൽ ഉണ്ട്. ഇത് ഇതര കാനോൻ ഗ്രന്ഥങ്ങളിൽ ഒന്നിലുമില്ല; പാരീസിൽ അച്ചടിച്ച കാനോൻ പുസ്തകത്തിലുമില്ല. അതിനാൽ ഈ സംഗതിയിലും അച്ചടി കാനോൻ പുസ്തകം പുരാതന ഗ്രന്ഥങ്ങളോടു യോജിക്കുന്നു.

4. കോനാട്ടു ലൈബ്രറിയിൽ നിന്നു ഹാജരാക്കിയിട്ടുള്ള പുരാതന ഗ്രന്ഥങ്ങളിലും പരുമല തിരുമേനിയുടെ കൈവശത്തിലിരുന്ന കാനോനിലും 7-ാം അദ്ധ്യായം ഒന്നാം വാക്യം യൂഹാനോൻ പാത്രിയർക്കീസ് എന്ന തലക്കെട്ടിൽ "അന്ത്യോഖ്യാ പാത്രിയർക്കീസ് ക്ഷണിക്കപ്പെട്ടാലല്ലാതെ ഭരിപ്പാനെന്ന ഭാവത്തിൽ തെഗ്രീസിന്റെ ഇടവകകളിൽ പ്രവേശിച്ചു കൂടാ. അപ്രകാരംതന്നെ മപ്രിയാനായും പാത്രിയർക്കീസിന്റെ ഇടവകകളിൽ പ്രവേശിച്ചുകൂടാ" എന്നു പറഞ്ഞിരിക്കുന്നു. ഇത് അതേപടി അച്ചടിക്കാനോനിലും കാണുന്നുണ്ട്. എന്നാൽ മാർ അത്താനാസ്യോസ് മെത്രാച്ചന്റെ ഭാഗത്തുനിന്നു ഹാജരാക്കിയിട്ടുള്ള കാനോനിൽ അതു കാണുന്നില്ല. അത് പാടെ എടുത്തു കളഞ്ഞിരിക്കുന്നു.

മേൽ ഭാഗങ്ങളിൽ നിന്ന് പാത്രിയർക്കീസു ബാവാ തിരുമനസ്സിലെ മേൽക്കോയ്മ സ്ഥാപിക്കുവാൻ ചില ഭാഗങ്ങൾ കൂട്ടിച്ചേർക്കുകയും തുല്യനിലയെ കാണിക്കുന്ന ഭാഗങ്ങൾ എടുത്തുകളയുകയും ചെയ്തിട്ടുള്ള കാനോനാണ് "18" അക്കമായി ഹാജരാക്കിയിട്ടുള്ളതെന്ന് പ്രത്യക്ഷമായി തെളിഞ്ഞു കാണുന്നു.

ഇതുപോലെ മേൽ പ്രസ്താപിതമായ പുരാതന കയ്യെഴുത്തുപ്രതികളിൽ നിന്ന് വളരെ വ്യത്യസ്തമായിരിക്കുന്ന അനേക ഭാഗങ്ങൾ "18" അക്കത്തിലുള്ളതായി ചൂണ്ടികാണിപ്പാനുണ്ട്. സ്ഥലദൈർഘ്യത്തെ ഭയന്ന് അവ ഇവിടെ വിട്ടുകളയുന്നു. ഇങ്ങനെയുള്ള ഭാഗങ്ങളിലും മറ്റു ഭാഗങ്ങളെപ്പോലെ അച്ചടിക്കാനോൻ മേൽപ്പറഞ്ഞ പുരാതന ഗ്രന്ഥങ്ങളോട് ശരിയായി യോജിക്കുന്നുണ്ട്. അതിനാൽ ഇവകളിൽ നിന്നെല്ലാം വ്യത്യസ്തമായി ഒറ്റതിരിഞ്ഞു നിൽക്കുന്ന "18" അക്കം കാനോൻ എന്തിനായി നിർമ്മിതമായി എന്നും സത്യകാനോൻ ഏതെന്നും ഇവിടെത്തന്നെ വ്യക്തമല്ലയോ? സത്യത്തെ അനുസരിപ്പാനും അസത്യത്തെ ചെറുക്കുവാനുമുള്ള സന്നദ്ധതയത്രെ ഇനി ആവശ്യം.

## അദ്ധ്യായം 4

# പാത്രിയർക്കാ കല്പനകളുടെ വെളിച്ചത്തിൽ

**3-ാം ഉരകല്ല്:** "മാർ തോമസ് അത്താനാസ്യോസ് തിരുമേനിയുമായുള്ള കേസിനു - തിരുത്തുകാനോൻ ഉണ്ടാക്കിയതിന് - ശേഷവും വട്ടിപ്പണക്കേസിനോടടുത്ത കാലംവരെയുള്ള പാത്രിയർക്കാ കല്പനകളിലും മറ്റും കാണുന്ന കാനോൻ ഉദ്ധരണികൾ ശരിയായ കാനോൻ ഗ്രന്ഥത്തിൽ കാണുമെന്നും, അവ കാണാത്തതു തെറ്റായ കാനോൻ ആണെന്നും ആർക്കും നിസ്സംശയമായി ധൈര്യപ്പെടാം.

1. മേല്പറഞ്ഞ കാലഘട്ടത്തിൽ പാത്രിയർക്കാ സിംഹാസനത്തിങ്കൽ നിന്നും വളരെ ദുർലഭം കൽപനകളേ മലയാളത്തു ലഭിച്ചതായി കാണുന്നുള്ളു. അവയിൽ തന്നെയും കാനോൻ ഉദ്ധരിക്കയോ കാനോൻ സംബന്ധിച്ചു പ്രതിപാദിക്കയോ ചെയ്തിട്ടുള്ളതു രണ്ടോ മൂന്നോ എണ്ണത്തിൽ മാത്രമാണ്. ഒന്ന് മാർ അബ്ദുള്ളാ പാത്രിയർക്കീസ് ബാവാ തിരുമനസ്സുകൊണ്ട് രണ്ടു വർഷക്കാലം ഇവിടെ സഞ്ചരിച്ചതിനിടയിൽ ഇവിടെ കണ്ട പിശകായ നടപടികളെ ശരിപ്പെടുത്തുന്നതിനായി അദ്ദേഹം 1911 കന്നി 12-നു 103-ാം നമ്പരായി അയച്ച സർക്കുലർ കൽപനയാണ്. അതിൽ ഒരു ഭാഗം താഴെ ചേർക്കുന്നു. "എത്ര യോഗ്യനായിരുന്നാലും പൂർണ്ണ പ്രായം തികയാതെ ബാല്യത്തിൽ കത്തനാരുപട്ടം കൊടുക്കരുത്. ഹൂദായയുടെ കാനോൻ 7-ാം അദ്ധ്യായം 5-ാം പോസൂക്കാ "നമ്മുടെ കർത്താവേശു മശിഹായും മുപ്പതു തിരുവയസ്സിനു ശേഷം പ്രസംഗിപ്പാനും അത്ഭുതങ്ങൾ പ്രവർത്തിപ്പാനും തുടങ്ങി" എന്ന കാനോൻ വിധി ഉദ്ധരിച്ച ശേഷം കൽപന തുടരുന്നത് "ഒരു പള്ളിയിൽ പട്ടക്കാർക്ക് അത്യാവശ്യം നേരിട്ടിട്ടു മുപ്പതു വയസ്സു പ്രായമുള്ള ശെമ്മാശന്മാർ ഇല്ലാ എന്നുവരികിൽ 26 വയസ്സിൽ കുറയാത്ത ഒരാൾക്കു അത്യാവശ്യം നിമിത്തം പട്ടം കൊടുപ്പാൻ നാം അനുവദിച്ചിരിക്കുന്നു. ഇതും നിയമപ്രകാരം സമ്മതിക്കുന്നതല്ല. അത്യാവശ്യംകൊണ്ടത്രെ. തക്ക സാക്ഷിയോടും മെത്രാന്മാരുടെ ആലോചനയോടും മാത്രം ചെയ്യേണ്ടതാണ്. നാം നിശ്ചയിച്ചതിനെ വല്ലവരും ലംഘിക്കുന്നതായാൽ പട്ടം കൊടുക്കുന്നവനും ഏൽക്കുന്നവനും മുടക്കപ്പെട്ടവനായിരിക്കണം."

ഇവിടെ നാല് സംഗതികൾ പ്രത്യേകം ശ്രദ്ധേയമാണ്. (1) കാനോൻ വിധി അനുസരിച്ചു കശീശാപട്ടം ഏൽക്കുന്നതിനു മുപ്പതു വയസ്സു പ്രായം കഴിഞ്ഞിരിക്കണം. (2) അത്യാവശ്യഘട്ടങ്ങളിൽ മറ്റു യാതൊരു

നിവർത്തിയും ഇല്ലാതെ വന്നാൽ 26 വയസ്സിൽ കുറയാത്ത ഒരാൾക്കു പട്ടം കൊടുക്കുന്നതിനു പാത്രിയർക്കീസ് ബാവാ തിരുമനസ്സുകൊണ്ട് ഈ കൽപനയാൽ അനുവദിച്ചിരിക്കുന്നു. (3) കാനോൻ വിധി അനുസരിച്ചു അത് (26 വയസ്സ് മാത്രം പൂർത്തിയായിട്ടുള്ള ആൾക്ക് കശ്ശീശാ പട്ടം കൊടുക്കുന്നത്) അനുവദനീയമല്ല. (4) കാനോൻവിധി അനുസരിച്ചു മുപ്പതു വയസ്സ് പ്രായമില്ലാത്ത ആൾക്കു കശ്ശീശാപട്ടം കൊടുക്കുവാൻ നിവർത്തി ഇല്ലാത്തതിനാൽ ആ നിയമത്തിനു അൽപം ലാഘവം വരുത്തി മുപ്പതിൽ കുറഞ്ഞവർക്കു (26 ഉള്ളവർക്കു) അത്യാവശ്യഘട്ടത്തിൽ പട്ടം കൊടുക്കുന്നതു അനുവദനീയം ആക്കുന്നതിനുവേണ്ടിയാണു മേൽപ്രകാരം കൽപന എഴുതിയിരിക്കുന്നത് എന്നിവ ഇവിടെ വ്യക്തമാകുന്നു.

അത്താനാസ്യോസ് മെത്രാച്ചന്റെ ഭാഗത്തുനിന്നു കേസിൽ ഹാജരാക്കിയിരിക്കുന്ന (18 അക്കം) കാനോൻ 7:5-ൽ പ്രസ്തുത കൽപ്പനയിലേ ഉദ്ധരണിയിൽ നിന്നും വ്യത്യസ്തമായിട്ടാണ് കാണുന്നത്. "നമ്മുടെ കർത്താവ് പഠിപ്പിപ്പാൻ തുടങ്ങിയതു മുപ്പതാം വയസ്സിൽ ആകയാൽ മുപ്പതു വയസ്സുകാരനാകുന്നതിനു മുമ്പു കശീശാ പട്ടമേറ്റു കൂടാ. ആവശ്യം നേരിട്ടാൽ സുന്നഹദോസിന്റെ ആലോചനയോടും സമ്മതത്തോടും കൂടെ 25-ാം വയസ്സിൽ ആകാം" എന്നിപ്രകാരമാണ് "18" അക്കത്തിൽ കാണുന്നത്.

18 അക്കത്തിൽ പറയുംപ്രകാരം "ആവശ്യം നേരിട്ടാൽ 25-ാം വയസ്സിൽ ... ആകാം" എന്നു കാനോനിൽ ഉണ്ടായിരുന്നു എങ്കിൽ അത്യാവശ്യം നിമിത്തം 26 വയസ്സിൽ കുറയാത്ത ഒരാൾക്കു പട്ടം കൊടുക്കുന്നതിനു അനുവദിച്ചുകൊണ്ടുള്ള ഒരു കല്പന എഴുതുന്നത് അനാവശ്യവും അസംഭവ്യവും അർത്ഥശൂന്യവുമാണ്. മാത്രമല്ല 25-ാം വയസ്സിൽ ആകാം എന്നു കാനോൻ വിധിയുണ്ടായിരുന്നു എങ്കിൽ 26 വയസ്സിൽ കുറയാത്ത ആളിനു പട്ടം കൊടുപ്പാൻ "നാം അനുവദിക്കുന്നു" എന്നു പറയുകയില്ല എന്നും നേരെമറിച്ച് "കാനോനിൽ അനുവദിച്ചിരിക്കുന്നപ്രകാരം 25-ാം വയസ്സിൽ പാടില്ല, 26 വയസ്സ് പൂർത്തിയായ ശേഷമേ പാടുള്ളു എന്നു നാം അനുശാസിക്കുന്നു" എന്ന് അർത്ഥം വരത്തക്ക വാചകത്തിൽ പറയുമെന്നും 25 വയസ്സിൽ പട്ടം കൊടുപ്പാൻ അനുവദിക്കുന്നതായി കാനോൻ വിധിയിൽ ഉണ്ടായിരുന്നു എങ്കിൽ ആ നിയമത്തിന്റെ ഭാരം കുറച്ചുകൊണ്ട് കല്പന എഴുതുന്നത് 26 വയസ്സിൽ കുറഞ്ഞ ആൾക്ക് പട്ടം കൊടുക്കുന്നതായാൽ "പട്ടം കൊടുക്കുന്നവനും ഏൽക്കുന്നവനും മുടക്കപ്പെട്ടവനായിരിക്കണം" എന്നായിരിക്കയില്ലെന്നും തീർച്ചയാണ്. 18 അക്കം ശരി എങ്കിൽ അത്യാവശ്യം നിമിത്തം 26 വയസ്സുള്ള ആൾക്കു പട്ടം കൊടുപ്പാൻ സമ്മതിക്കുന്നത് കാനോൻപ്രകാരമല്ലാ എന്നു കല്പിക്ക

ഇല്ലായിരുന്നു. ഇവിടെ എ അക്കം (കാതോലിക്കോസ് പക്ഷത്തെ) കാനോനിൽ നിന്നു വള്ളിപുള്ളി വ്യത്യാസം ഇല്ലാതെ അതേ പടിയാണ് പാത്രിയർക്കീസ് ബാവാ തിരുമനസ്സിലെ കല്പനയിൽ ഉദ്ധരിച്ചിരിക്കുന്നത് എന്നുള്ളത് സർവോപരി ശ്രദ്ധേയമായ ഒരു സംഗതിയാണ്. അതിനാൽ "18" അല്ല "എ" അക്കമാണ് പാത്രിയർക്കീസിന്റെ കാനോൻ എന്നു സിദ്ധിക്കുന്നു. മുപ്പതു വയസ്സായതിനു ശേഷമല്ലാതെ കശീശാ പട്ടം നൽകുവാൻ കാനോൻ വിധി അനുവദിക്കാതിരുന്നതിനാൽ, മുപ്പതു വയസ്സിനു താഴെയും പട്ടം കൊടുക്കുന്ന ഇവിടുത്തെ പതിവ് കാനോന്റെ പരിധിയിൽ കൊണ്ടുവരുന്നതിനും എന്നാൽ അതേസമയം തന്നെ അതിനെ നിയന്ത്രിക്കുന്നതിനുംവേണ്ടി "26 വയസ്സിൽ കുറയാത്ത ഒരാൾക്ക് കശീശാ പട്ടം നൽകാം" എന്നനുവദിക്കുന്നതും അതിനു താഴെ വച്ചു പട്ടം കൊടുത്തു കൂടാ എന്നും ആജ്ഞാപിക്കുന്നതും ആയ ഒരു കല്പന എത്രയും ആവശ്യവും യുക്തവുമായിരുന്നു.

18 അക്കം കാനോൻ സ്ഥാപിച്ചു കിട്ടുന്നതിനുവേണ്ടി വ്യവഹാരം നടത്തിക്കൊണ്ടിരിക്കുന്ന തിരുമേനി 20 വയസ്സുള്ള കശ്ശീശാ സ്ഥാനാർത്ഥികളിൽ നിന്ന് ഉടമ്പടി എഴുതി വാങ്ങിക്കുമ്പോൾ 26 വയസ്സ് പൂർത്തിയായി എന്നാണ് രേഖപ്പെടുത്തിക്കുന്നത്. 18 അക്കപ്രകാരം 25-ാം വയസ്സു മതിയാകുമെന്നുള്ളതു ആ വന്ദ്യ തിരുമേനി ഒരുപക്ഷേ അറിഞ്ഞിട്ടില്ലായിരിക്കാം. മാർ അബ്ദുള്ളാ പാത്രിയർക്കീസ് ബാവാ തിരുമനസ്സിലെ കാലത്തു സുറിയാനി സഭയുടെ കാനോൻ "18" അക്കമോ "എ" അക്കമോ ഏതായിരുന്നു എന്നു മേൽ ചേർത്തിരിക്കുന്നവയുടെ വെളിച്ചത്തിൽ വായനക്കാർ വിധിച്ചാലും. മനസാക്ഷിപ്രകാരം നിൽപ്പാൻ തയ്യാറായാലും!

2. കാനോൻ ഉദ്ധരിച്ചുകൊണ്ടുള്ള മറ്റൊരു പാത്രിയർക്കാ കല്പന മാർ യൂലിയോസ് അൽവാറീസ് മെത്രാപ്പോലീത്തായെ മുടക്കുവാൻ മാർ അബ്ദള്ളാ പാത്രിയർക്കീസ് ബാവാ തിരുമേനി 1911 കന്നി 29-നു 136-ാം നമ്പരായി പുറപ്പെടുവിച്ചതും മാർ ഒസ്താത്തിയോസ്, മാർ സേവേറിയോസ് എന്നീ തിരുമേനിമാരും ഇപ്പോഴത്തെ മാർ അത്താനാസിയോസ് തിരുമേനിയും ഒപ്പും മുദ്രയും വച്ച് മലയാളത്തിൽ പ്രസിദ്ധം ചെയ്തിട്ടുള്ളതുമാണ്. ടി കല്പനയിൽ കാനോൻ 7:1-ലെ (ശ്ലീഹന്മാരുടെ) "അതായത് ഇടവകകളുടെ അദ്ധ്യക്ഷന്മാരുടെ സമ്മതത്തോടെ അല്ലാതെ ഒരു എപ്പിസ്കോപ്പാ തന്റെ അതിർത്തിക്കപ്പുറത്ത് പട്ടം കൊടുപ്പാൻ അഹങ്കാരപ്പെടരുത്. അഹങ്കാരമായി പ്രവർത്തിച്ചാൽ അവൻ സ്ഥാനഭ്രംശം ചെയ്യപ്പെടണം" എന്നുള്ള ഭാഗം ഉദ്ധരിക്കയും ടി കാനോനു വിരോധമായി ടി മെത്രാപ്പോലീത്താ പ്രവർത്തിച്ചതായി കുറ്റപ്പെടുത്തുകയും ചെയ്തിരിക്കുന്നു. പാത്രിയർക്കീസ് ബാവായുടെ കല്പനയിലുള്ള ഈ

ഉദ്ധരണി അതേ വിധത്തിൽത്തന്നെ എ അക്കം (കാതോലിക്കാ പക്ഷത്തെ) അച്ചടി കാനോനിൽ കാണുന്നുണ്ട്. എന്നാൽ 18 അക്കം (മെത്രാച്ചൻ ഹാജരാക്കിയ) കാനോനിൽ അതേ വിധത്തിൽ എന്നല്ല ഭേദ ഗതിയോടുകൂടി പോലും കാണുന്നില്ല. ആ ഭാഗം പാടെ എടുത്തുകള ഞ്ഞിരിക്കുന്നു.

3. വീണ്ടും അതേ കല്പനയിൽത്തന്നെ കാനോൻ 7:1 അന്ത്യോഖ്യാ എന്ന തലക്കെട്ടിൽ "ഒരു എപ്പിസ്കോപ്പായ്ക്കു തന്റെ ഇടവക വിട്ടു മറ്റൊരു ഇടവകയിലേക്കു കടപ്പാനും പട്ടം കൊടുപ്പാനും അധികാരമില്ല. ധിക്കാരമായി പ്രവർത്തിച്ചാൽ അവനാൽ ചെയ്യപ്പെടുന്നവ അസാധുവാ ക്കപ്പെടണം" എന്നുള്ള ഭാഗവും ഉദ്ധരിച്ചിരിക്കുന്നു. ഇതും വള്ളിപുള്ളി ഭേദമെന്യേ എ അക്കം കാനോനിൽ ഉണ്ട്. എന്നാൽ മാർ അത്താനാ സ്യോസ് തിരുമേനിയുടെ ഭാഗത്തു നിന്നും ഹാജരാക്കിയിട്ടുള്ള 18 അക്ക ത്തിൽ നിന്ന് ഇതും അൽപം പോലും ശേഷിപ്പിക്കാതെ മുഴുവനായി എടുത്തുകളഞ്ഞിരിക്കുന്നു.

കഴിഞ്ഞ വട്ടിപ്പണക്കേസ്സിൽ ഈ 136-ാം നമ്പർ കല്പന കാണിച്ച് മാർ ഒസ്താത്തിയോസ് തിരുമേനിയെ വിസ്തരിച്ചപ്പോൾ ശരിയായ കാനോനിൽ ഈ ഉദ്ധരണികൾ എല്ലാം ഉണ്ടെന്നും കാനോൻ നോക്കി യാണ് പാത്രിയർക്കീസ് ബാവാ കല്പന എഴുതിയത് എന്നും അവ 18 അക്കത്തിൽ ഇല്ലെന്നും എന്നാൽ എ അക്കത്തിൽ അവ ശരിയായിട്ട് ഉണ്ടെന്നും 1094 മകരം 5-നു മൊഴികൊടുത്തിട്ടുണ്ടെന്നുള്ളതും ഇവിടെ ശ്രദ്ധാർഹമാണ്.

അതിനാൽ അബ്ദള്ളാ ബാവാ തിരുമനസ്സുകൊണ്ട് ഈ കല്പന കൾ എഴുതിയ കാലത്ത് വി. സഭയുടെ കാനോനിൽ ടി ഉദ്ധരണികൾ അടങ്ങിയിരുന്നു എന്നു സ്പഷ്ടമാണ്. ടി ഉദ്ധരണികൾ ഈഷൽ ഭേദ മെന്യേ കാണുന്ന എ അക്കമോ കല്പനയിലെ ടി ഉദ്ധരണികൾ പാടെ വിപാടനം ചെയ്തിരിക്കുന്ന 18 അക്കമോ ഏതാണ് ശരിയെന്ന് അവ തന്നെ സ്വയം പ്രഖ്യാപിക്കുന്നു. ഏതാണ് സത്യകാനോൻ എന്ന് ഇനിയും സംശയമോ?

## അദ്ധ്യായം 5

# ഭിന്നതയ്ക്കു മുമ്പുള്ള പഠനത്തിന്റെ വെളിച്ചത്തിൽ

**4-ാം ഉരകല്ല്:** ഇപ്പോഴത്തെ കക്ഷിഭിന്നത ആരംഭിക്കുന്നതിനു മുമ്പ് പുലിക്കോട്ട് മാർ ദീവന്നാസ്യോസ് തിരുമേനിയും മറ്റും ഏകയോഗമായി സഭ ഭരിച്ചുവരുമ്പോൾ വി. സഭയുടെ ഉപദേശങ്ങൾ, ചട്ടംകെട്ടുകൾ, ആചാരങ്ങൾ, നിയമങ്ങൾ ഇവ പ്രതിപാദിച്ചിട്ടുള്ള പ്രസിദ്ധീകരണങ്ങളിൽ ഉള്ള കാനോൻ മേൽപറഞ്ഞ രണ്ടു കാനോൻ പുസ്തകങ്ങളിൽ ഏതിൽ കാണാതിരിക്കുന്നുവോ അത് തിരുത്തുകാനോനാണെന്നും ഏതിൽ കാണുന്നുവോ അതു തന്നെയാണ് വി. സഭയുടെ കാനോൻ എന്നും സ്പഷ്ടമാണ്.

രണ്ടു കാനോനും തമ്മിൽ വിപുലമായ വ്യത്യാസങ്ങൾ കാണുന്നത് മേൽപട്ടക്കാരുടെയും മറ്റും അധികാരാവകാശങ്ങളെപ്പറ്റി പ്രതിപാദിക്കുന്ന 7-ാം അദ്ധ്യായത്തിലാണ്. അതിനാൽ ഉപദേശാചാരങ്ങൾ സംബന്ധിച്ച പ്രസിദ്ധീകരണങ്ങളിൽ പ്രസ്തുത വ്യത്യാസമുള്ള ഭാഗങ്ങൾ വളരെ ദുർല്ലഭമായിട്ടേ സ്പർശിപ്പാനിടയുള്ളു എന്ന് പറയേണ്ടതില്ലല്ലോ.

1. 1084-ൽ പാമ്പാക്കുട മല്പാനച്ചൻ പ്രസിദ്ധീകരിച്ച ജീവനിക്ഷേപം 93-ാം പേജിൽ, "മെത്രാൻസ്ഥാനം" എന്ന തലക്കെട്ടിൽ വിഭാര്യന്മാരായ പട്ടക്കാർക്ക് മേൽപട്ടസ്ഥാനം കൊടുക്കുന്നത് "നമ്മുടെ സഭയുടെ ചട്ടംകെട്ടുകൾക്കോ കാനോനുകൾക്കോ വിപരീതമല്ല. ... പക്ഷേ വിഭാര്യന്മാരായവർക്ക് മേല്പട്ടസ്ഥാനം കൊടുക്കുമ്പോൾ ... എപ്പിസ്കോപ്പാ എന്നുള്ള പേർ മാത്രം കൊടുക്കുകയാണ് പതിവ്. മെത്രാപ്പോലീത്തന്മാർ ചെയ്യുന്നതുപോലെ പട്ടംകൊടുക്കുക മുതലായ പ്രവൃത്തികൾ എപ്പിസ്കോപ്പന്മാർക്കു നടത്താവുന്നതും എപ്പിസ്കോപ്പാ മെത്രാപ്പോലീത്തായ്ക്ക് കീഴ്പെട്ടിരിക്കേണ്ടതും <u>എപ്പിസ്കോപ്പായെ വാഴിപ്പാൻ മെത്രാപ്പോലീത്തായ്ക്ക് അധികാരമുള്ളതാകുന്നു"</u> എന്നാണ് സഭാനടപടികളും കാനോൻ നിബന്ധനകളും സംബന്ധിച്ച് മലങ്കരയിൽ അദ്വിതീയ ജ്ഞാനമുണ്ടായിരുന്ന മല്പാനച്ചൻ പ്രസ്താവിച്ചിരിക്കുന്നത്.

"എ" അക്കം കാനോൻ 7:1-ൽ (അംകൂറ) "... ജനങ്ങളാൽ സ്വീകരിക്കപ്പെടാത്ത എപ്പിസ്കോപ്പന്മാർ .... <u>തങ്ങളെ വാഴിച്ച റീശെപ്പിസ്കോപ്പായേയോ മറ്റ് എപ്പിസ്കോപ്പന്മാരെയോ</u> ദുഷിക്കയോ മറ്റോ ചെയ്താൽ അവരുടെ കാശീശൂസായുടെ ബഹുമാനംപോലും എടുത്തുകളയണം" എന്ന് പറയുന്നു. അതിനാൽ മല്പാനച്ചന്റെ പ്രസ്താവനയിൽ പറയും

പോലെ റീശെപ്പിസ്കോപ്പാ (മെത്രാപ്പോലീത്താ) യ്ക്ക് ആവശ്യാനുസരണം എപ്പിസ്കോപ്പായെ വാഴിക്കുവാൻ "എ" അക്കം അനുസരിച്ച് അധികാരമുള്ളതായി കാണുന്നു. എന്നാൽ "തങ്ങളെ വാഴിച്ച റീശെപ്പിസ്കോപ്പാ" എന്നതിനുപകരം "18" അക്കത്തിൽ "തങ്ങളെ വാഴിച്ച പാത്രിയർക്കീസ്" എന്നു കാണുന്നു. ഈ ഭേദഗതികൊണ്ട് സ്ഥാപിക്കുന്നത് മേല്പട്ടക്കാരെ വാഴിക്കുന്നതിനുള്ള അധികാരം പാത്രിയർക്കീസിന് മാത്രം ഉള്ളതെന്നത്രെ. ഇത് കാനോൻ പണ്ഡിതനായ മല്പാനച്ചന്റെ 48 വർഷങ്ങൾക്കു മുമ്പുള്ള വിദഗ്ദ്ധ പ്രസ്താവനയ്ക്കും അന്ന് സഭ പഠിപ്പിച്ചുവന്നതിനും കടകവിരുദ്ധമെന്ന് പറയേണ്ടതില്ലല്ലോ.

2. കക്ഷിയുണ്ടായപ്പോൾ പാത്രിയർക്കീസ് പക്ഷ നേതാവായിത്തീർന്ന മല്പാനച്ചൻ മെത്രാപ്പോലീത്തായുടെ അധികാരം സംബന്ധിച്ച് വീണ്ടും ടി ജീവനിക്ഷേപം 111-ാം പുറത്ത് പ്രസ്താവിച്ചിരിക്കുന്നത്: "കോർ എപ്പിസ്കോപ്പാ എന്ന സ്ഥാനംതന്നെ പട്ടക്കാരുടെ മേലുള്ളതാണ്. ... എപ്പിസ്കോപ്പാ ... സ്ഥാനം കോർഎപ്പിസ്കോപ്പായുടെ മേലായി മെത്രാപ്പോലീത്തായുടെ കീഴുള്ളതാകുന്നു. മെത്രാപ്പോലീത്താ എപ്പിസ്കോപ്പായെ ആക്കുകയും നീക്കുകയും ചെയ്വാൻ അധികാരമുള്ളവനാകുന്നു" എന്നാണ്. 1086 കുംഭത്തിലെ ജീവനിക്ഷേപത്തിൽ: ഹബീശക്കാരുടെ "മെത്രാപ്പോലീത്താ എപ്പിസ്കോപ്പന്മാരെ മാത്രം വാഴിക്കണമെന്ന്" കാനോനിൽ പറഞ്ഞിരിക്കുന്നതിന്റെ അർത്ഥം "കത്തനാരുപട്ടവും മറ്റും കൊടുത്തുകൂടെന്നല്ല. അദ്ദേഹം എപ്പിസ്കോപ്പന്മാരെ അല്ലാതെ മെത്രാപ്പോലീത്തന്മാരെ വാഴിച്ചുകൂടെന്നാണ്" എന്ന് കാനോൻ വിദഗ്ദ്ധനായ മല്പാനച്ചൻ പ്രത്യേകം എടുത്തുപറയുന്നു. ഈ പ്രസ്താവനകൾ എല്ലാം "എ" അക്കത്തോട് പൂർണ്ണമായി യോജിക്കുന്നു. എന്നാൽ "കിഴക്ക് അന്ത്യോക്യാ പാത്രിയർക്കീസിനെ ധിക്കരിച്ചോ അദ്ദേഹത്തിന്റെ ഇഷ്ടത്തിനെതിരായോ ഒരു മെത്രാപ്പോലീത്തായെയോ ഒരു എപ്പിസ്കോപ്പായെയോ വാഴിക്കുവാൻ അവകാശമില്ല" എന്നാണ് 18 അക്കം 7:1 (കപ്പർത്തൂത്താ 4) -ൽ പറയുന്നത്. ഒരു എപ്പിസ്കോപ്പായെ ആക്കുവാൻ അധികാരമില്ലെങ്കിൽ നീക്കുവാൻ അധികാരമുണ്ടോ എന്ന പ്രശ്നമേ ഉദിക്കുന്നില്ല. ഒരു കാതോലിക്കായ്ക്കെന്നല്ല ഒരു മെത്രാപ്പോലീത്തായ്ക്കുപോലും ഒരു എപ്പിസ്കോപ്പായെ കാനോനു വിധേയമായി ആക്കാനും നീക്കാനും അധികാരമുണ്ടെന്ന് കാനോൻ വിദഗ്ദ്ധനായ മല്പാനച്ചൻ 42 വർഷങ്ങൾക്കു മുമ്പ് ജീവനിക്ഷേപം വഴി നൽകിയ പഠനത്തിന്റെ വെളിച്ചത്തിൽ 18 അക്കം ഒരു കൃത്രിമ കാനോൻ എന്ന് സുവിദിതമാകുന്നു.

3. റോമാക്കാർ നമ്മിൽ നിന്നും പിരിഞ്ഞ ശേഷം മാർ മാത്യൂസ് അത്താനാസ്യോസ് സ്ഥാനമേറ്റു വരുന്നതുവരെ ഇവിടെ ഏകയോഗമായിരുന്ന

കാലത്തുണ്ടായിരുന്ന സഭാനടപടികൾ മേൽ കണ്ട സത്യത്തെ ബല പ്പെടുത്തുന്നവയാണ്. മാർ ഗ്രീഗോറിയോസും മാർ ഈവാനിയോസും കൂടി 1770-ൽ 6-ാം മാർത്തോമ്മായെ ദീവന്നാസ്യോസ് പ്രഥമനായി വാഴിച്ചു. മാർ ദീവന്നാസ്യോസ് 1796-ൽ ഏഴാം മാർത്തോമ്മായെ വാഴിച്ചു. സ്വതന്ത്രമായ തൊഴിയൂർ ഇടവകയുടെ കിടങ്ങേത്തു മാർ പീലക്സി നോസ് 1815-ൽ മാർ ദീവന്നാസ്യോസ് (സെമിനാരി സ്ഥാപകൻ) രണ്ടാമ നേയും 1817-ൽ മാർ ദീവന്നാസ്യോസ് (പുന്നത്ര) മൂന്നാമനേയും 1825-ൽ മാർ ദീവന്നാസ്യോസ് (ചേപ്പാട്) നാലാമനെയും വാഴിച്ചു. ഇവ ഒന്നും പാത്രിയർക്കീസ് ബാവായുടെ അനുമതിയോ സമ്മതമോ ഒന്നും അന്വേ ഷിച്ചുകൊണ്ടല്ല നടത്തിയത്. ഇവർ എല്ലാവരേയും യാതൊരുവിധ തർക്കവും അഭിപ്രായഭിന്നതയും കൂടാതെ സഭ ആകമാനം ഭക്തിയാദര വോടുകൂടെ മെത്രാപ്പോലീത്തന്മാരായി സ്വീകരിച്ചു പോരുകയും ചെയ്തു. മേല്പട്ട സ്ഥാനലബ്ദിക്ക് പാത്രിയർക്കീസിന്റെ അറിവോ സമ്മതമോ ആവശ്യമായി കരുതിയിരുന്നില്ലെന്ന് ഈ ചരിത്രസത്യങ്ങൾ സാക്ഷി ക്കുന്നു. 1290-ൽ എഴുതി പൂർത്തിയാക്കപ്പെട്ട 153 അക്കം പുരാതന കാനോൻ ഗ്രന്ഥം 17-ാം നൂറ്റാണ്ടു മുതൽ ഇവിടെ ഉണ്ടായിരുന്നു എന്നു ള്ളതും സ്മരണീയമാണ്.

മേൽപട്ടക്കാരെ വാഴിക്കുന്നതു സംബന്ധിച്ചു വിവാദകാനോൻ പുസ്ത കങ്ങൾ ഓരോന്നും എന്തു പറയുന്നു എന്ന് പരിശോധിക്കാം. “എ” അക്കം 7:2 (അന്ത്യോഖ്യാ 19) -ൽ: “സംസ്ഥാന ഇടവകയുടെ സുന്നഹ ദോസ് (പാത്രിയർക്കാ സുന്നഹദോസ് അല്ല) കൂടാതെ എപ്പിസ്കോപ്പാ വാഴിക്കപ്പെടരുത്. ഇടവകയിലെ എല്ലാ വൈദികഗണങ്ങളും ഹാജരാ കുവാൻ എഴുതുകയും എല്ലാവരും വന്നുചേരുകയും വേണം. ഇപ്രകാ രമല്ലാതെ വാഴിക്കപ്പെടുന്നതായാൽ സാധുവാകയില്ല” എന്ന് പറഞ്ഞിരി ക്കുന്നു. എന്നാൽ ഇതേ സ്ഥാനത്ത് 18 അക്കത്തിൽ പറയുന്നത്: “ഒരു മെത്രാപ്പോലീത്തായോ എപ്പിസ്കോപ്പായോ സുന്നഹദോസ് കൂടാതെയും, വേറൊരു മെത്രാപ്പോലീത്തായുടെ സാന്നിദ്ധ്യം കൂടാതെയും സ്ഥാന മേൽക്കരുത്. പാത്രിയർക്കീസ് അവർ ഹാജരാകുവാൻ ക്ഷണക്കത്തു കൾ അയയ്ക്കണം. ഹാജരാകുവാൻ കഴിവില്ലാത്തവർ സമ്മതപത്രമ യയ്ക്കണം” എന്നത്രെ. അതായത്: പാത്രിയർക്കീസ് മെത്രാന്മാരുടെ സുന്നഹദോസ് വിളിച്ചുകൂട്ടി ടി സുന്നഹദോസോടും മറ്റൊരു മെത്രാ പ്പോലീത്തായുടെ (?) സാന്നിദ്ധ്യത്തോടും കൂടി പാത്രിയർക്കീസിൽ നിന്നു മെത്രാപ്പോലീത്തായും എപ്പിസ്കോപ്പായും വാഴ്ച ഏൽക്കണമെന്നു “18” അക്കം അനുശാസിക്കുന്നു. മേൽ കണ്ട ചരിത്രവെളിച്ചത്തിൽ ഈ കാനോൻ വിധികൾ പരിശോധിക്കുമ്പോൾ മലങ്കര സുറിയാനി സഭ അംഗീകരിച്ചും പാലിച്ചും വന്ന കാനോൻ ഏതെന്ന് വായനക്കാർക്ക് വ്യക്തമായിരിക്കുമല്ലോ. സത്യകാനോന്റെ പിൻചെല്ലുവാൻ തയ്യാറുണ്ടോ?

## അദ്ധ്യായം 6

# വാദപ്രതിവാദങ്ങളുടെ വെളിച്ചത്തിൽ

**5-ാം ഉരകല്ല്:** ഇപ്പോഴത്തെ ഭിന്നതയുടെ ആരംഭകാലത്ത് (തിരുത്തുകാനോന്റെ യൗവ്വനകാലത്ത്, അതുണ്ടായിട്ടു മുപ്പത് വർഷത്തോളം മാത്രമായിരിക്കുമ്പോൾ) ഇരുഭാഗക്കാരും തങ്ങളുടെ വാദം സ്ഥാപിക്കുന്നതിനും മറുഭാഗത്തിന്റേത് ഖണ്ഡിക്കുന്നതിനും ഉപയോഗിച്ചിട്ടുള്ളതും, എന്നാൽ അവകളുടെ നിജത്തെ യാതൊരുവിധത്തിലും ചോദ്യം ചെയ്യാതെ വ്യത്യസ്ത വ്യാഖ്യാനം മാത്രം നൽകി തങ്ങൾക്ക് അനുകൂല തെളിവാക്കി കാണിപ്പാൻ ശ്രമിക്കയും അങ്ങനെ ഇരുകൂട്ടരും സത്യമെന്നു സമ്മതിക്കുകയും ചെയ്തിട്ടുള്ള കാനോൻ ഭാഗങ്ങൾ ഏതിൽ കാണുന്നുവോ അത് സത്യകാനോൻ ആണെന്നും ഏതിൽ കാണാതിരിക്കുന്നുവോ അത് തിരുത്തുകാനോനാണെന്നും നിശ്ചയമാണ്.

ഭിന്നതയുടെ ബീജങ്ങൾ 1909-നു മുമ്പുതന്നെ ഉത്ഭവിക്കുവാൻ തുടങ്ങിയെങ്കിലും ചേരിതിരിഞ്ഞുള്ള പ്രചരണങ്ങൾ പ്രത്യക്ഷപ്പെട്ടത് 1910 മുതൽ ആണ്. ഇവിടെ പരിശോധിക്കുന്ന കാനോൻ ഉദ്ധരണികൾ എല്ലാം തന്നെ ടി കാലഘട്ടത്തിൽ, കാനോൻ സംബന്ധിച്ച് അനിതരസാധാരണമായ ജ്ഞാനം ഉണ്ടായിരുന്ന കോനാട്ട് മല്പാനച്ചനവർകൾ സ്വന്തം പ്രസ്സിൽ അച്ചടിച്ച് "ജീവനിക്ഷേപം" വഴിയായും ലഘുലേഖകൾ വഴിയായും പ്രസിദ്ധീകരിച്ചിട്ടുള്ളവയാണ്.

1. 1911 മാർച്ചിലെ ജീവനിക്ഷേപത്തിലെ മുഖപ്രസംഗത്തിൽ ബ. മല്പാനച്ചൻ പറയുന്നത്: "പാത്രിയർക്കീസെന്നു വച്ചാൽ സാരമില്ലെന്നും, പാത്രിയർക്കീസ് ചെയ്തുവരുന്ന മൂറോൻ കൂദാശ, മേല്പട്ടസ്ഥാനം കൊടുക്കുക, മുതലായവകൾ വേറെ ചിലർക്കു നടത്തുവാൻ അധികാരമുണ്ടെന്നും ഇപ്പോൾ ചില ആളുകൾ വാദിച്ചുവരുന്നുണ്ടല്ലോ. അതിലേക്ക് അവർ കൊണ്ടുവരുന്ന ഒരു സാക്ഷി കാനോൻ 3-ാം കെപ്പാലയോൻ 1-ാം പാസോക്കായുടെ അവസാനഭാഗത്ത് പാത്രിയർക്കീസിനും കാതോലിക്കായ്ക്കും മെത്രാപ്പോലീത്തായ്ക്കും മാത്രമേ മൂറോൻ കൂദാശ ചെയ്യുവാൻ അധികാരമുള്ളു എന്നു പറഞ്ഞിട്ടുള്ള ഒരു വാചകമാണ്" എന്നാകുന്നു. ഇതേപ്പറ്റി അദ്ദേഹം രണ്ടു പേജോളം ഉപന്യസിച്ചശേഷം: "ആ വാചകത്തിന്റെ അർത്ഥം, പാത്രിയർക്കീസിനും അവിടുന്ന് അനുവദിച്ചാൽ കാതോലിക്കായ്ക്കും മാത്രമേ മൂറോൻ കൂദാശയ്ക്ക് അധികാരമുള്ളു എന്നാണ്" (പുറം 81-83) എന്ന് അദ്ദേഹം പറയുന്നു. ഇവിടെ ഒരു സംഗതി പ്രത്യേകം ശ്രദ്ധേയമാണ്. കാനോനിലുള്ള ടി വാചകത്തിന്റെ നിജത്തെപ്പറ്റി യാതൊരു തർക്കവുമില്ല. മെത്രാപ്പോലീത്തായ്ക്കും മൂറോൻ

കൂദാശ ചെയ്യുന്നതിന് അധികാരമുള്ളതായി കാനോൻ 3:1–ൽ പറഞ്ഞിട്ടുള്ളത് അദ്ദേഹം തന്നെയാണ് എടുത്ത് ഉദ്ധരിച്ചിരിക്കുന്നത്. അങ്ങനെ പറഞ്ഞിട്ടുണ്ടെന്നുള്ളതിനെപ്പറ്റി യാതൊരു തർക്കവുമില്ല. അതിന്റെ അർത്ഥത്തെ അഥവാ വ്യാഖ്യാനത്തെപ്പറ്റി മാത്രമാണ് അഭിപ്രായ വ്യത്യാസമുള്ളത്. കാനോനിലെ വാചകത്തെ നിഷേധിക്കുന്നില്ല.

പതിനെട്ടക്കം കാനോനിൽ മല്പാനച്ചന്റെ ഉദ്ധരണിയിൽ കാണുന്നപോലെ “മെത്രാപ്പോലീത്തായ്ക്കും” മൂറോൻ കൂദാശ ചെയ്യുന്നതിന് അധികാരമുണ്ട് എന്നുള്ള ഭാഗം ഇല്ല. അത് വിട്ടുകളഞ്ഞിരിക്കുന്നു. എന്നാൽ കാതോലിക്കോസ് കക്ഷിയുടെ (എ അക്കം) കാനോനിൽ മല്പാനച്ചന്റെ ഉദ്ധരണി അതേപടി വള്ളിപുള്ളി വ്യത്യാസമില്ലാതെ കാണുന്നുണ്ട്. ഈ ഉദ്ധരണി “18”–ൽ ഇല്ലാത്തതെന്ത്?

2. ജീവനിക്ഷേപത്തിലെ ടി മുഖപ്രസംഗത്തിൽ തന്നെ കാനോൻ 7:2–ൽ “അങ്ങിനെതന്നെ അവനും (എപ്പിസ്കോപ്പന്മാരുടെ തലവൻ) അവരുടെയും (എപ്പിസ്കോപ്പന്മാരുടെ) ഇഷ്ടം കൂടാതെ വല്ലതും ചെയ്യരുത്” എന്നു പറഞ്ഞിരിക്കുന്ന ഭാഗം ഉദ്ധരിച്ചുകൊണ്ട് മല്പാനച്ചൻ വിമർശിക്കുന്നത്: “അവരുടെ ഇഷ്ടം കൂടാതെ അവനും ഒന്നും ചെയ്യരുതെന്ന് പറഞ്ഞിട്ടുള്ള വാചകത്തെ എടുത്തുപിടിച്ചുകൊണ്ട് ചാടുന്ന ചാട്ടം കണ്ടാൽ പാത്രിയർക്കീസിനെ വിലങ്ങുവെക്കാൻ തന്നെയും അധികാരം കിട്ടിപ്പോയി എന്നുള്ള ഭാവം കടുകട്ടി തന്നെ” എന്നാണ്. ഇവിടെയും കാനോനിലുള്ള വാചകം ശരി എന്നു സമ്മതിച്ചുകൊണ്ടു അർത്ഥവ്യാപ്തിയെ അഥവാ അതിന്റെ വ്യാഖ്യാനത്തെപ്പറ്റി മാത്രമാണ് അഭിപ്രായവ്യത്യാസം പ്രദർശിപ്പിക്കുന്നത്. കാനോനിൽ നിന്നു മല്പാനച്ചൻ 1911–ൽ ഉദ്ധരിച്ചിരിക്കുന്ന ഈ വാചകവും “18” അക്കത്തിൽ കാണുന്നില്ല. എന്നാൽ “എ” അക്കത്തിൽ ഈഷൽ ഭേദമെന്യേ അതേപടി കാണുന്നുണ്ട്. സത്യകാനോൻ ഏത്?

3. “... മെത്രാൻസ്ഥാനം കൊടുപ്പാനുള്ള അധികാരം ഇവിടെ ഉണ്ടെന്നോ ഇങ്ങോട്ടു കിട്ടണമെന്നോ ചില മെത്രാന്മാർ ഇപ്പോൾ വാദിക്കുന്നത് ... പാത്രിയർക്കീസായി വാഴണമെന്നുള്ള നിഗളവും അല്ലാതെ എന്ത്? ഈ ഉദ്ദേശം സാധിപ്പാൻ ഇപ്പോൾ ഒരു കുപ്രോസ് ദ്വീപിനെയാണ് എടുത്തുകൊണ്ടുവരുന്നത്” (1086 കുംഭം ജീവനിക്ഷേപം, പുറം 88) എന്നു പറഞ്ഞുകൊണ്ടു കാനോൻ 7:1–ൽ നിന്ന് ഇങ്ങനെ മല്പാനച്ചൻ ഉദ്ധരിക്കുന്നു: “കുപ്രോസ് ദ്വീപിലെ റീശെപ്പിസ്കോപ്പാ വർഷകാലത്ത് സമുദ്രത്തിലെ ഓളങ്ങൾ ശക്തിപ്പെട്ടിരിക്കുമ്പോൾ മരിച്ചുപോയാൽ ആ ദ്വീപിലെ എപ്പിസ്കോപ്പന്മാർ എല്ലാവരും കൂടി അവരുടെ മെത്രാപ്പോലീത്തായെ അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ അനുവാദത്തോടുകൂടി

നിയമിക്കണം. ഇടവകകൾ നാഥനില്ലാതെ കിടന്നുപോകാതിരിപ്പാൻ വേണ്ടി പാത്രിയർക്കീസ് അവരെ തടുക്കരുത്.” ഈ ഉദ്ധരണിയിൽ നിന്നും തെളിയുന്നതായി അദ്ദേഹം തന്നെ പറയുന്നത്. “... പാത്രിയർക്കീസിന്റെ അനുവാദത്തോടെ വേണമെന്നാണ്. ... അനുവദിക്കുന്നതും തടുക്കുന്നതും പാത്രിയർക്കീസിന്റെ ഇഷ്ടവും തടുത്താൽ നിൽക്കേണ്ടതും ആണെങ്കിലും ദുർഘടകാലത്ത് തടുക്കരുത് എന്നു മാത്രമേ പറയുന്നുള്ളു. ...

ആകയാൽ ഈ കുറുന്തോട്ടി മരത്തിൽ കയറി രക്ഷപെടാമെന്നു വിചാരിക്കുന്നത് കഷ്ടം തന്നെ എന്നും അത്രെ (88, 89 പുറങ്ങൾ). മല്പാനച്ചന്റെ കാനോൻ ഉദ്ധരണി അപ്രകാരം 18 അക്കത്തിൽ കാണുന്നില്ല. “ഇടവകകൾ നാഥനില്ലാതെ കിടന്നു പോകാതിരിപ്പാൻ വേണ്ടി ...” എന്നുള്ളതിന്റെ സ്ഥാനത്ത് അങ്ങനെതന്നെ ഇന്ത്യയിലെ ആളുകൾക്കും അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ അനുവാദത്തോടുകൂടി പ്രവർത്തിച്ചു കൊള്ളണം. അനേകം ഇടവകകൾക്ക് വൈധവ്യം ഭാവിക്കാതിരിക്കുവാൻവേണ്ടി പാത്രിയർക്കീസ് അവരെ തടയുകയുമരുത്” എന്നാണ് 18 അക്കത്തിൽ കാണുന്നത്. എന്നാൽ എ അക്കത്തിൽ, 1086-ൽ മല്പാനച്ചൻ ഉദ്ധരിച്ച ഭാഗം യാതൊരു വ്യത്യാസവും കൂടാതെ അതേവിധത്തിൽ തന്നെ കാണുന്നുണ്ട്.

4. മൂന്നാം ഖണ്ഡികയിൽ ഒരു സംഗതി കൂടെ ശ്രദ്ധേയമാണ്. മെത്രാന്മാരെ വാഴിക്കുന്നത് പാത്രിയർക്കീസിന്റെ പ്രത്യേക അധികാരപരിധിയിൽപ്പെട്ട സംഗതിയാണെന്നും, അദ്ദേഹത്തിന്റെ പ്രത്യേക അനുമതി കൂടാതെ വാഴിച്ചു കൂടെന്നുമാണ് മല്പാനച്ചന്റെ വാദം. അദ്ദേഹത്തിന്റെ ഈ വാദത്തെ ശക്തിയായി സമർത്ഥിക്കുന്നതും എന്നാൽ അദ്ദേഹത്തിന്റെ ഉദ്ധരണിയിൽ ഇല്ലാത്തതുമായ ഒരു വാചകമാണ് “18” അക്കത്തിൽ നിന്നെടുത്ത് വരയിട്ട് മുകളിൽ ചേർത്തിരിക്കുന്നത്. പ്രസ്തുത വാചകം അദ്ദേഹം ഉദ്ധരിച്ച ഭാഗത്തിന്റെ നടുവിലായിട്ടാണ് “18” അക്കത്തിൽ കാണുന്നത്. ക്രി. 1911-ക്ക് 1186-ൽ ടി വാചകം വി. സഭയുടെ കാനോനിൽ ഉണ്ടായിരുന്നെങ്കിൽ തന്റെ വാദം സ്ഥാപിക്കുന്നതിനായി കാനോൻ ഉദ്ധരിച്ച മല്പാനച്ചൻ തന്റെ വാദത്തെ സഹായിക്ക മാത്രമല്ല, ആ വാദത്തെ ഒരു വിധിയായിത്തന്നെ പ്രഖ്യാപിച്ചിരിക്കുന്ന കാനോൻ വാചകം അദ്ദേഹത്തിന്റെ ഉദ്ധരണിയുടെ ഉള്ളിൽ നിന്ന് എടുത്തുകളയുക ഇല്ലായിരുന്നു എന്നുള്ളത് കേവലം ഒരു അനിഷേധ്യ യാഥാർത്ഥ്യം മാത്രമാണ്.

മാത്രമല്ല, മലയാളദേശം ഉൾപ്പെട്ട ഇന്ത്യായിൽ പാത്രിയർക്കീസിന്റെ ആജ്ഞയനുസരിച്ചു പ്രവർത്തിക്കണം എന്ന് സ്ഥാപിപ്പാൻ ഒറ്റ കാനോൻ

വിധിയെങ്കിലും എടുത്തു കാണിപ്പാൻ കാനോൻ വിദഗ്ദ്ധനായ മല്പാനച്ചന് കഴിഞ്ഞില്ല എന്നുള്ളതും ശ്രദ്ധേയമാണ്. 18 അക്കം 7-ാം അദ്ധ്യായം ആദ്യ പോസൂക്കായിൽ തന്നെ "ഇന്ത്യയിലെ ആളുകൾക്ക് ... പാത്രിയർക്കീസോ അദ്ദേഹത്തിന്റെ അധികാരത്തിന് കീഴ്പ്പെട്ടിരിക്കുന്ന കിഴക്കിന്റെ കാതോലിക്കായോ അവർക്കുവേണ്ടി മെത്രാപ്പോലീത്തായെ വാഴിക്കണം" എന്നും "കിഴക്ക് അന്ത്യോഖ്യാ പാത്രിയർക്കീസിനെ ധിക്കരിച്ചോ അദ്ദേഹത്തിന്റെ ഇഷ്ടത്തിനെതിരായോ ഒരു മപ്രിയാനായേയോ ഒരു മെത്രാപ്പോലീത്തായേയോ ഒരു എപ്പിസ്കോപ്പായേയോ വാഴിപ്പാൻ അവകാശമില്ല" എന്നും പറഞ്ഞു കാണുന്നു. 18 അക്കത്തിലുള്ള ഈ വാചകങ്ങൾ മല്പാനച്ചന്റെ വാദമുഖങ്ങളെല്ലാം സംശയരഹിതമാംവണ്ണം സ്ഥാപിക്കുന്നതാകയാൽ ഇവ കാനോനിൽ ഉണ്ടായിരുന്നു എങ്കിൽ ടി അദ്ധ്യായത്തിൽ നിന്നുതന്നെ ഇരുപതിൽപരം ഉദ്ധരണികൾ എടുത്ത് വാദങ്ങൾ സ്ഥാപിപ്പാൻ യത്നിച്ച മല്പാനച്ചൻ ഇവ ഉദ്ധരിക്കാതെ വിട്ടുകളയുകയില്ലായിരുന്നു എന്ന് സ്പഷ്ടമാണ്. ഇതിൽനിന്നും അന്നത്തെ - (1086 ക്രി. 1911) -ലെ കാനോൻ 18 അക്കമല്ല എ അക്കമായിരുന്നു എന്നു അവിതർക്കിതമായി സിദ്ധിക്കുന്നു.

5. 1910 കുംഭം 5-നു "സൂക്ഷ്മഗ്രാഹി" എന്ന പേരിൽ മല്പാനച്ചൻ അദ്ദേഹത്തിന്റെ പ്രസ്സിൽ നിന്ന് അച്ചടിപ്പിച്ച് പ്രസിദ്ധം ചെയ്ത ലഘുലേഖ 12-ാം പുറത്തു പറയുന്നത് "കുപ്രോസ് ദ്വീപിലെ എല്ലാ മെത്രാന്മാരും കൂടി ഒരു മെത്രാനെ (മെത്രാപ്പോലീത്തായെ ആണ്) വാഴിക്കുന്നതിന് അനുവാദം കൊടുപ്പാൻ പാത്രിയർക്കീസിന് അധികാരമുണ്ട് എന്നാണ് ഹൂദായ കാനോൻ 7:1. നാലിൽ പറയുന്നത്" എന്നു പ്രസ്താവിച്ചുകൊണ്ട് മല്പാനച്ചൻ സമർത്ഥിക്കുന്നത് ... ഈ അധികാരപ്രകാരമാണ് (ഇവിടെ) അൽവാറീസ് മുതലായ മെത്രാപ്പോലീത്തന്മാരെ വാഴിക്കുന്നതിന് അനുവദിച്ചത് എന്നാണ്. കുപ്രോസ് ദ്വീപുകാർക്ക് അനുവാദത്തോടെ പ്രവർത്തിക്കണമെന്നു പറയുന്ന അതേ നിറുത്തൽ തന്നെ "ഇന്ത്യയിലെ ആളുകൾക്കും അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ അനുവാദത്തോടുകൂടെ പ്രവർത്തിച്ചുകൊള്ളണം" എന്ന് 18 അക്കത്തിലുണ്ട്. ഇങ്ങനെ കാനോനിൽ ഉണ്ടായിരുന്നെങ്കിൽ അതെടുത്ത് പറയാതെ "കുപ്രോസ് ദ്വീപിൽ അനുവദിക്കുന്നതിനുള്ള" ഈ അധികാരപ്രകാരമാണ് (ഇവിടെ ഇന്ത്യയിൽ) അൽവാറീസ് മുതലായ മെത്രാന്മാരെ വാഴിക്കുന്നതിന് അനുവദിച്ചത് എന്ന് സുബോധം അൽപ്പമെങ്കിലും ശേഷിച്ചിട്ടുള്ള ഒരാൾ പ്രസ്താവിക്കയില്ല എന്നുള്ളതും അവിതർക്കിതമാണ്.

6. 1912-ൽ മല്പാനച്ചൻ സ്വന്ത പ്രസ്സിൽ അച്ചടിച്ചു പ്രസിദ്ധം ചെയ്ത "മുടക്കു സാധുവോ അസാധുവോ" എന്ന പുസ്തകത്തിലെ കാനോൻ ഉദ്ധരണികൾ സ്ഥലദൗർലഭ്യത്താൽ സംക്ഷിപ്തമായി മാത്രം വിവരി

ക്കുന്നു. (a) 28-ാം പേജിൽ കാനോൻ 7:1. “മപ്രിയാനായാൽ ഛേദിക്കപ്പെടുന്ന എപ്പിസ്കോപ്പാ പാത്രിയർക്കീസിനാലും ഛേദിക്കപ്പെട്ടവനായിരിക്കണം” എന്ന് ഉദ്ധരിച്ചിരിക്കുന്നു. ഇത് അതേവിധം തന്നെ എ അക്കത്തിലും കാണുന്നു. എന്നാൽ 18 അക്കത്തിൽ എപ്പിസ്കോപ്പാ എന്നതിന്റെ സ്ഥാനത്ത് “മെത്രാപ്പോലീത്താ” എന്നത്രേ. (b) 30-ാം പേജിൽ കാനോൻ 7:3. (ലവോദിഖ്യായുടെ) “പട്ടത്വത്തിലേക്ക് വരുവാനിരിക്കുന്നവരെ തിരഞ്ഞെടുക്കുവാൻ ജനങ്ങൾക്ക് അനുവാദമില്ല” എന്നുള്ള ഭാഗവും (ഹൂദോയോ) “ഈ സ്ഥിതിക്കു മേൽപട്ടസ്ഥാനത്തേക്ക് ആളുകളെ തെരഞ്ഞെടുക്കുവാൻ ജനങ്ങൾക്ക് ഒരിക്കലും ന്യായമില്ല” എന്നുള്ളതും ഉദ്ധരിച്ചിരിക്കുന്നു. അവ ഇതേവിധത്തിൽ തന്നെ എ അക്കത്തിലും ഉണ്ട്. എന്നാൽ 18 അക്കത്തിൽ “ഈ സ്ഥിതിക്ക് ... ന്യായമില്ല” എന്ന ഹൂദോയോ കാണുന്നില്ല. അത് പാടെ എടുത്തുകളഞ്ഞിരിക്കുന്നു. (c) 32-ാം പേജിൽ രാജകല്പന മൂലം ഒരിടവകയെ ഭാഗിച്ച് രണ്ടു മെത്രാന്മാർ ഭരിക്കത്തക്കവണ്ണം ആക്കിത്തീർക്കരുത്. ... അതിനുദ്യമിക്കുന്നവൻ തന്റെ സ്ഥാനത്തുനിന്നും തള്ളപ്പെടണം” എന്നുള്ള കാനോൻ 7:1. (കൽക്കിദൂനായുടെ) ഉദ്ധരിച്ചിരിക്കുന്നു. ഇതും എ അക്കത്തിൽ ഇതേവിധം തന്നെ കാണുന്നു. 18-ൽ ഇല്ല. അതിൽ പാടേ വിട്ടുകളഞ്ഞിരിക്കുന്നു. സത്യകാനോൻ ഏതെന്ന് വായനക്കാർ വിധിച്ചുകൊള്ളുക. യഹൂദർ സത്യത്തിൽ പ്രഭുവിനെ അറിയാതെ ക്രൂശിച്ചു. നാം സത്യത്തെ അതായത് ദൈവത്തെ അറിഞ്ഞുകൊണ്ട് ക്രൂശിപ്പാൻ ഇടയാകാതിരിക്കട്ടെ.

## അദ്ധ്യായം 7

# മല്പാനച്ചന്റെ കാനോൻ പരിഭാഷയുടെ വെളിച്ചത്തിൽ

**6-ാം ഉരകല്ല്:** ഭിന്നതയ്ക്ക് മുമ്പ് - 1907-ൽ - മാർ ജോസഫ് ദീവന്നാസ്യോസ് മലങ്കര മെത്രാപ്പോലീത്തായായി വാഴുമ്പോൾ, സുദീർഘമായ കാനോൻ ഗ്രന്ഥം കുറെ ഭാഗം, കാനോൻ പണ്ഡിതനും പാത്രിയർക്കീസ് പക്ഷനേതാവുമായിരുന്ന മലങ്കര മല്പാൻ, ബ. കോനാട്ടച്ചൻ തർജ്ജമ ചെയ്ത് പ്രസിദ്ധം ചെയ്തിട്ടുണ്ട്. അതിനോട് യോജിക്കുന്നത് ഏതോ അതാണ് നിജമായ കാനോൻ എന്നും വിയോജിക്കുന്നത് ഏതോ അതാണ് വ്യാജകാനോൻ എന്നും വ്യക്തമാണ്.

കാനോൻഗ്രന്ഥം ബ. മല്പാനച്ചൻ ദൈവതിരുനാമത്തിൽ പരിഭാഷപ്പെടുത്തി സ്വന്ത പ്രസ്സിൽ അച്ചടിച്ചു പ്രസിദ്ധീകരിച്ചപ്പോൾ ഇവിടെ ഭിന്നത ആരംഭിച്ചിരുന്നില്ലെന്ന് മാത്രമല്ല ഭിന്നകക്ഷികൾ തങ്ങളുടെ മെത്രാപ്പോലീത്തന്മാരായി സ്വീകരിച്ച മാർ ദീവന്നാസ്യോസ്, മാർ കൂറിലോസ് എന്നീ തിരുമേനിമാർ മെത്രാൻ സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ടിരുന്നുപോലുമില്ല. ഈ കാനോൻ പരിഭാഷയുടെ പ്രസിദ്ധീകരണശേഷമാണ് യാതൊരു ഭിന്നതയുമില്ലാതെ അവരെ ഏകയോഗക്ഷേമമായി തിരഞ്ഞെടുത്തത്. നാല്പത് അദ്ധ്യായങ്ങൾ ഉള്ള കാനോൻ ഗ്രന്ഥത്തിൽ, പള്ളിവരുമാനങ്ങൾ മാമൂദീസാ, മൂറോൻ ഇവ സംബന്ധിച്ചുള്ള ഒന്നും, രണ്ടും, മൂന്നും അദ്ധ്യായങ്ങളുടെ പദാനുപദ തർജ്ജമയും, സ്ത്രീധനം, മരണപത്രം, അവകാശക്രമം ഇവ സംബന്ധിച്ചുള്ള 8, 9, 10 എന്നീ അദ്ധ്യായങ്ങളിൽ ആവശ്യമെന്ന് തോന്നിയ ചില ഭാഗങ്ങളുടെ സ്വതന്ത്ര തർജ്ജമയുമാണ് മലയാളത്തിൽ പ്രസിദ്ധീകരിച്ചിട്ടുള്ളത്. 18 അക്കം ഈ മലയാള പ്രസിദ്ധീകരണത്തിൽ നിന്നും എട്ടിൽപരം സ്ഥാനങ്ങളിൽ വ്യത്യസ്തമായി കാണപ്പെടുന്നു.

1. കാനോൻ 1:3-ൽ (ശ്ലീഹന്മാരുടെ) എന്ന ശീർഷകത്തിൽ "റിശീസായെല്ലാം എപ്പിസ്കോപ്പന്മാർക്കും കശ്ശീശന്മാർക്കും മ്ശംശോനോന്മാർക്കും അവരുടെ ഭക്ഷണത്തിനായി കൊണ്ടുവരപ്പെടണം" എന്നുള്ളത് അതേവിധത്തിൽ 6-ാം പേജിൽ പറഞ്ഞിരിക്കുന്നതിനാൽ റിശീസാ ഇനത്തിലുള്ള വരുമാനം അതത് എപ്പിസ്കോപ്പായുടെ ഭരണാതിർത്തിക്കകത്തുള്ള വൈദികരുടെ ആവശ്യങ്ങൾക്കായി വിനിയോഗിക്കേണ്ടതാണെന്നല്ലാതെ അതിനു വെളിക്കുള്ള ഒരുവനും അതിന്മേൽ യാതൊരു അവകാശവും ഇല്ലെന്നു കാണുന്നു. "എ" അക്കം കാനോനിലും മല്പാ

നച്ചന്റെ മലയാള പരിഭാഷയിലെപ്പോലെ തന്നെ പറഞ്ഞിരിക്കുന്നു. യാതൊരു വ്യത്യാസവും കാണുന്നില്ല. എന്നാൽ "18" അക്കത്തിൽ വളരെ വ്യത്യാസമായിട്ടാണ് പറഞ്ഞിട്ടുള്ളത്. അതിൽ പറയുന്നത് റിശീസാ പാത്രിയർക്കീസിനായി കൊണ്ടുവരപ്പെടണമെന്നാണ്.

ഇവിടെ രണ്ടു സംഗതികൾ കൂടെ ഓർക്കേണ്ടതായുണ്ട്. റിശീസാ പാത്രിയർക്കീസിനായി കൊണ്ടുവരപ്പെടണമെന്ന് 18 അക്കത്തിൽ പറയുന്നത് "ശ്ലീഹന്മാരുടെ" എന്ന തലക്കെട്ടിലാണ്. ശ്ലീഹന്മാരുടെ കാനോനിൽ 85 നിയമങ്ങൾ ഉള്ളതിൽ ഇപ്രകാരം ഒരു വാചകമോ ആശയമോ എന്നല്ല "പാത്രിയർക്കീസ്" എന്നൊരു പദമേ ഇല്ല. സുറിയാനി സഭാനാവായ ഇടവകപത്രിക തന്നെയും 1907-ൽ പറയുന്നത്: "നാം മനസ്സോടെ കൊടുക്കുന്നത് സ്വീകരിക്കാമെന്നല്ലാതെ നമ്മുടെ മുതൽ കാര്യങ്ങളിന്മേൽ പാത്രിയർക്കീസ് ബാവായ്ക്ക് അധികാരമില്ല. റിശീസായെന്നൊരവകാശം നാം പൂർവ്വാചാരപ്രകാരം (കാനോൻ ആവശ്യപ്പെട്ടിട്ടല്ല) അന്ത്യോഖ്യായ്ക്ക് കൊടുത്തുവരുന്നുണ്ട്" എന്നാണ്.

2. മലയാള പരിഭാഷയിലും കാനോൻ ഒന്നാം കെപ്പാലയോൻ രണ്ടാം പോസൂക്കാ ഏഴും എട്ടും ഖണ്ഡികകളും (പേജ് 5) മൂന്നാം പോസൂക്കാ 7-ാം ഖണ്ഡികയും (പേജ് 7) നാലാം പോസൂക്കാ ഒന്നും രണ്ടും മൂന്നും ഖണ്ഡികകളും (പേജ് 8) "കൽക്കിദൂനായുടെ" എന്ന തലക്കെട്ടുകളിലാണ് പറഞ്ഞിരിക്കുന്നത്. "എ" അക്കത്തിലും അവകൾ ഇതേവിധം തന്നെ "കൽക്കിദൂനായുടെ" എന്ന തലക്കെട്ടുകളിലാണ് പറഞ്ഞിരിക്കുന്നത്. എന്നാൽ മലയാള കാനോൻ പ്രസിദ്ധം ചെയ്തു ഒമ്പതു വർഷങ്ങൾക്കുശേഷം 1916-ൽ വട്ടിപ്പണക്കേസിൽ മാർ കൂറിലോസ് മെത്രാച്ചന്റെ കക്ഷി ഹാജരാക്കിയ "18" അക്കത്തിൽ മേൽപറഞ്ഞ ആറു സ്ഥാനങ്ങളിലും "കൽക്കിദൂനായുടെ" എന്ന തലക്കെട്ടുകൾ ചുരണ്ടികളഞ്ഞിട്ടു തൽസ്ഥാനത്ത് "ലവോദിഖ്യായുടെ" എന്ന് എഴുതി ചേർത്തിരിക്കുന്നു. 18 അക്കത്തിൽ "ലവോദിഖ്യായുടെ" കാനോനായി പറഞ്ഞിട്ടുള്ള ടി ആറു നിശ്ചയങ്ങൾ ലവോദിഖ്യായുടെ കാനോനാകളിൽ ഇല്ലെന്നുള്ളതും പ്രത്യുത അവ മലയാള പരിഭാഷയിലും "എ" അക്കത്തിലും പറയുന്ന പ്രകാരം തന്നെ കൽക്കിദൂനായുടെ കാനോനാകളിൽ ഉണ്ടെന്നുള്ളതും പ്രസ്താവ്യവും ആർക്കും പരിശോധിച്ചറിയാവുന്നതും ആണ്.

3. കാനോന്റെ മലയാള പരിഭാഷ 3:1-ൽ പലരും പല സന്ദർഭങ്ങളിൽ മൂറോൻ കൂദാശ ചെയ്ത വിവരങ്ങൾ ഉദ്ധരിച്ചു പറഞ്ഞശേഷം ഒടുവിൽ "ഹൂദോയോ" എന്ന തലക്കെട്ടിൽ പറയുന്നത്; "ഇവകളാൽ പാത്രിയർക്കീസിനും കാതോലിക്കായ്ക്കും മെത്രാപ്പോലീത്തായ്ക്കും മാത്രമേ മൂറോൻ കൂദാശ ചെയ്യാൻ അധികാരമുള്ളു എന്നു വെളിവായിരിക്കുന്നു"

എന്നാണ്. ഇതു വള്ളിപുള്ളി വ്യത്യാസം ഇല്ലാതെ ഇതേവിധം തന്നെയാണ് എ അക്കത്തിലും കാണുന്നത്. ഇതേവിധം തന്നെയാണ് പാത്രിയർക്കീസുപക്ഷത്തു നിന്നും പല വാദപ്രതിവാദങ്ങളിലും ഈ ഭാഗം ഉദ്ധരിച്ചിട്ടുള്ളത് എന്ന വസ്തുതയും ഇവിടെ വിസ്മരിക്കാവുന്നതല്ല. എന്നാൽ '18' അക്കത്തിൽ "മെത്രാപ്പോലീത്തായ്ക്കും" മൂറോൻ കൂദാശ ചെയ്യുന്നതിന് അധികാരമുണ്ടെന്നുള്ള ഭാഗം കാണുന്നില്ല. അതു വിട്ടു കളഞ്ഞിരിക്കുന്നു. അതായത് പാത്രിയർക്കീസിനും കാതോലിക്കായ്ക്കും മാത്രമേ മൂറോൻ കൂദാശ ചെയ്യാൻ അധികാരമുള്ളു എന്നാണ് '18' അക്കം അനുശാസിക്കുന്നത്.

ഇവയുടെ വെളിച്ചത്തിൽ ശരിയായ കാനോൻ ഏതെന്നും തിരുത്തു കാനോൻ ഏതെന്നും വായനക്കാർ തന്നെ വിവേചിച്ചറിയുക. ശരിയെ തെറ്റെന്നും, കയ്പിനെ മധുരമെന്നും, സത്യത്തെ അസത്യമെന്നും, തിരുത്തുകാനോനെ വി. സഭയുടെ കാനോനെന്നും പറഞ്ഞ് ദൈവത്തോട് മത്സരിപ്പാൻ നമുക്ക് ഇടവരാതിരിക്കട്ടെ.

## അദ്ധ്യായം 8

# പാത്രിയർക്കാ വ്യവസ്ഥകളുടെ വെളിച്ചത്തിൽ

**ഉരകല്ല് 7:** ഭിന്നത മൂത്ത് കക്ഷി തിരിഞ്ഞ് "18" (ബി. പി.) അക്കവും "എ" (26) അക്കവും ഹാജരാക്കി. ഏതാണ് സത്യകാനോൻ എന്ന് വീറോടെ വാദിച്ചുകൊണ്ടിരിക്കുന്ന കാലത്ത് – ഇക്കഴിഞ്ഞ 10–20 വർഷങ്ങൾക്കിടയിൽ – പാത്രിയർക്കീസും അദ്ദേഹത്തിന്റെ അനുയായികളും ഏതു കാനോന്റെ പശ്ചാത്തലത്തിൽ സന്ധിവ്യവസ്ഥകൾ ഉണ്ടാക്കുകയും പാത്രിയർക്കാ കാതോലിക്കാ അധികാര പരിധികൾ സംബന്ധിച്ച് പഠിപ്പിക്കുകയും ചെയ്തുവോ അതു തന്നെയാണ് പ്രസ്തുത കക്ഷിയുടെ കാനോൻ എന്നുള്ളതിന് തെല്ലും സംശയമില്ല. കാതോലിക്കോസ് കക്ഷിയുടെ കാനോനും അതുതന്നെ എങ്കിൽ വിശുദ്ധ സഭയുടെ കാനോൻ അതു തന്നെയാണെന്നുള്ളത് തർക്കരഹിതമാണ്.

1. പാത്രിയർക്കാ സുന്നഹദോസ് ഏതു കാനോന്റെ പശ്ചാത്തലത്തിലാണ് സന്ധിവ്യവസ്ഥകൾ ഉണ്ടാക്കിയതെന്ന് ഇനി പരിശോധിക്കാം. കൊല്ലവർഷം 1109 കർക്കടകം 19–നു പാത്രിയർക്കാ സുന്നഹദോസ് ഉണ്ടാക്കി അയച്ച വ്യവസ്ഥകളിൽ കാതോലിക്കാ (മപ്രിയാനാ) ക്ക് "തെഗ്രീസിന്റെയും കിഴക്കിന്റെയും മപ്രിയാനായ്ക്കുള്ള അധികാരങ്ങൾ ഉണ്ടായിരിക്കുന്നതല്ല" എന്നു പറയുന്നു (സുറിയാനി സഭാ മാസിക, പു. 8, പേ. 158). 1934 കന്നി 8–ലെ വ്യവസ്ഥയിലും ഇത് ആവർത്തിച്ചു പറയുന്നുണ്ട്. 1942–ലെ വ്യവസ്ഥയിൽ ഇത് വീണ്ടും വളരെ ശക്തിയായി നിഷ്കർഷിച്ചിട്ടുണ്ട്. അതിൽ പറയുന്നത്: "മപ്രിയാനയ്ക്കോ അദ്ദേഹത്തിന്റെ പിൻഗാമിക്കോ തെഗ്രീസിന്റെ മപ്രിയാനായ്ക്കുള്ള അധികാരാവകാശങ്ങൾ ഉണ്ടെന്ന് ഒറ്റ ദിവസം പോലും ഭാവിച്ചു കൂടാ" എന്നാണ്. ഒരു സംഗതി ഇവിടെ വെളിവാകുന്നു: കാനോൻ അനുസരിച്ചുള്ള അധികാരാവകാശങ്ങൾ വെട്ടിക്കുറച്ചു കൊണ്ടാണ് ഈ വ്യവസ്ഥകൾ ഉണ്ടാക്കിയിരിക്കുന്നത്. അതായത് ഈ വ്യവസ്ഥകളിൽ, പറയുന്നതിനേക്കാൾ അഥവാ സമ്മതിച്ചു കൊടുപ്പാൻ പാത്രിയർക്കീസും മറ്റും തയ്യാറാകുന്നതിനേക്കാൾ, വളരെ വിപുലമായ അധികാരാവകാശങ്ങളാണ് കാനോൻ വിധി അനുസരിച്ച് കാതോലിക്കോസിനുള്ളത് എന്ന് പാത്രിയർക്കീസിന്റെ ടി വ്യവസ്ഥകൾ അസന്നിഗ്ദ്ധമായ ഭാഷയിൽ വിളിച്ചുപറഞ്ഞ് സമ്മതിക്കുന്നു. നമുക്ക് ഇവിടെ ചിന്താവിഷയം: മേൽപ്രകാരം അധികാരാവകാശങ്ങൾ വെട്ടിക്കുറച്ചുണ്ടാക്കിയ വ്യവസ്ഥകൾ സ്വീകാര്യമാണോ

അല്ലയോ എന്നുള്ളതല്ല; "എ" അക്കത്തിന്റെയോ "18" അക്കത്തിന്റെയോ ഏതിന്റെ പശ്ചാത്തലത്തിലാണ്, അഥവാ ഏതു കാനോൻപ്രകാരമുള്ള അധികാരങ്ങൾ വെട്ടിക്കുറച്ചുകൊണ്ടാണ് മേൽ ചേർത്തിരിക്കുന്ന വ്യവസ്ഥകൾ ഉണ്ടാക്കിയതെന്നത്രെ ഇവിടെ ആരാഞ്ഞ് കണ്ടുപിടിക്കേണ്ടത്. അതിലേക്ക്, പ്രസ്തുത അധികാരങ്ങൾ സംബന്ധിച്ച് ഓരോ കാനോനും എന്തു പറയുന്നു എന്ന് അറിയേണ്ടിയിരിക്കുന്നു.

(എ) ആദ്യമെ, വെട്ടിക്കുറക്കുവാനായി "18" അക്കമനുസരിച്ച് കാതോലിക്കോസിന് (മപ്രിയാനായ്ക്കു) വല്ല അധികാരാവകാശങ്ങളും ഉണ്ടോ എന്നു തന്നെ നോക്കാം. "18" അക്കം 7:1–ൽ പറയുന്നത്: "കിഴക്ക് അന്ത്യോഖ്യാ പാത്രിയർക്കീസിനെ ധിക്കരിച്ചോ അദ്ദേഹത്തിന്റെ ഇഷ്ടത്തിനു വിരുദ്ധമായോ ഒരു മപ്രിയാനായേയോ ഒരു മെത്രാപ്പോലീത്തായേയോ ഒരു എപ്പിസ്കോപ്പായേയോ വാഴിപ്പാൻ അവകാശമില്ല" എന്നത്രേ. ടി പോസൂക്കായിൽ മറ്റൊരിടത്തു പറയുന്നത്: "കാതോലിക്കോസ് അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ ആജ്ഞകൾ അനുസരിച്ച് പ്രവർത്തിച്ചുകൊള്ളണം. തന്റെ മേലാവിനെ ധിക്കരിക്കരുത്" എന്നെല്ലാമാണ്. മാത്രമല്ല, അതിൽ കാതോലിക്കോസിനെപ്പറ്റി പറയുന്നതു തന്നെ "പാത്രിയർക്കീസിന്റെ അധികാരത്തിന് കീഴ്പ്പെട്ടിരിക്കുന്ന കിഴക്കിന്റെ കാതോലിക്കാ" എന്ന വിശേഷണത്തോടു കൂടിയത്രെ. ചുരുക്കിപ്പറയുന്നതായിരുന്നാൽ "18" അക്കമനുസരിച്ച്, പാത്രിയർക്കീസിന്റെ ഇഷ്ടാനിഷ്ടങ്ങളറിഞ്ഞ് അദ്ദേഹത്തിന്റെ ഒരാജ്ഞാനുവർത്തിയായി വർത്തിപ്പാനുള്ള ബാധ്യതയും ചുമതലയുമല്ലാതെ യാതൊരുവിധ അധികാരാവകാശങ്ങളുമുള്ളതായി കാണുന്നില്ല; എന്നാൽ സന്ധിവ്യവസ്ഥകളുടെ ഒരു പ്രധാന ഉദ്ദേശ്യം കാതോലിക്കോസിന് കാനോൻപ്രകാരമുള്ള അധികാരാവകാശങ്ങളെ വെട്ടിക്കുറച്ച് ഇല്ലായ്മ ചെയ്യുകയാണെന്ന് ടി വ്യവസ്ഥകൾ തന്നെ വിളിച്ചുപറയുന്നുണ്ട്. അതിനാൽ ഈ വ്യവസ്ഥകൾ ഉണ്ടാക്കിയത് "18" അക്കത്തിന്റെ പശ്ചാത്തലത്തിലല്ലെന്നും, അതിനേക്കാൾ കൂടുതൽ അധികാരസ്വാതന്ത്ര്യങ്ങൾ കാതോലിക്കോസിനുണ്ടെന്ന് കാണിക്കുന്ന ഒരു കാനോന്റെ പശ്ചാത്തലത്തിലാണെന്നും, അതായതു പാത്രിയർക്കീസിന്റേയും മറ്റും കാനോൻ "18" അക്കമല്ലെന്നും, അതിനേക്കാൾ കൂടുതൽ അധികാരം കാതോലിക്കോസിന് നൽകുന്ന ഒരു കാനോൻ ആണെന്നും അസന്നിഗ്ദ്ധമായി സിദ്ധിക്കുന്നു. പാത്രിയർക്കീസിന്റെ കാനോൻ "18" അക്കമാണെന്ന് ആരെങ്കിലും വാദിക്കുന്നു എങ്കിൽ അത ("18") നുസരിച്ച് പാത്രിയർക്കീസിന്റെ അനുവാദം കൂടാതെ കാതോലിക്കോസിന് ചെയ്യാവുന്നതായി എന്തുണ്ടെന്നും അതിൽ എന്തിനെയാണ് സന്ധിവ്യവസ്ഥകൾ കൊണ്ട് തടയുവാൻ ഉദ്ദേശിക്കുന്നതെന്നും കാണിക്കേണ്ടിയിരിക്കുന്നു.

(ബി) ഇനി “എ” അക്കമനുസരിച്ച് പൗരസ്ത്യ കാതോലിക്കോസിനുള്ള അധികാരാവകാശങ്ങൾ ഏവയെന്നും അവയുടെ വെളിച്ചത്തിലാണോ – അവയിൽ നിന്ന് വെട്ടിക്കുറച്ചാണോ – സന്ധിവ്യവസ്ഥകൾ എഴുതിയിരിക്കുന്നത് എന്നും പരിശോധിക്കാം. കാനോൻ “എ” അക്കം 7:1–ൽ “ക്ഷണിക്കപ്പെടുന്നുവെങ്കിൽ അല്ലാതെ ഭരിപ്പാൻ എന്ന ഭാവത്തിൽ അന്ത്യോഖ്യാ പാത്രിയർക്കീസ് തെഗ്രീസിന്റെ (പൗരസ്ത്യ കാതോലിക്കോസിന്റെ) ഇടവകയിൽ പ്രവേശിച്ചു കൂടാ. അപ്രകാരം തന്നെ മപ്രിയാനാ പാത്രിയർക്കീസിന്റെ ഇടവകയിലും പ്രവേശിച്ചുകൂടാ” എന്നു പ്രസ്താവിച്ചിരിക്കുന്നതിനാൽ പാത്രിയർക്കീസിനു പൗരസ്ത്യ സിംഹാസനാധിപനായ കാതോലിക്കോസിന്റെ മേൽ യാതൊരുവിധ മേൽക്കോയ്മയോ അധികാരമോ ഇല്ലെന്നും സ്പഷ്ടമാകുന്നു. മാത്രമല്ല, കാനോൻ ടി പാസോക്കായിൽ തന്നെ പാത്രിയർക്കാ, കാതോലിക്കാ വാഴ്ചകളെപ്പറ്റി വ്യവസ്ഥ ചെയ്തിരിക്കുന്നത് “മപ്രിയാനാ (കാതോലിക്കോസ്) ജീവനോടിരിക്കുന്നുവെങ്കിൽ അദ്ദേഹത്തിന്റെ അനുവാദം കൂടാതെ പാത്രിയർക്കീസ് വാഴിക്കപ്പെട്ടു കൂടാ, വാഴിക്കപ്പെട്ടാൽ പൗരസ്ത്യർക്കു സ്വയമായി തങ്ങളുടെ മപ്രിയാനായെ വാഴിക്കാൻ അധികാരമുണ്ട്” എന്നുമാണ്. പൗരസ്ത്യ സിംഹാസനത്തേയും അന്ത്യോഖ്യാ സിംഹാസനത്തേയും തുല്യമായി പരിഗണിക്കുന്ന ഈ കാനോൻ വിധികൾ പാത്രിയർക്കാ സുന്നഹദോസിന്റെ കാനോനായിൽ തടിപോലെ കിടക്കുന്നതിനാൽ അതിനെ തട്ടി നീക്കുന്നതിനും പാത്രിയർക്കീസിന്റെ അധികാരം പൗരസ്ത്യ സിംഹാസനത്തിലേക്കു നൂതനമായി ചെലുത്തുന്നതിനും വേണ്ടിയാണ് കാതോലിക്കായ്ക്ക് “കാനോനാദികളിൻപ്രകാരമുള്ള നിയമങ്ങളും അധികാരങ്ങളും ഉണ്ടായിരിക്കുന്നതല്ല. ... കീഴ്വഴക്കത്തെ കാണിക്കുന്നതിനായി ഏഴു വർഷത്തിൽ ഒരിക്കൽ പാത്രിയർക്കാ സന്നിധാനത്തിൽ എത്തണം” എന്നും മറ്റും വ്യവസ്ഥയിൽ എഴുതിചേർക്കുവാനിടയായത് എന്നു പറയേണ്ടതില്ലല്ലോ. സഭയുടെ കാനോൻ “എ” അക്കമല്ലാതെ “18” അക്കമായിരുന്നു എങ്കിൽ കാനോൻപ്രകാരമുള്ള അധികാരാധികൾ ഇല്ലായ്മ ചെയ്യുന്ന ഒരു ക്ലോസ് വ്യവസ്ഥയിൽ ചേർക്കേണ്ട ആവശ്യം ഉണ്ടാകയില്ലായിരുന്നു എന്ന് സ്പഷ്ടമല്ലയോ? സഭയുടെ കാനോൻ ഏത് വായനക്കാർ വിധിച്ചാലും.

2) ഇക്കഴിഞ്ഞ വർഷത്തിൽ – 1950–ൽ – പാത്രിയർക്കീസ് ചിങ്ങവനം വ്യവസ്ഥകൾക്ക് ബദലായി അയച്ച സന്ധിവ്യവസ്ഥകളും അതൊന്നിച്ചുള്ള കൽപനയും എഴുതിയത് “എ” അക്കത്തിന്റെ പശ്ചാത്തലത്തിലോ “18” അക്കത്തിന്റെ പശ്ചാത്തലത്തിലോ എന്നു കൂടെ നോക്കാം. കല്പനയിൽ പറയുന്നത്; അത്യാവശ്യം നേരിട്ടാൽ പോലും ഇവിടത്തെ എപ്പിസ്കോപ്പന്മാർ ചേർന്ന് മറ്റൊരു എപ്പിസ്കോപ്പായെ വാഴിപ്പാൻ പാത്രി

യർക്കീസ് അനുവദിക്കുന്നത് "നമ്മുടെ സഭയുടെ ഖണ്ഡിതമായ നിയമത്തിനും സുവിദിതമായ പാരമ്പര്യത്തിനും" വിരുദ്ധമാണ് എന്നത്രെ. എന്നാൽ ഇതേ സംബന്ധിച്ച് "18" അക്കം പറയുന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്; "18" അക്കം 7:1 (നിഖ്യാ) എന്ന തലക്കെട്ടിൽ പറയുന്നത്: "കുപ്രോസ് ദ്വീപിലെ റീശെപ്പിസ്കോപ്പാ വർഷകാലത്ത് - സമുദ്രയാത്ര വിഷമമുള്ള കാലത്ത് - കാലം ചെയ്താൽ ദ്വീപിലെ എല്ലാ എപ്പിസ്കോപ്പന്മാരും കൂടി അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ കല്പനയാൽ അവർക്ക് മെത്രാപ്പോലീത്താ (റീശെപ്പിസ്കോപ്പാ) യെ വാഴിക്കണം. പാത്രിയർക്കീസ് അവരെ വിരോധിപ്പാൻ പാടില്ല. അങ്ങനെതന്നെ ഇന്ത്യയിലെ ആളുകൾക്കും അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ അനുവാദത്തോടു കൂടി പ്രവർത്തിച്ചുകൊള്ളണം. അനേക ഇടവകകൾക്ക് വൈധവ്യം ഭവിക്കാതിരിപ്പാൻവേണ്ടി പാത്രിയർക്കീസ് അവരെ തടയുകയുമരുത്" എന്നിപ്രകാരമാണ്.

"18" അക്കം എത്രയും ദൃഢമായും ശക്തിയായ ഭാഷയിലും വിളിച്ചു പറഞ്ഞ് ആജ്ഞാപിക്കുന്നത്: ഇന്ത്യാക്കാർ ഒരു എപ്പിസ്കോപ്പായെ അല്ലാ, അവരുടെ എല്ലാം മേലധികാരിയായ മെത്രാപ്പോലീത്തായെ (റീശെപ്പിസ്കോപ്പായെ) തന്നെ വാഴിക്കുന്നതിന് അനുവദിപ്പാനല്ലാതെ, യാതൊരുവിധത്തിലും തടയുന്നതിന്, അധികാരമോ അവകാശമോ ഇല്ലാ - തടഞ്ഞു കൂടാ - എന്നാകുന്നു. എന്നാൽ പണ്ഡിതനായ പാത്രിയർക്കീസ് പറയുന്നത്, റീശെപ്പിസ്കോപ്പായെ എന്ന് വേണ്ട കേവലം ഒരു എപ്പിസ്കോപ്പായെ പോലും വാഴിക്കുവാൻ അനുവാദം നൽകുന്നത് 'നമ്മുടെ സഭയുടെ ഖണ്ഡിതമായ നിയമത്തിന് (കാനോന്) വിരുദ്ധമാണ്, അതിനാൽ അതിനെ തടയുകയാണ് (നമ്മുടെ സഭയുടെ കാനോൻ അനുസരിച്ച്) ചെയ്യേണ്ടത് എന്നും മറ്റുമാണല്ലോ. "18" അക്കത്തിലെ വ്യവസ്ഥകൾക്കും വിധികൾക്കും നേരേ ഘടകവിരുദ്ധമായിട്ടാണ് പാത്രിയർക്കീസ് ത്രിത്വനാമത്തിൽ മുദ്രയും ... മറ്റും വച്ച് കല്പന അയച്ചിരിക്കുന്നത് എന്ന് സ്ഫടിക സ്പഷ്ടമായിരിക്കുന്നു. അതായത് "18" അക്കമാണ് സഭയുടെ കാനോൻ എങ്കിൽ അപ്രേം പാത്രിയർക്കീസ് സങ്കോചമെന്യേ ഏത് വ്യാജവും ത്രിത്വനാമത്തിൽ എഴുതി മുദ്രയും വച്ച് അതെല്ലാം സ്വർഗ്ഗസ്ഥനായ പിതാവിന്റെ മഹത്വത്തിന് എന്ന ഭാവത്തിൽ, അവസാനം സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ നിന്റെ നാമം പരിശുദ്ധമാക്കപ്പെടേണമേ... എന്ന പ്രാർത്ഥനയും ചേർത്ത് കല്പനയായി അയയ്ക്കുന്നതിന് മടിയില്ലാത്ത ഒരു ....?...... ആണെന്ന് പറയേണ്ടതില്ലല്ലോ. ഇതിൽ "ബറബാസ്" ആരെന്നും "യേശു" ആരെന്നും വായനക്കാർ തന്നെ വിധിക്കുക! നിങ്ങൾ ഇവരിൽ ആരെ ക്രൂശിക്കുന്നതിനും ആരെ വിടുവിക്കുന്നതിനുമാണ് തയ്യാറാകുന്നത് എന്ന് തീരുമാനിക്കുക. സത്യത്തെ ക്രൂശിക്കരുത്.

3) 1931-ലും 1932-ലും - കേവലം 19-20 വർഷം മുമ്പ് വരെ - അതായത് റിവ്യൂവിധിപോലും കഴിഞ്ഞു ഏലിയാസ് ബാവാ ഇവിടെ എഴുന്നള്ളിയിരുന്ന കാലത്തും പാത്രിയർക്കാ കാതോലിക്കാ ബന്ധം സംബന്ധിച്ച തർക്കത്തിന് മറുപടിയായി പാത്രിയർക്കീസ് കക്ഷി പഠിപ്പിച്ചിട്ടുള്ളതിനോട് "എ" അക്കം കാനോൻ യോജിക്കയും "18" കടകവിരുദ്ധമായിരിക്കുകയും ചെയ്യുന്നെങ്കിൽ വി. സഭയുടെ കാനോൻ "എ" അക്കം തന്നെയാണെന്നും "18" അല്ലെന്നും ഉള്ളതിൽ തെല്ലും സംശയത്തിന് അവകാശമില്ല.

എ) മാർ അത്താനാസ്യോസ് മെത്രാച്ചന്റെ ശ്രേഷ്ഠാനുമതിയിൻ കീഴിൽ പാത്രിയർക്കീസ് കക്ഷിയുടെ നാവായി പ്രസിദ്ധം ചെയ്ത സുറിയാനി സഭാ മാസിക പുസ്തകം 5 പുറം 181-183-ൽ പറയുന്നത്; "കാതോലിക്കാ സിംഹാസനം അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ കീഴിൽ ആയിരുന്നു എന്നാണ് ലേഖകൻ ധരിച്ചിരിക്കുന്നതെങ്കിൽ അത് വലിയ പ്രമാദമാണെന്ന് പറയാതെ തരമില്ല. ഈ സിംഹാസനത്തിന് പേരിലല്ലാതെ അധികാരത്തിൽ മറ്റുള്ള പാത്രിയർക്കാ സിംഹാസനങ്ങളുമായി യാതൊരുവിധത്തിലും യാതൊരു വ്യത്യാസവും ഉണ്ടായിരുന്നില്ല. സുന്നഹദോസ് ഇപ്രകാരം വിധിച്ചതും കാതോലിക്കാ ആക്ഷേപം ബോധിപ്പിക്കാതെ ഇരുന്നതും കാതോലിക്കാ സിംഹാസനത്തിന്റെ മേൽ അന്ത്യോഖ്യാ പാത്രിയർക്കീസിന് യാതൊരുവക മേലധികാരവും ഇല്ലാഞ്ഞിട്ടായിരുന്നു. ...." എന്നും മറ്റുമാണ്. കാനോൻ ഉദ്ധരിച്ചുകൊണ്ട് ഇപ്രകാരം എഴുതിയിരിക്കുന്നത് പാത്രിയർക്കീസിന്റെ ഭാഗത്തുനിന്നു തന്നെയാണ്.

ബി) വീണ്ടും ഇതേപ്പറ്റി പാത്രിയർക്കീസിന്റെ തഹലൂപ്പായുടേയും, വൈദിക സെമിനാരി മല്പാന്റേയും, അഡ്വക്കേറ്റ് മി. ഇ. പി. മാത്യുവിന്റേയും സഹായത്തോടുകൂടി എഴുതി ടി മാസിക 6-ാം പുസ്തകം 232 -ഉം 233-ഉം പുറങ്ങളിൽ കാനോൻ ഉദ്ധരണികളോടുകൂടി പ്രസിദ്ധീകരിച്ചിരിക്കുന്ന ഭാഗം ആരംഭിക്കുന്നതു തന്നെ: "കാതോലിക്കാ പാത്രിയർക്കീസിന്റെ കീഴാണോ?" എന്നു ചോദിച്ചുകൊണ്ടാണ്. അത് ഇപ്രകാരം തുടരുന്നു; 'ലേഖനത്തിൽ കാണുന്ന രണ്ടാമത്തെ അബദ്ധം കാതോലിക്കാ പാത്രിയർക്കീസിന്റെ കീഴ്‌വരുതിയിൽപെട്ട ഒരാളാണെന്നുള്ളതാണ്. അന്ത്യോഖ്യാ പാത്രിയർക്കീസിനെ അദ്ദേഹത്തിന്റെ ഇടവകയിൽ അധികാരത്തോടു കൂടി ആരു നിയമിച്ചുവോ അവർ തന്നെയാണ് അതേ അധികാരത്തിൽ കാതോലിക്കായെ അദ്ദേഹത്തിന്റെ ഇടവകയിലും നിയമിച്ചത്." ഇത്ര ശക്തിയായ ഭാഷയിൽ പാത്രിയർക്കീസിന്റെയും കാതോലിക്കോസിന്റെയും സമത്വവും അധികാരതുല്യതയും കാനോൻ ആധാരമാക്കി എഴുതി സമർത്ഥിച്ച് പാത്രിയർക്കീസ് കക്ഷി തങ്ങളുടെ സഭാ

നാവായ മാസിക വഴി സഭാംഗങ്ങളെ പഠിപ്പിക്കണമെങ്കിൽ നിലവിലിരിക്കുന്ന കാനോൻ പഠിപ്പിച്ചു വന്നതും അതു തന്നെ ആയിരിക്കണമെന്നുള്ളത് ഒരുവനും നിഷേധിക്കാവതല്ല. ഈ അദ്ധ്യായത്തിലെ ഒന്നാം ഖണ്ഡികയിലെ എ, ബി, വിഭാഗങ്ങളുടെ വെളിച്ചത്തിൽ 1931–ലും 1932–ലും പാത്രിയർക്കീസ് കക്ഷിയുടെ കാനോൻ ഏതാണെന്ന് വിധിക്കുക. മനസാക്ഷിയെ അനുസരിക്കുക.

4. 1950–ൽ പോലും സഭാകാര്യങ്ങൾ പഠിപ്പിക്കുന്നതിനായി പാത്രിയർക്കീസ് കക്ഷി "18" അക്കം കാനോനെ ആശ്രയിക്കുന്നില്ല. പാത്രിയർക്കീസ് പക്ഷ നാവായി മാർ അത്താനാസ്യോസ് മെത്രാച്ചന്റെ ശ്രേഷ്ഠാനുമതിയോടുകൂടി അദ്ദേഹത്തിന്റെ സഹായമെത്രാന്റെ മേൽനോട്ടത്തിൽ ആലുവാ തൃക്കുന്നത്തു സെമിനാരിയിൽ നിന്നും പുറപ്പെടുന്ന "സഭാചന്ദ്രിക" പുസ്തകം 3 പേജ് 71–ലെ കാനോനിക കാതോലിക്കാ എന്ന ലേഖനം സർവ്വശക്തികളോടും കൂടി സമർത്ഥിക്കുവാൻ യത്നിച്ചു കാണുന്നത് കാനോനിൽ പറയുന്ന കാതോലിക്കാസ്ഥാനവും മപ്രിയാനാസ്ഥാനവും ഒന്നല്ല, അധികാരാവകാശങ്ങളും ഒന്നല്ലാ വ്യത്യസ്ഥങ്ങളാണ് എന്നത്രെ. എന്നാൽ ഇന്ന് പാത്രിയർക്കീസ് കക്ഷി കോടതിയിൽ ഹാജരാക്കി വാദിക്കുന്ന "18" അക്കം കാനോൻ 7:1–ൽ യോഹന്നാൻ പാത്രിയർക്കീസ് എന്ന തലക്കെട്ടിൽ "കാതോലിക്കാ എന്നു പറഞ്ഞാൽ മപ്രിയാനായും മപ്രിയാനാ എന്നു പറഞ്ഞാൽ കാതോലിക്കായും ആകുന്നു" എന്ന് എത്രയും ഖണ്ഡിതമായും വ്യക്തമായും പ്രഖ്യാപിച്ചിരിക്കുന്നു. ഇന്ന് പാത്രിയർക്കീസ് കക്ഷി - ചന്ദ്രികാധിപരും ആലുവാ സെമിനാരിയും ഉൾപ്പെടെ - ഉപയോഗിക്കുന്ന കാനോൻ "18" അക്കമാണെങ്കിൽ അതിന് എത്രയും കടകവിരുദ്ധമായി രണ്ടും രണ്ടാണെന്ന് ഒരു വാദഗതി ഉന്നയിക്കുവാൻ ധൈര്യപ്പെടുകയില്ലായിരുന്നു എന്നുള്ളത് തർക്കരഹിതമാണ്. അതിനാൽ പാത്രിയർക്കീസ് കക്ഷിയുടെ യഥാർത്ഥ കാനോൻ കാതോലിക്കായും മപ്രിയാനായും തമ്മിൽ വ്യത്യാസമില്ലെന്നു സ്പഷ്ടമായി നേരെ വിളിച്ചു പറയുന്ന "18" അക്കമല്ലെന്നു സിദ്ധിക്കുന്നു. ഈ യാഥാർത്ഥ്യങ്ങളുടെ വെളിച്ചത്തിൽ നോക്കുമ്പോൾ സത്യം പ്രത്യക്ഷമാണ്? കാതോലിക്കോസിനെ പാത്രിയർക്കീസിന്റെ ആജ്ഞാനുവർത്തിയാക്കി ചമയ്ക്കുന്ന "18" അക്കമോ അതോ പാത്രിയർക്കീസും കാതോലിക്കോസും തുല്യാധികാരികൾ എന്നു പ്രഖ്യാപിക്കുന്ന "എ" അക്കമോ ഏതാണ് സത്യകാനോൻ എന്നു വായനക്കാർ വിധിക്കുക. സത്യകാനോന്റെ പിൻചെല്ലുവാനുള്ള സാന്മാർഗ്ഗിക പ്രബുദ്ധതയും ത്യാഗസന്നദ്ധതയും സഭാ മക്കളേവർക്കും പ്രദാനം ചെയ്യുവാനായി സഭാനാഥനോട് പ്രാർത്ഥിക്കാം. മുഖം നോക്കി വ്യാജത്തിന് കൂട്ട് നിന്ന് സത്യത്തെ ഒറ്റി കൊടുക്കുന്നത് ഭയങ്കരം തന്നെ! ഒരിക്കൽ സത്യത്തിന്റെ മുമ്പിൽ നിൽക്കേണ്ടി വരുമെന്ന് ഓർത്താലും!!

## അദ്ധ്യായം 9

# 1916 മുതലുള്ള പഠനത്തിന്റെ വെളിച്ചത്തിൽ

**8-ാം ഉരകല്ല്:** "കക്ഷിത്വം മൂർത്തീകരിച്ചുണ്ടായ വട്ടിപ്പണക്കേസിൽ മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെ കക്ഷി "18" അക്കം 1916-ൽ കോടതിയിൽ ഹാജരാക്കി അതു ശരിയായ കാനോൻ എന്നു വാദിക്കുവാൻ തുടങ്ങി. അതു മുതൽ 1950 വരെയുള്ള കാലഘട്ടത്തിൽ ആ കക്ഷി വി. സഭയുടെ വിശ്വാസാചാര നടപടികൾ പഠിപ്പിക്കുന്നതിനും വാദങ്ങൾ സ്ഥാപിക്കുന്നതിനുമായി ഉദ്ധരിച്ചിട്ടുള്ള കാനോൻ ഏതോ അതു വി. സഭയുടെ കാനോൻ ആയി ആ കക്ഷി പരിഗണിക്കുന്നു എന്നുള്ളത് കേവലം ഒരു അനിഷേധ്യ സത്യം മാത്രമാണ്. അത് "എ" അക്കമാണെങ്കിൽ വി. സഭയുടെ കാനോൻ "എ" അക്കമാണെന്നുള്ളതിൽ തെല്ലും സംശയമില്ല.

അതിനാൽ മാർ അത്താനാസ്യോസ് തിരുമേനിയുടെ പക്ഷത്തുനിന്നും ഈ 1950 ജൂലൈ മാസം വരെ സ്വീകരിച്ചുവന്ന കാനോനോട് ആ പക്ഷത്തു നിന്നു തന്നെ ഹാജരാക്കിയിട്ടുള്ള "18" അക്കം യോജിക്കുന്നില്ലെങ്കിൽ "18" വി. സഭയുടെ കാനോനല്ലെന്നും നേരെമറിച്ച് മേൽ പ്രകാരം ഉപയോഗത്തിൽ മാർ അത്താനാസ്യോസ് തിരുമേനിയുടെ കക്ഷിയുടെ സ്വീകരണം ലഭിച്ചിട്ടുള്ള കാനോനോട്, കാതോലിക്കോസ് കക്ഷിയുടെ കാനോൻ ("എ" അക്കം) യോജിക്കുന്നുണ്ടെങ്കിൽ അതു തന്നെയാണ് സത്യകാനോൻ എന്നും ഉള്ളതു സംശയരഹിതമാണല്ലോ. ഈ അടുത്തു കഴിഞ്ഞ പത്തുപന്ത്രണ്ടു വർഷങ്ങൾക്കിടയിൽ പോലും സഭയുടെ ഉപദേശം, വിശ്വാസം നിയമങ്ങൾ, നടപടികൾ എന്നിവ കാനോൻ സാക്ഷിസഹിതം പാത്രിയർക്കീസ് കക്ഷിയുടെ മല്പാന്മാരും പണ്ഡിതന്മാരും പഠിപ്പിച്ചപ്പോൾ "18" അക്കം ഉദ്ധരിച്ച് അതിനനുസരണം പഠിപ്പിക്കുന്നതിനു പകരം "എ" അക്കം കാനോൻ ഉദ്ധരിച്ച് തദനുസരണം പഠിപ്പിക്കുന്നു എന്നു വരികിൽ - പ്രത്യേകിച്ച് "18" ഉം "എ" യും തമ്മിൽ നേരേ വിപരീതമായിരിക്കുന്ന ഭാഗങ്ങൾ പോലും "18" അക്കത്തിൽ നിന്നും ഉദ്ധരിക്കാതെ "എ" അക്കത്തിൽ നിന്ന് മാത്രം ഉദ്ധരിക്കയും "എ" അക്കം തന്നെ പഠിപ്പിക്കയും ചെയ്യുന്നു എന്നു വരികിൽ – – "18" അക്കം കേവലം നിഷിദ്ധമാണെന്നും 'എ" അക്കമാണ് വി. സഭയുടെ കാനോൻ എന്നും അനിഷേധ്യമായി സിദ്ധിക്കുന്നു.

1. ഇന്നത്തെ പാത്രിയർക്കീസ് പക്ഷ നാവായ "സഭാചന്ദ്രിക" (1950

ജൂൺ 31) "കാനോനിലും സഭാചരിത്രത്തിലും സുറിയാനി ഭാഷയിലും മികച്ചോരു പണ്ഡിതൻ" എന്ന് മുക്തകണ്ഠം പ്രശംസിക്കുന്ന പാത്രിയർക്കീസ് പക്ഷത്തെ ഒന്നാംകിട മല്പാനായ ബ. ഇട്ടീരാ മല്പാനച്ചൻ അവർകൾ 12 വർഷങ്ങൾക്കു മുമ്പ് 1114-ൽ അന്നത്തെ പാത്രിയർക്കീസ് പക്ഷ നാവായിരുന്ന "സന്ദേശം" പത്രത്തിൽ എഴുതിയിരുന്ന ലേഖനങ്ങളിൽ നിന്ന് എടുത്ത് വീണ്ടും 1950 ജൂൺ 31-ലെ ചന്ദ്രികയിൽ പ്രസിദ്ധം ചെയ്തിരിക്കുന്നത് "എപ്പിസ്കോപ്പാ തന്റെ അതിർത്തി വിട്ട് മറ്റൊരുത്തന്റെ അതിർത്തിയിൽ കടന്നു പട്ടം കൊടുക്കരുത്. അഹങ്കരിച്ചു കൊടുത്താൽ അത് അസാധുവായിരിക്കും. അവൻ മുടക്കപ്പെടണം" (കാ. 7:1) എന്നിപ്രകാരമാണ് (പേജ് 89). അധികാരമില്ലാത്തവരോടു വാങ്ങുന്ന പട്ടം അസാധുവാണെന്നു കാണിപ്പാൻ ഈ ഭാഗം തന്നെ മാർ യൂലിയോസ് തിരുമേനിയുടെ സഹായി ആയി വന്നിരുന്ന അബ്ദൽ ആഹാദ് റമ്പാച്ചനും അദ്ദേഹത്തിന്റെ 1942-ലെ "പ്രത്യക്ഷസത്യം" (2) 65-ാം പേജിൽ ഉദ്ധരിച്ചിട്ടുണ്ട്. എന്നാൽ "18" അക്കത്തിൽ മേൽപ്രകാരം ഒരു കാനോൻ വിധിയേ ഇല്ല അതുപാടെ എടുത്ത് കളഞ്ഞിരിക്കുന്നു. എന്നാൽ "എ" അക്കത്തിൽ ടി ഉദ്ധരണി അതേ വിധത്തിൽ തന്നെ കിടക്കുന്നുമുണ്ട്.

വീണ്ടും ചന്ദ്രിക 90-ാം പുറത്ത് "... വി. പിതാക്കന്മാരും കഴിയുന്നത്രതാണ് അനേക വേദവിപരീതികളേയും കുറ്റക്കാരേയും സ്വീകരിച്ചിട്ടുണ്ട്. ... ഇരുസ്വഭാവ വേദവിപരീതി (നെസ്തോറുകാർ, കൽക്കിദൂന്യ വിശ്വാസികളായ റോമ്മാക്കാർ) കളിൽ നിന്ന് തിരിച്ചുവരുന്ന എപ്പിസ്കോപ്പന്മാരും കശീശ്ശന്മാരും വീണ്ടും പട്ടമേൽക്കുകയോ മാമ്മോദീസാ മുങ്ങുകയോ ചെയ്യണമെന്നില്ല. ..." എന്നും മറ്റുമുള്ള കാനോൻ ഭാഗങ്ങൾ ഉദ്ധരിച്ചിരിക്കുന്നു. എന്നാൽ ഈ ഉദ്ധരിച്ചിരിക്കുന്ന ഭാഗവും "18" അക്കത്തിൽ കാണുന്നില്ല. പാടെ വിട്ടുകളഞ്ഞിരിക്കുകയാണ്. പക്ഷെ ടി ഭാഗങ്ങൾ 1114-ലും 1950 ജൂണിലും പാത്രിയർക്കീസുകക്ഷി അവരുടെ നാവായ സന്ദേശം, സഭാചന്ദ്രിക എന്നിവകളിൽ ഉദ്ധരിച്ചിരിക്കുന്ന വിധംതന്നെ കാതോലിക്കോസ് കക്ഷിയുടെ 'എ' അക്കം കാനോനിൽ കാണുന്നുണ്ട്. സത്യകാനോൻ ഏതെന്നു വിവേചിക്കുക! സത്യത്തെ ബഹുമാനിച്ചാദരിക്കുക!

2. 1941-ൽ അതായത് പത്തു കൊല്ലങ്ങൾക്ക് മുമ്പ് മേൽപ്പറഞ്ഞ അബ്ദൽ ആഹാദ് റമ്പാന്റെ പത്രാധിപത്യത്തിൽ നടത്തിയ "മലങ്കര സഭാമിത്രം" മാസികയുടെ മീനം, മേടം ലക്കത്തിൽ 24-ഉം 26-ഉം പുറങ്ങളിൽ "മിശ്രവിവാഹവും സുറിയാനി സഭാനിയമവും" എന്ന ശീർഷകത്തിൽ ഒരു പത്രാധിപ ലേഖനമുണ്ട്. അത് സത്യവിശ്വാസത്തിൽനിന്ന് തെറ്റിനിൽക്കുന്ന ക്രൈസ്തവരും ക്രൈസ്തവേതരരുമായി (നമ്മുടെ സഭയ്ക്കു വെളിക്കുള്ള ആളുകളുമായി) സഭാംഗങ്ങൾ വിവാഹം നട

ത്തുന്നത് സംബന്ധിച്ച് നമ്മുടെ സഭയുടെ നിയമം എന്തെന്ന് ചോദിച്ച തിന് കാനോൻ 8:3 ഉദ്ധരിച്ചുകൊണ്ടുള്ള ഒരു മറുപടിയാണ്. കാനോൻ ഉദ്ധരണി ഇപ്രകാരം ആരംഭിക്കുന്നു. "അവിശ്വാസം സംബന്ധിച്ചു ജാതീയമായ ആറു വ്യത്യാസങ്ങൾ ഉള്ളതായി ഞങ്ങൾ അറിയുന്നു. 1. കാവ്യർ. 2. മഗൂശ്യർ. 3. യഹൂദ്യർ. 4. മഹമ്മദീയർ. 5. അറിയോസ്യരും അവരുടെ സഖാക്കളുമായി ദൈവത്വത്തിൽ പകപ്പുള്ള ക്രിസ്ത്യാനികൾ. 6. മിശിഹായുടെ സ്വഭാവം സംബന്ധിച്ചും ആളത്വം സംബന്ധിച്ചുമുള്ള യോജിപ്പിനെ വിഭിന്നമാക്കി ഉപദേശിക്കുന്ന ക്രിസ്ത്യാനികൾ (നെസ്തോറുകാർ, കൽക്കിദൂന്യർ ആദിയായവർ) - ആദ്യം പറഞ്ഞ അഞ്ചു ജാതികളിൽ നിന്നുള്ള സ്ത്രീകൾ ക്രിസ്ത്യാനികളായി മാമോദീസാ കൈക്കൊള്ളുന്നു എങ്കിൽ വിവാഹത്തിൽ ഞങ്ങൾ അവരെ സ്വീകരിക്കുന്നു. എന്നാൽ ആറാമത്തെ വർഗ്ഗത്തിൽ നിന്നുള്ള സ്ത്രീകളെ ഞങ്ങൾ മാമോദീസാ മുക്കാതെ ഞങ്ങളുടെ വിശ്വാസം സ്വീകരിപ്പിച്ചുകൊണ്ടു മാത്രം അവരെ കൈക്കൊള്ളുന്നു. ..." എന്നു പറഞ്ഞിരിക്കുന്നു. പാത്രിയർക്കീസ് പക്ഷത്തെ ഈ മാസികയിലെപ്പോലെ തന്നെ പ്രസ്തുത കാനോൻ "എ" അക്കത്തിലും യാതൊരു വ്യത്യാസവും കൂടാതെ കാണുന്നു. എന്നാൽ മേൽ ചേർത്തിരിക്കുന്ന ഉദ്ധരണി "18" അക്കത്തിൽ വളരെ വ്യത്യസ്തമായിട്ടാണ് കാണുന്നത്. "ഈ ആറു കൂട്ടരിൽ നിന്നു വരുന്നവരേയും ജ്ഞാനസ്നാനപ്പെടുത്തി വിശ്വാസം പഠിപ്പിച്ച് വിവാഹത്തിൽ ഞങ്ങൾ സ്വീകരിക്കുന്നു" എന്നാണ് "18"-ൽ പറയുന്നത്. സത്യകാനോനോ തിരുത്തു കാനോനോ ഏത് വച്ചുകൊണ്ടാണ് പാത്രിയർക്കീസ് കക്ഷികൾ പഠിപ്പിക്കുന്നത് എന്നും "18" അക്കം ഉദ്ധരിക്കാതെ "എ" അക്കം ഉദ്ധരിക്കുന്നതെന്തെന്നും വെളിവാക്കേണ്ടിയിരിക്കുന്നു. മാത്രമല്ല, നമ്മുടെ സഭയ്ക്കു വെളിക്കുള്ള എല്ലാവരേയും ക്രൈസ്തവനേയും ക്രൈസ്തേതരനേയും ഒരേ നിലയിൽ പരിഗണിക്കുന്നു എങ്കിൽ അവിശ്വാസം സംബന്ധിച്ചു "ആറ് വർഗ്ഗീയ വ്യത്യാസങ്ങൾ ഞങ്ങൾ അറിയുന്നു" എന്നു പറയുന്നതിന് അർത്ഥമോ അങ്ങനെ പറയേണ്ട ആവശ്യമോ എന്തെന്നുള്ളതും ഇവിടെ ചിന്തനീയമാണ്.

3. കാനോൻ സംബന്ധിച്ച് പാത്രിയർക്കീസ് പക്ഷത്തിനു വേണ്ടി പലതും എഴുതുന്ന മി. പൗലൂസ് മാപ്പിള (പട്ടശ്ശേരി), അന്ത്യോഖ്യാ പ്രതിനിധിയും പാത്രിയർക്കീസു പക്ഷത്തെ കാനോൻ വിദഗ്ദ്ധനുമായ മാർ യൂലിയോസ് തിരുമേനി, അന്ന് ആലുവാ സെമിനാരി മല്പാനായിരുന്ന ബ. ഇട്ടീരാ മല്പാൻ, കാനോനറിയാവുന്ന പാത്രിയർക്കീസ് കക്ഷിയിലെ അഡ്വക്കേറ്റ് മി. ഇ. പി. മാത്യു എന്നിവരുടെ പലവിധ സഹായങ്ങളോടുകൂടി എഴുതി 1932-ൽ - 19 വർഷങ്ങൾക്കു മുമ്പ് - മാർ അത്താനാസ്യോസ് തിരുമേനിയുടെ ശ്രേഷ്ഠാനുമതിയോടുകൂടി - പാത്രിയർക്കീസ് പക്ഷ

നാവായി നടത്തിവന്നിരുന്ന സുറിയാനി സഭാമാസികയിൽ ടി കക്ഷി എഴുതിയിരിക്കുന്നത് ഇപ്രകാരമാണ്. "അധികാരത്തിൽ കാതോലിക്കാ പാത്രിയർക്കീസിന്റെ കീഴാണോ?" എന്ന ഹെഡ്ഡിംഗിൽ "... ലേഖനത്തിൽ (മനോരമയിലോ മറ്റോ ഉണ്ടായിരുന്ന ലേഖനത്തിൽ) കാണുന്ന രണ്ടാമത്തെ അബദ്ധം കാതോലിക്കാ പാത്രിയർക്കീസിന്റെ കീഴ്‌വരുതിയിൽ പെട്ട ഒരാളാണെന്നുള്ളതാണ്" എന്നു പറഞ്ഞിട്ട് ഇങ്ങനെ തുടരുന്നു. "കിഴക്കേ നഗരങ്ങളിൽ ഒന്നായ സെലൂക്യാ എന്ന ഇടവകയ്ക്ക് അങ്ങനെ തന്നെ (പാത്രിയർക്കാ സിംഹാസനം പോലെ തന്നെ) ബഹുമാനമുണ്ടായിട്ട് കാതോലിക്കാസ്ഥാനം ഉണ്ടായിരിക്കട്ടെ. ... ഇതാണ് കാനോൻ. ഇതിൽ എവിടെയാണ് കാതോലിക്കായെ പാത്രിയർക്കീസിന്റെ കീഴായി നിയമിച്ചിട്ടുള്ളത്?...." എന്നു ചോദിക്കുകയും അന്ത്യോഖ്യായേക്കാൾ മുൻഗണനയുള്ള "അലക്സാന്ത്രിയാ പാത്രിയർക്കീസിനെപ്പോലെ സർവാധികാരവും ലഭിച്ചിട്ടുള്ള കാതോലിക്കാ അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ കീഴാവുന്ന സൂത്രം എങ്ങനെയാണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. കാതോലിക്കാ പാത്രിയർക്കീസിന്റെ കീഴാണെങ്കിൽ തീർച്ചയായും അലക്സാന്ത്രിയായും കീഴായിരിക്കണം. ഇത് സംഭവ്യമോ എന്ന് വായനക്കാർ തന്നെ വിധിക്കട്ടെ" (സുറിയാനി സഭാമാസിക, പുസ്തകം 6, പുറം 232–233) എന്നും മറ്റുമാണ് കാനോൻ പണ്ഡിതരായ പാത്രിയർക്കീസ് പക്ഷത്തെ മേൽപറഞ്ഞ നാലുപേർ ചേർന്ന് എഴുതിയ ലേഖനത്തിൽ പ്രസ്താവിച്ചിരിക്കുന്നത്. പ്രസ്തുത മാസിക തന്നെ 1931 ചിങ്ങത്തിൽ "അന്ത്യോഖ്യാ പാത്രിയർക്കീസും പൗരസ്ത്യ കാതോലിക്കാ സിംഹാസനവും" എന്ന തലക്കെട്ടിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ലേഖനത്തിൽ നാലാം നൂറ്റാണ്ടിൽ കാതോലിക്കായായിരുന്ന പാപ്പാ എന്ന ആളുടെ ഭരണദൂഷ്യം സംബന്ധിച്ച് പാത്രിയർക്കീസിന്റെ അടുക്കൽ പരാതി പറയാതെ സുന്നഹദോസ് (കാതോലിക്കോസിന്റെ - ഗ്രന്ഥകർത്താവ്) വിളിച്ചുകൂട്ടി അദ്ദേഹത്തെ മാറ്റുകയും അദ്ദേഹവും പാത്രിയർക്കീസിന്റെ അടുക്കൽ പരാതി പറയാതെ സുന്നഹദോസിനെ തന്നെ അഭയം പ്രാപിക്കയും ചെയ്തു എന്നുള്ളതും ഏതാദൃശങ്ങളായ മറ്റു സംഭവങ്ങളും എഴുതിക്കൊണ്ട് ചോദിക്കുന്നത്, "സുന്നഹദോസ് ഇപ്രകാരം വിധിച്ചതും കാതോലിക്കാ ആക്ഷേപം ബോധിപ്പിക്കാതിരുന്നതും കാതോലിക്കാ സിംഹാസനത്തിന്റെ മേൽ അന്ത്യോഖ്യാ പാത്രിയർക്കീസിന് യാതൊരുവക മേലധികാരവും ഇല്ലാഞ്ഞിട്ടായിരുന്നു എന്ന് എത്രയും സ്പഷ്ടമല്ലേ?" എന്നാണ്. കാതോലിക്കാ വാഴ്ചയെപ്പറ്റി ടി ലേഖനം തുടർന്ന് ചോദിക്കുന്നത്: "ഒരു പാത്രിയർക്കീസിന് മറ്റൊരു പാത്രിയർക്കീസിനെ അഥവാ ഒരു കാതോലിക്കായെ വാഴിക്കുവാൻ എന്തധികാരമാണുള്ളത്. അങ്ങിനെ അധികാരമുണ്ടെങ്കിൽ ഒരു പ്രസിദ്ധ

ണ്ടിനെ നിയമിക്കുവാൻ വേറൊരു പ്രസിഡണ്ടിന് അധികാരമില്ലാത്ത തിന്റെ സൂത്രം എന്തെന്ന് എനിക്ക് മനസ്സിലാകുന്നില്ല" എന്നത്രെ (ഈ ചരിത്ര സത്യങ്ങളും കാനോൻ വിധികളും യാതൊരു മായവും ചേർ ക്കാതെ സമ്മതിച്ച് പ്രസിദ്ധീകരിച്ചതെന്തെന്ന് ഇപ്പോൾ അതിശയം തോന്നിയേക്കാം. അന്നത്തെ വാദം ഇന്നത്തേതിൽ നിന്ന് വളരെ വ്യത്യ സ്തമായിരുന്നു എന്നുള്ളത് പ്രത്യേകം ഓർത്തിരിക്കേണ്ടതാണ്. അന്നത്തെ ശ്രമം കാതോലിക്കോസ് യാതൊരുവിധത്തിലും പാത്രിയർ ക്കീസിനേക്കാൾ താഴെയല്ലാത്തതിനാലും, അദ്ദേഹവും ഒരു പാത്രിയർ ക്കീസ് തന്നെ ആകയാലും, ഒരു പാത്രിയർക്കീസിന് തന്നെപ്പോലുള്ള മറ്റൊരു പാത്രിയർക്കീസിനെ – കാതോലിക്കോസിനെ – വാഴിപ്പാൻ പാത്രി യർക്കീസ് എത്ര ആലോചിച്ചാലും കഴിവില്ലാ എന്ന് പറഞ്ഞ് ഒഴിയുവാ നായിരുന്നു. അങ്ങനെ ഒഴിഞ്ഞുമാറുന്നതിനുള്ള മാർഗ്ഗമായിട്ടാണ് അന്ന് പ്രസ്തുത ചരിത്രസത്യങ്ങളും കാനോൻ വിധികളും വെളിക്ക് കൊണ്ടു വന്ന് കാണിച്ചത്. സത്യത്തെ ദീർഘകാലം മറച്ചുവെക്കുക സാധ്യവുമ ല്ലല്ലോ.).

ഇതിൽ കാതോലിക്കോസിന് പാത്രിയർക്കീസിനോട് സർവ്വവിധ ത്തിലും തുല്യമായ ഒരു നിലയാണുള്ളതെന്ന് സമർത്ഥിക്കുകയും അല്ലെന്നു പറയുന്ന വല്ലവരും ഉണ്ടെങ്കിൽ അവരെ വെല്ലുവിളിക്കുകയും അത്രേ ചെയ്തിരിക്കുന്നത്. ഈ പ്രസ്താവനകൾ പാത്രിയർക്കീസിനും കാതോലിക്കായ്ക്കും തുല്യ അധികാരമാണെന്നുള്ള "എ" അക്കം കാനോൻ വിധികളെ നിരുപാധികം സ്ഥിരീകരിക്കുന്നു. എന്നാൽ "18" അക്കത്തിൽ പാത്രിയർക്കീസും കാതോലിക്കോസും തുല്യാധികാരിക ളെന്ന് പ്രഥമദൃഷ്ടിയിൽ കാണിക്കുന്ന കാനോൻ വിധികൾ ഒന്നുമില്ല. അതു മാത്രവുമല്ല, സുറിയാനി സഭാ മാസികയിലെ മേലുദ്ധരിച്ച പ്രസ്താ വനകൾക്ക് കടകവിരുദ്ധമായി ''അദ്ദേഹം (കാതോലിക്കോസ്) അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ ആജ്ഞകളനുസരിച്ച് പ്രവർത്തി ക്കണം. തന്റെ മേലാവിനെ ധിക്കരിക്കരുത്" എന്നും "ഇന്ത്യയിലെ ആളു കൾക്ക് പാത്രിയർക്കീസോ, പാത്രിയർക്കീസിന്റെ അധികാരത്തിനു കീഴ് പ്പെട്ടിരിക്കുന്ന കിഴക്കിന്റെ കാതോലിക്കായോ മെത്രാപ്പോലീത്തായെ വാഴിക്കണം" എന്നും മറ്റും "18" അക്കം കാനോൻ 7:1–ൽ പറയുന്നു. ഇവയുടെ വെളിച്ചത്തിൽ ശരിയായ കാനോൻ ഏതെന്ന് ഇനിയും പറ ഞ്ഞറിയിക്കണമോ?

4. കാതോലിക്കോസ് പാത്രിയർക്കീസിനു തുല്യനല്ലെന്നും പാത്രിയർ ക്കീസിന്റെ ആജ്ഞാനുവർത്തിയായി കീഴ്പ്പെട്ടിരിക്കേണ്ടതാണെന്നും സ്ഥാപിക്കുവാൻ പാത്രിയർക്കീസ് കക്ഷി 1934 മുതൽ വളരെ ശക്തി യായി വാദിക്കുകയും ചരിത്രം, കാനോൻ എന്നിവകൾ കൊണ്ട് ടി വാദം

സമത്ഥിക്കുവാൻ പരിശ്രമിക്കുകയും ചെയ്തിട്ടുണ്ട്. ടി വാദഗതിക്ക് ഉപോൽബലമായി 18 അക്കത്തിൽ മുൻ ഖണ്ഡികയിൽ ചേർത്തിട്ടുള്ളതുപോലുള്ള പല ഭാഗങ്ങൾ സുലഭമായിരിക്കെ, അവയിൽ ഒന്നുപോലും ഉദ്ധരിച്ച് വാദം സ്ഥാപിക്കാൻ ശ്രമിക്കാതെ മറ്റു മാർഗ്ഗങ്ങളിൽ കൂടി അതു സ്ഥാപിക്കുവാൻ ഭഗീരഥയത്നം ചെയ്യുന്നത് പ്രത്യേകം ശ്രദ്ധേയമാണ്. ഇപ്പോഴത്തെ കാനോൻ തർക്കം ഉത്ഭവിക്കുന്നതിന് മുമ്പ് 1910, 1911, 1912 എന്നീ കാലങ്ങളിൽ കാതോലിക്കോസിനും മറ്റും പാത്രിയർക്കീസിനു കീഴ്പ്പെട്ടല്ലാതെ നിൽക്കുവാൻ നിവൃത്തിയില്ലെന്നു കാണിക്കുവാൻ ശ്രമിച്ച അവസരങ്ങളിലും അതിനെ സ്ഥാപിക്കുവാൻ സഹായിക്കുന്നതിനായി "18" അക്കത്തിലുള്ള യാതൊന്നും ഉദ്ധരിക്കുന്നില്ല. ഇവയിൽ നിന്നെല്ലാം സ്പഷ്ടമായി കാണുന്നത് "18" അക്കത്തെ ഒരുവനും ഒരു കാലത്തും വി. സഭയുടെ കാനോനായി പരിഗണിച്ചിട്ടില്ലെന്നല്ലയോ?

5. ഹൂദായ കാനോൻ 7:1-ൽ നാലു പാത്രിയർക്കീസന്മാരെപ്പറ്റി "റീശോറാബോദ് കലഹുൻ" എന്നു പറഞ്ഞിട്ടുള്ളത് കോട്ടിമാട്ടി തർജ്ജിമ ചെയ്ത് സുറിയാനി സഭാവിശ്വാസത്തിനെതിരായി റോമാ പാത്രിയർക്കീസിന് മേൽക്കോയ്മ നൽകുന്നതിന് ഫാദർ പ്ലാസിഡ് പരിശ്രമിക്കുന്നതിനെപ്പറ്റി പാത്രിയർക്കീസ് പക്ഷത്തെ ഒരു മല്പാനായ ബ. കൊച്ചുപറമ്പിൽ ഗീവറുഗീസ് റമ്പാൻ എഴുതിയിരിക്കുന്നതു കാണുക. അദ്ദേഹം 1933-ൽ (അതായത് 18 വർഷങ്ങൾക്കു മുമ്പ്) പ്രസിദ്ധം ചെയ്ത "എഴുത്തു പുസ്തകം" 107-109 പുറങ്ങളിൽ അതേപ്പറ്റി പ്രതിപാദിക്കുന്നുണ്ട്. "പ്രധാന തലവൻ എന്ന വാക്ക് കാനോനിൽ ഇല്ലെങ്കിൽ ആ വിവരം പറഞ്ഞാൽ മാത്രം മതിയാകുമായിരുന്നു. എന്നാൽ അദ്ദേഹം ടി കാനോൻ വാചകത്തിന്റെ നിജത്തെ യാതൊരുവിധത്തിലും ചോദ്യം ചെയ്യുന്നില്ല. പിശകായ തർജ്ജിമ കെണ്ട് റോമാ വിശ്വാസം വലിച്ചിഴച്ചു കൊണ്ടുവരുവാൻ ശ്രമിച്ച റോമ്മാ വൈദികനെയും അദ്ദേഹത്തിന്റെ തർജ്ജിമയേയും കുറ്റം പറയുകയാണ് ചെയ്തിരിക്കുന്നത്. ഫാദർ പ്ലാസിഡിന്റെ തർജ്ജിമ ഭാഷാനിയമത്തിനു വിരുദ്ധമാണെന്നും നാലു പാത്രിയർക്കീസന്മാരും ഒരുപോലെ എല്ലാവരുടെയും തലവന്മാരെന്നാണ് പ്രസ്തുത സുറിയാനി പ്രയോഗത്തിന്റെ അർത്ഥമെന്നും സയുക്തം സമർത്ഥിച്ചിരിക്കുന്നു. ബ. റമ്പാച്ചൻ സ്ഥാപിച്ചിരിക്കുന്നത് "തർജ്ജിമ ആശയത്തിന് അനുസരണമായി ഭാഷാനിയമത്തിന് ഒത്തുവരണമെങ്കിൽ ... എല്ലാവരുടെയും ശ്രേഷ്ഠ തലവൻ റോമ്മായിലെ പാത്രിയർക്കീസും, അദ്ദേഹത്തിന്റെ കൂടെ എല്ലാവരുടേയും ശ്രേഷ്ഠ തലവൻ അലക്സാന്ത്രിയായിലെ പാത്രിയർക്കീസും അദ്ദേഹത്തോടു കൂടെ ... പാത്രിയർക്കീസും ... പാത്രിയർക്കീസും ആകുന്നു" എന്നു വേണം എന്നത്രേ. ഈ ഭാഗവും ബ. റമ്പാച്ചന്റെ പുസ്തകത്തിൽ എഴുതിയിരിക്കുന്നപോലെ തന്നെ ഈഷൽഭേദമെന്യേ "എ" അക്കം കാനോനിലും കാണുന്നുണ്ട്. എന്നാൽ "18" അക്ക

ത്തിൽ പ്രസ്തുത ഭാഗം കാണുന്നില്ല. ഇതിന്റെ വെളിച്ചത്തിൽ സത്യ കാനോൻ ഏതെന്ന് വായനക്കാർ പരിശോധിക്കുക. സത്യത്തെ നിഷേധിപ്പാനുള്ള നിർഭാഗ്യം നേരിടാതെ സൂക്ഷിക്കുക. അസത്യത്തെ നിഷേധിക്കുക!

6. "കാതോലിക്കായും മൂറോൻകൂദാശയും" എന്ന പേരിൽ പുല്യാട്ട് തുകലൻ മി. അവിരാ (പാത്രിയർക്കീസു പക്ഷത്തെ ട്രസ്റ്റി) യുടെ പ്രസ്സിൽ നിന്നും 1932-ൽ അച്ചടിപ്പിച്ച് പ്രസിദ്ധം ചെയ്ത ലഘുപുസ്തകത്തിൽ മൂറോൻ കൂദാശ സംബന്ധിച്ച് കാനോൻ 3:1-ൽ "പാത്രിയർക്കീസിനും കാതോലിക്കായ്ക്കും മെത്രാപ്പോലീത്തായ്ക്കും മാത്രമേ മൂറോൻ കൂദാശ ചെയ്യുവാൻ അനുവാദമുള്ളൂ" എന്നു പറഞ്ഞിട്ടുള്ളത് സമ്മതിച്ചിരിക്കുന്നു. പ്രസ്തുത ഭാഗത്തിന്റെ അർത്ഥം മറ്റുവിധത്തിലാണെന്നു സ്ഥാപിച്ച് പാത്രിയർക്കീസ് കക്ഷിയുടെ വാദം പുലർത്തുവാൻ ശ്രമിക്കുകയുമാണ് അതിൽ ചെയ്തിരിക്കുന്നത്. അർത്ഥം എന്തുമായിക്കൊള്ളട്ടെ, അത് ഇവിടെ ചിന്താവിഷയമല്ല. ഈ കാനോൻ ഉദ്ധരണി യാതൊരു വ്യത്യാസവും കൂടാതെ പാത്രിയർക്കീസ് കക്ഷി ഉദ്ധരിച്ചിരുന്നതുപോലെ തന്നെ, കാതോലിക്കോസ് കക്ഷിയുടെ "എ" അക്കത്തിലുണ്ട്. എന്നാൽ പാത്രിയർക്കീസ് കക്ഷിയുടെ "18" അക്കത്തിൽ അത് അപ്രകാരമില്ല. മെത്രാപ്പോലീത്തായ്ക്കും മൂറോൻ കൂദാശ ചെയ്യാമെന്നുള്ള ഭാഗം അതിലില്ല; അതു വിട്ടുകളഞ്ഞിരിക്കുന്നു. കൃത്രിമ കാനോൻ ഏത്?

7. 1944-ലെ പാത്രിയർക്കീസ് വിഭാഗത്തിന്റെ കാനോനും "എ" അക്കം തന്നെ. "18" അക്കം അല്ല: 1914-ക്ക് കൊല്ലവർഷം 1120-ലെ പാത്രിയർക്കീസ് വിഭാഗത്തിന്റെ നാവായി നടത്തിവന്ന "ദി സിറിയൻ ലീഫ് ലെറ്റ്സ്" 13, 14, 15 എന്നീ നമ്പരുകളിൽ "നമ്മുടെ പള്ളി" എന്ന ശീർഷകത്തിൽ സർവ്വപ്രധാനമായ കാര്യങ്ങളെപ്പറ്റി കാനോൻ ഉദ്ധരിച്ചുകൊണ്ട് എഴുതുന്നു എന്ന് പ്രഖ്യാപിച്ചുകൊണ്ട് ഫാദർ കുര്യൻ കണിയാമ്പറമ്പിൽ അവർകൾ ഒരു ലേഖനം എഴുതിയിട്ടുണ്ട്. അതിൽ ഹൂദായ കാനോൻ ആദ്യ അദ്ധ്യായത്തിൽ നിന്നുതന്നെ കാൽ ശതത്തിലധികം ഭാഗങ്ങൾ ഉദ്ധരിച്ചിട്ടുണ്ട്. അവയിൽ ഒന്ന് മൂന്നാം പോസൂക്കായിലെ (ശ്ലീഹന്മാരുടെ) ആദ്യ ഖണ്ഡികയത്രേ. "എല്ലാ ആദ്യവിളവു (റിശീസാ) കളും എപ്പിസ്കോപ്പന്മാരുടേയും കശീശ്ശന്മാരുടേയും ശെമ്മാശന്മാരുടേയും ചെലവിനായി പള്ളിയിൽ കൊണ്ടുവരപ്പെടണം..." (ലീഫ്ലെറ്റ് നമ്പർ 15, പേജ് 3). "റിശീസാ" എന്ന സുറിയാനി പദമാണ് "ആദ്യ വിളവ്" എന്ന് തർജ്ജിമ ചെയ്യുന്നത് എന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. കാനോൻ സംബന്ധിച്ചും മറ്റും ഇന്നത്തെ പാത്രിയർക്കീസ് കക്ഷിയുടെ മല്പാനും, ആ കക്ഷിയുടെ മല്പാൻ സ്ഥാനത്തിന് യോഗ്യനും ആയ ബ. കണിയാംപറമ്പിൽ അച്ചൻ വളരെ കാര്യഗൗരവത്തോടു കൂടി

കാനോൻ ഉദ്ധരിച്ചുകൊണ്ട് സർവ്വപ്രധാനമായ വിശ്വാസാചാരങ്ങൾ പഠിപ്പിക്കുന്നത്. "എല്ലാ ആദ്യവിളവു (റീശീസാ) കളും എപ്പിസ്കോപ്പന്മാരുടേയും കശ്ശീശന്മാരുടേയും ശെമ്മാശ്ശന്മാരുടേയും ചെലവിനായി പള്ളിയിൽ കൊണ്ടുവരപ്പെടണം...." എന്നത്രെ. റീശീസാ മുഴുവനും (എല്ലാ ആദ്യവിളവുകളും) എപ്പിസ്കോപ്പന്മാർക്കും അവർക്കു കീഴുള്ളവർക്കുമായി കൊണ്ടുവരപ്പെടണം എന്ന് പറഞ്ഞിരിക്കുന്നതിനാൽ മറ്റു യാതൊരുവനും - പാത്രിയർക്കീസിനും - അതിന്മേൽ യാതൊരുവിധ അധികാരാവകാശങ്ങളും ഇല്ലെന്ന് പാത്രിയർക്കീസ് കക്ഷിയുടെ മല്പാൻ പ്രഖ്യാപിക്കുന്നു. എന്നാൽ സുറിയാനിസഭയുടെ കാനോനായി ഈ "മല്പാനും" മറ്റും കൊണ്ടുവരുന്ന "18" അക്കം അതേ സ്ഥാനത്ത് ശ്ലീഹന്മാരുടെ എന്ന തലക്കെട്ടിൽ കല്പിക്കുന്നത്, റീശീസായെല്ലാം പാത്രിയർക്കീസിനായി കൊണ്ടുവരപ്പെടണം എന്നത്രെ (ശ്ലീഹന്മാരുടെ കാനോനാകളിൽ ഒന്നിലും പാത്രിയർക്കീസ് എന്ന പദം പോലും ഇല്ലെന്നുള്ളത് ഈ അവസരത്തിൽ ഓർത്തിരിക്കേണ്ടതാണ്). എന്നാൽ എ അക്കത്തിലാകട്ടെ, പ്രസ്തുത ഭാഗം ടി മല്പാൻ പഠിപ്പിക്കയും ഉദ്ധരിക്കയും ചെയ്തിരിക്കുന്ന പ്രകാരംതന്നെ യാതൊരു വ്യത്യാസവും കൂടാതെ തെളിഞ്ഞു കിടക്കുന്നു. സുറിയാനി സഭയുടെ കാനോൻ ഏതെന്ന് ഇനിയും സംശയമോ! വ്യാജത്തിന്മേൽ പണിയുന്ന ഭവനം അതിൽ അഭയപ്പെടുന്നവരോടു കൂടെ നിലംപരിചാകാതിരിക്കുമോ? സത്യത്തെ ക്രൂശിക്കുന്നവനെ അത് ഒരിക്കൽ ക്രൂശിക്കും! ആ ദിവസത്തെ ഓർക്കുക!

8. ഇന്ത്യയിലുള്ള മലങ്കരസഭ പൗരസ്ത്യ കാതോലിക്കോസിന്റെ ഭരണത്തിൻകീഴിൽ ആയിരുന്നില്ലെന്നും, ആയിരുന്നു എന്നു തെളിയിപ്പാൻ യാതൊരു രേഖയുമില്ലെന്നും കാനോൻ സംബന്ധിച്ച് സവിസ്തരം പ്രതിപാദിക്കുന്ന പാത്രിയർക്കീസ്പക്ഷ നാവായ 1940-ലെ സഭാചന്ദ്രിക 75, 124 എന്നീ പുറങ്ങളിൽ പറയുന്നു. തന്റെ ഭരണാതിർത്തിയിൽ പെടാത്ത ഒരാൾക്കോ ഒരു സ്ഥലത്തേക്കോ പട്ടം കൊടുക്കുവാൻ ഒരുവനും അധികാരമില്ലെന്നുള്ളത് കാനോൻ സ്പഷ്ടമായി പ്രഖ്യാപിക്കുന്ന ഒരു പ്രമാണമാണ്. അതിനാൽ ഇന്ത്യാക്കാർക്ക് മെത്രാപ്പോലീത്തായെ വാഴിക്കുവാൻ കാതോലിക്കായ്ക്ക് അധികാരമുണ്ടെന്നു കാണുന്നപക്ഷം ഇന്ത്യ അദ്ദേഹത്തിന്റെ ഭരണാതിർത്തിയിൽപെട്ടതാണെന്നു സിദ്ധിക്കുമെന്നുള്ളതിൽ പക്ഷാന്തരമുണ്ടാകുവാൻ ഇടയില്ലല്ലോ. ഇന്ത്യാക്കാർക്ക് മെത്രാപ്പോലീത്തായെ വാഴിക്കുവാൻ പൗരസ്ത്യ കാതോലിക്കോസിനധികാരമുണ്ടെന്ന് "18" അക്കം 7:1-ൽ വളരെ വ്യക്തമായി പ്രഖ്യാപിക്കുന്നുണ്ട് (പേ. 41 കാണുക). 18 അക്കം ഒരു രേഖയും ശരിയായ കാനോനും ആകുന്നു എങ്കിൽ ഇന്ത്യ പൗരസ്ത്യ കാതോലിക്കോസിന്റെ ഭരണത്തിൽ പെട്ടതാകുന്നു എന്നു വിളിച്ചു പറയുന്ന ഒരു രേഖയാണത്. ഈ "18"

അക്കത്തെ ഒരു രേഖയായി പാത്രിയർക്കീസ് പക്ഷം തന്നെ സ്വീകരിക്കുന്നില്ല എന്ന്, ഇന്ത്യ കാതോലിക്കോസിന്റെ ഭരണത്തിൽപെട്ടതെന്ന് തെളിയിപ്പാൻ യാതൊരു രേഖയുമില്ലെന്ന്, കാനോൻ സുലഭമായി കൈകാര്യം ചെയ്യുന്ന ചന്ദ്രിക പ്രസ്താവിക്കുന്നതിനാൽ തെളിവാകുന്നില്ലയോ?

കാനോൻ സംബന്ധിച്ച തർക്കം മൂർദ്ധന്യസ്ഥാനത്തിലെത്തിയ ശേഷം പോലും സഭാകാര്യങ്ങൾ പ്രതിപാദിക്കുന്നിടത്തെല്ലാം പാത്രിയർക്കീസ് കക്ഷി നേതാക്കന്മാരും അതിലെ മല്പാന്മാരും ഔദ്യോഗിക പ്രസിദ്ധീകരണങ്ങളിൽ ഉപയോഗിച്ചുവന്നത് പാത്രിയർക്കീസ് പക്ഷത്തിന്റെ "18" അക്കമല്ല, എന്നാൽ കാതോലിക്കോസ് കക്ഷിയുടെ "എ" അക്കം കാനോനാണെന്നു മേൽ ചേർത്തിരിക്കുന്ന ഭാഗങ്ങൾ കൊണ്ട് വ്യക്തമായിരിക്കുന്നു. പ്രസ്തുത കാലഘട്ടത്തിൽ എന്നല്ല ഇക്കഴിഞ്ഞ 1950 ജൂലൈ മാസം വരെ ഒരിക്കലെങ്കിലും "18" അക്കത്തിൽ നിന്ന് ഒരുവനും ഉദ്ധരിച്ചു വി. സഭയിൽ പഠിപ്പിച്ചിട്ടുള്ളതായോ ഉപദേശിച്ചിട്ടുള്ളതായോ വാദിച്ചിട്ടുള്ളതായോ ഒരിടത്തും കാണുന്നില്ല എന്നുള്ള സംഗതിയും ഈ അവസരത്തിൽ വിസ്മരിക്കാവുന്നതല്ല. ഇത് എന്തു തെളിയിക്കുന്നു? വായനക്കാർ ചിന്തിക്കുമോ? 1950 വരെയുള്ള പല പ്രസിദ്ധീകരണങ്ങളിലായി പാത്രിയർക്കീസുകക്ഷി അനേകം കാനോൻ ഉദ്ധരണികൾ ചേർത്തിട്ടുണ്ട്. പാത്രിയർക്കീസ് കക്ഷിയുടെ വാദങ്ങളെ വളരെ ശക്തിയായി സ്ഥാപിക്കുന്നതായ അനേകമനേകം ഭാഗങ്ങൾ സമൃദ്ധിയായി ഉള്ളതായ "18" അക്കത്തിൽ നിന്നു ഒറ്റ ഉദ്ധരണി എങ്കിലും ആ കൂട്ടത്തിൽ കാണുവാൻ സാധിച്ചിട്ടില്ല. ഉണ്ടെങ്കിൽ ആരെങ്കിലും കാണിച്ചുതരുവാൻ സവിനയം അഭ്യർത്ഥിക്കുന്നു. "ദൈവത്തിന്റെ വി. സഭ ദൈവഭക്തിയിലും പരമാർത്ഥത്തിലും കൂടെയല്ലാതെ നിലനിൽക്കുകയോ അഭിവൃദ്ധിപ്പെടുകയോ ചെയ്യുകയില്ല" എന്ന് മാർ യൂലിയോസ് മെത്രാപ്പോലീത്താ തന്നെ അദ്ദേഹത്തിന്റെ സെക്രട്ടറി വഴിയായി വിളിച്ചുപറയുന്നുണ്ട്. "അവരുടെ പ്രവൃത്തികൾ പോലെ നിങ്ങൾ ചെയ്യരുത്. അവർ പറയുകയല്ലാതെ പ്രവർത്തിക്കുകയില്ലല്ലോ" എന്നു ഹൃദയമറിയുന്ന കർത്താവ് കല്പിക്കുന്നു. "വചനം കേൾക്കുന്നവർ മാത്രമായിരുന്നു തന്നത്താൻ വഞ്ചിക്കാതെ അതിനെ പ്രവർത്തിക്കുന്നവരും ആയിരിപ്പീൻ. ... സ്വാതന്ത്ര്യത്തിന്റെ പൂർണ്ണനിയമ (കാനോൻ) ത്തിലേക്കു ദൃഷ്ടി പതിപ്പിച്ചു കേട്ടതു മറക്കാതെ അതിൽതന്നെ തുടർന്നു പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവൻ ആരോ അവൻ അവന്റെ പ്രവൃത്തിയിൽ അനുഗൃഹീതനാകും" എന്നു വി. യാക്കോബ് ശ്ലീഹായും കല്പിക്കുന്നു (യാക്കോബ് 1:22–23). സത്യകാനേൻ ഏതെന്നു സ്വയം വ്യക്തമല്ലയോ? അസത്യം നീങ്ങിയേ അസമാധാനം നീങ്ങൂ. സത്യത്തെ ആദരിപ്പിൻ. "സത്യം നിങ്ങളെ സ്വതന്ത്രരാക്കും" എന്നത്രേ കർത്താവ് തന്റെ വി. സഭയോടു കല്പിക്കുന്നത്.

## അദ്ധ്യായം 10

# മുൻ പ്രസിദ്ധീകരണങ്ങളുടെ വെളിച്ചത്തിൽ

**9–ാം ഉരകല്ല്:** വിവാദ കാനോൻ പുസ്തകങ്ങളിൽ ഏതിന്റെ പ്രത്യേക ഭാഗങ്ങൾക്കു ഭിന്നതയ്ക്കു മുമ്പുള്ള പ്രസിദ്ധീകരണങ്ങളിൽ (എതിർ പക്ഷീയരുടേതുൾപ്പെടെ) സ്ഥാനവും പിൻതുണയും കാണുന്നുവോ അത് ഇരുഭാഗക്കാരും വി. സഭയുടേതായി അംഗീകരിച്ചു സ്വീകരിച്ചു വന്നതാണെന്നും, ഏതിന്റെ പ്രത്യേകതകൾക്ക് സ്വപക്ഷീയരുടെപോലും പ്രസിദ്ധീകരണങ്ങളിൽ സ്ഥാനമോ പിൻതുണയോ ഇല്ലാതിരിക്കുന്നുവോ അത് ഒരുത്തനും അംഗീകരിക്കയോ സ്വീകരിക്കയോ ആചരിക്കയോ ചെയ്തിട്ടില്ലാത്തതാകുന്നു എന്നും അത് കറിയിലെ വേപ്പിലപോലെ മാർത്തോമ്മാക്കാരുമായി ഉണ്ടായിരുന്ന കേസു കഴിഞ്ഞപ്പോൾ പുറം തള്ളി ഇട്ടിരുന്നതായിരുന്നു എന്നും തീർച്ചയാണ്.

1. “18” അക്കം കാനോനിൽ ഇല്ലാത്തതായി “എ” അക്കത്തിൽ ഉള്ള തായ ഭാഗങ്ങൾക്ക് രണ്ടാം ഉരകല്ലിൽ വിവരിച്ച പുരാതന കാനോൻ ഗ്രന്ഥ ങ്ങളിൽ പിന്തുണയും സ്ഥിരീകരണവും ലഭിച്ചിട്ടുള്ള വിവരം 3–ാം അദ്ധ്യാ യത്തിൽ കണ്ടിട്ടുള്ളതാണ്. മേൽപ്പറഞ്ഞ ഭാഗങ്ങളിൽ മിക്കവയും സന്ദർ ഭവശാൽ ഭിന്നതയ്ക്കു മുമ്പുള്ള ഇടവകപത്രിക, ജീവനിക്ഷേപം മുത ലായ മാസികകളിലും, ഭിന്നതയെ തുടർന്ന് പാത്രിയർക്കീസ് പക്ഷത്തു നിന്നു പ്രസിദ്ധീകരിച്ചിട്ടുള്ള “ജീവനിക്ഷേപം”, “സുറിയാനിസഭാ മാസിക”, “മലങ്കരസഭാ മിത്രം”, “സഭാചന്ദ്രിക”, “സുറിയാനി സഭാ സന്ദേശം” എന്നിവകളിലും ആ പക്ഷത്തു നിന്ന് പ്രസിദ്ധീകരിച്ചിട്ടുള്ള ലഘുലേഖകളിലും ഉദ്ധരിച്ചു പിന്തുണയും സ്ഥിരീകരണവും നൽകി യിരിക്കുന്ന വിവരം 3 മുതൽ 9 വരെയുള്ള അദ്ധ്യായങ്ങളിൽ പ്രതിപാദി ച്ചിട്ടുണ്ട്.

2. ഇനി “എ” അക്കം കാനോനിൽ ഇല്ലാത്തതായി “18” അക്കത്തിൽ മാത്രം കാണുന്ന ഭാഗങ്ങളുടെ സ്ഥിതി എന്തെന്ന് പരിശോധിക്കാം (ഭിന്ന തയ്ക്ക് മുമ്പുള്ള പ്രസിദ്ധീകരണങ്ങളിലെ കാനോൻ ഉദ്ധരണികളിലും ഭിന്നതകാലത്തും അതിനുശേഷവും ഉള്ള പ്രസിദ്ധീകരണങ്ങളിലെയും പാത്രിയർക്കാ കല്പനകളിലേയും കാനോൻ ഉദ്ധരണികളിലും “18” അക്കത്തിൽ മാത്രമുള്ള ഭാഗങ്ങൾ കാണുന്നില്ലെന്ന് 3 മുതൽ 8 വരെ യുള്ള ഉരകല്ലുകൾ പരിശോധിച്ചപ്പോൾ വ്യക്തമായിട്ടുണ്ട്.). “18” അക്കം ആദിയായി മാർ അത്താനാസ്യോസ് മെത്രാച്ചന്റെ പക്ഷത്തുനിന്നും

ഹാജരാക്കിയിട്ടുള്ള കാനോനിൽ മാത്രമുള്ള യാതൊരു ഭാഗത്തിനും കാതോലിക്കോസ് കക്ഷിയുടെ എന്നല്ല പാത്രിയർക്കീസ് കക്ഷിയുടെ പ്രസിദ്ധീകരണങ്ങളിലും ഭിന്നതയ്ക്കു മുമ്പുണ്ടായിട്ടുള്ള പ്രസിദ്ധീകരണങ്ങളിലും യാതൊരുവിധ പിന്തുണയും സ്ഥിരീകരണവും ലഭിച്ചിട്ടുള്ളതായി കാണുന്നില്ല.

3. മാർ അത്താനാസ്യോസ് പക്ഷത്തെ വാദം: കാതോലിക്കോസ് പാത്രിയർക്കീസിന്റെ കല്പനകളനുസരിച്ചു നടക്കുവാൻ ചുമതലപ്പെട്ട ഒരു ആജ്ഞാനുവർത്തി മാത്രമാണെന്നും അദ്ദേഹത്തിന് പാത്രിയർക്കീസിന്റെ ഇഷ്ടാനിഷ്ടം നോക്കാതെ ഒരു എപ്പിസ്കോപ്പായെ വാഴിക്കുന്നതിനു പോലും അധികാരമില്ലെന്നുമാണ്. ഈ വാദങ്ങൾ സമർത്ഥിക്കുന്നതിന് പല സ്ഥാനങ്ങളിലും ചന്ദ്രിക തെളിവുകൾ തേടിയതായി കാണുന്നുണ്ട്. കാനോനിൽ തന്നെ മുപ്പതിൽപ്പരം സ്ഥാനങ്ങളിൽ തെളിവ് തിരഞ്ഞതായി ചന്ദ്രിക വിളിച്ചുപറയുന്നുണ്ട് (ചന്ദ്രിക 3:71–74). ചന്ദ്രികയുടെ വാദങ്ങൾ ശക്തിയുക്തം സ്ഥാപിക്കുന്നതിനുപകരിക്കുന്നത് എന്നു മാത്രമല്ല ആ വാദങ്ങൾതന്നെ കാനോൻ വിധിയായി പ്രഖ്യാപിക്കുന്ന അനേക ഭാഗങ്ങൾ "18" അക്കത്തിലുണ്ട്. അവയിൽ നിന്ന് ഒറ്റ വാചകം, വേണ്ട ഒറ്റ വാക്കു പോലും ചന്ദ്രിക ഉദ്ധരിച്ചു കാണുന്നില്ല. ഇക്കഴിഞ്ഞ നാല്പതിൽപരം വർഷകാലത്തെ കലഹകോലാഹലങ്ങൾക്കിടയിൽ മാർ അത്താനാസ്യോസ് മെത്രാച്ചന്റെ ഭാഗത്തുനിന്നും പല പ്രസിദ്ധീകരണങ്ങളും പ്രസ്താവനകളും കല്പനകളും ഉണ്ടായിട്ടുണ്ട്. അവയിൽ ഒന്നിൽ പോലും ഈ "18" അക്കത്തിൽ നിന്ന് ഒറ്റ വാക്കെങ്കിലും ഉദ്ധരിച്ചു കാണുന്നില്ല. സമുദായക്കേസ് വാദിക്കുമ്പോൾ ധരിക്കുകയും അത് കഴിയുമ്പോൾ ഊരിക്കളയുകയും ചെയ്യുന്ന ഒരു "അഡ്വക്കേറ്റ്സ് ഗൗൺ" ആയിട്ടാണ് ഇപ്പോൾ അത് ഇരിക്കുന്നത്. അതിനാലത്രെ കോടതിവളപ്പിനു വെളിയിൽ അതിന്റെ തല കാണാതിരിക്കുന്നത്.

ഈ "18" അക്കത്തെ താലോലിക്കുന്നത്, "ആങ്ങള ചത്താലും നാത്തൂന്റെ കണ്ണീരു കാണുന്നതിനുള്ള മോഹം" കൊണ്ടാണെങ്കിലും ആ താലോലിക്കൽ, സർപ്പകുഞ്ഞിനു പാലും പഴവും കൊടുത്തു പോറ്റുന്നതുപോലെയാണെന്ന് – സ്വന്ത ശവക്കുഴിമാന്തൽ തന്നെയാണെന്ന് – മനസ്സിരുത്തി ഗ്രഹിക്കാത്തതാണ് വി. സഭയ്ക്ക് വിപത്തായിരിക്കുന്നത്. ഈ സർപ്പകുഞ്ഞ് ഇനിയും വളർന്നു പടം കൊഴിഞ്ഞ് കോടതിവളപ്പിൽ നിന്നും പുറത്തിറങ്ങി വിലസി വിഷം വമിക്കുന്നതിനു മുമ്പായി, കോടതി വളപ്പിൽ വച്ചുതന്നെ, അതിന്റെ തല ചതച്ചില്ലെങ്കിൽ, ഏദനിലെ ആദാമ്യ സഭയെ വഞ്ചിച്ച് അധഃപതിപ്പിച്ചപ്രകാരം മലങ്കരയിലെ നമ്മുടെ പാവപ്പെട്ട സഭയേയും അത് അധഃപതിപ്പിക്കും. അതിനാൽ വഞ്ചകൻ കുതികാലിൽ കടിക്കും മുമ്പ് അതിന്റെ തല ചതയ്ക്കാൻ സഭാമക്കൾ തയ്യാറാ

കേണ്ടിയിരിക്കുന്നു. നമ്മുടെ സഭയുടെ ഭാവി, എന്തുവന്നാലും "ഞാനും എന്റെ കുടുംബവും സത്യത്തെ (ദൈവത്തെ) സേവിക്കും" എന്ന് പറയുന്ന യുവവീരന്മാരുടെ സത്യദീക്ഷയേയും മനോവീര്യത്തേയും ആശ്രയിച്ചത്രെ ഇരിക്കുന്നത്. നിങ്ങൾ ആരെ പിൻചെല്ലും? സത്യകാനോനേയോ തിരുത്തു കാനോനേയോ? .... തീരുമാനിക്കുക.

## അദ്ധ്യായം 11

# "18" അക്കത്തിന്റെ വെളിച്ചത്തിൽ

**10-ാം ഉരകല്ല്:** "18" അക്കത്തിന്റെ പ്രത്യേക ഭാഗങ്ങൾ "18" അക്കത്തിന്റെ വെളിച്ചത്തിൽ തന്നെ നിജമായി കാണപ്പെടുന്നില്ലെങ്കിൽ അവ കൃത്രിമമെന്ന് തിട്ടമാണ്.

മുമ്പു പരിശോധിച്ചിട്ടുള്ള 9 ഉരകല്ലുകളിൽ ഓരോന്നിലും വിവാദ കാനോൻ പുസ്തകങ്ങളെ ഇതര രേഖകളോട് തുലനം ചെയ്ത് ഉരച്ചു നോക്കുകയത്രേ ചെയ്തത്. ആ ഓരോ പരിശോധനയിലും യഥാർത്ഥ കാനോൻ "എ" അക്കമാണെന്നും "18" അക്കം കൃത്രിമമാണെന്നും സ്പഷ്ടമായി കണ്ടു കഴിഞ്ഞു. ഇനി പതിനെട്ടക്കത്തെ അതിനോടു തന്നെ ഉരച്ച് അതിന്റെ തനിനിറം എന്തെന്നു നോക്കാം. പരിശോധനയിൽ കൃത്രിമം പെട്ടെന്ന് തെളിയാതിരിക്കത്തക്കവണ്ണം കരുതിയേ കൃത്രിമം ചെയ്യുവാൻ ഇടയുള്ളു എന്നു പറയേണ്ടതില്ലല്ലോ. എടുത്തു കളഞ്ഞതിന്റെ വിടവുകളും തള്ളിക്കയറ്റിയതിന്റെ മുഴകളും പ്രഥമദൃഷ്ടിയിൽ പെടാതെ സാമാന്യം കരുതലോടെ നിരപ്പ് വരുത്തിയിട്ടുണ്ട്. മാത്രമല്ല ഇഴപ്പുകൾ (joints) അറിയാതിരിപ്പാൻ കഴിയുന്നത്ര ചെത്തിച്ചേർത്ത് പുറമെ ചായവും കൊടുത്താണ് "18" അക്കത്തെ ആകൃതിപ്പെടുത്തിയിട്ടുള്ളത്. അതിനാൽ വളരെ സൂക്ഷ്മത്തോടെ പരിശോധന നടത്തുമ്പോഴേ കള്ളി വെളിക്കാകൂ.

1. "18" അക്കത്തിൽ തർക്കരഹിതമായുള്ള - അതായത് "എ" അക്കത്തിനും "18" അക്കത്തിനും പൊതുവേ ഒരുപോലെയുള്ള ഭാഗങ്ങൾ കൊണ്ട് പാത്രിയർക്കീസും കാതോലിക്കോസും തുല്യ അധികാരികൾ എന്നു തെളിയുകയും, അങ്ങനെ "18" അക്കത്തിലും തെളിഞ്ഞു കാണുന്നതിനോട് യോജിക്കാതെ അതിനു വിരുദ്ധമായി "18" അക്കത്തിനു മാത്രമുള്ള പ്രത്യേക ഭാഗങ്ങൾ വിയോജിച്ച് നിൽക്കയും ചെയ്യുന്നു എങ്കിൽ ആ ഭാഗങ്ങൾ കൃത്രിമമാണെന്നുള്ളത് തർക്കരഹിതമാണ്.

കാനോൻ 7:1-ൽ നിഖ്യാ എന്ന തലക്കെട്ടിൽ "എ" അക്കവും "18" അക്കവും ഏകശബ്ദത്തിൽ പറയുന്നത് "കിഴക്കിന്റെ വലിയ മെത്രാപ്പോലീത്തായ്ക്ക് ഇനിമേൽ പാത്രിയർക്കീസിനെപ്പോലെ കിഴക്കു മെത്രാപ്പോലീത്തന്മാരെ വാഴിക്കുവാൻ അധികാരമുണ്ടായിരിക്കുന്നതാണ്. അദ്ദേഹം കാതോലിക്കാ എന്നു വിളിക്കപ്പെടണം. അദ്ദേഹം പടിഞ്ഞാറുകാരുടെ സുന്നഹദോസിൽ ഹാജരാകുമ്പോൾ എല്ലാ മെത്രാപ്പോലീത്തന്മാർക്കും മേലായി യെറുശലേം പാത്രിയർക്കീസിനോടു കൂടെ സിംഹാ

സനം നൽകപ്പെടണം" എന്നത്രേ. ഇവിടെ കാതോലിക്കോസിന്റെ അധികാരം പാത്രിയർക്കീസിന്റേതിനോട് തുല്യമാണെന്നും ഉദ്യോഗപ്പേർ കാതോലിക്കോസ് എന്നായിരിക്കണമെന്നും സിംഹാസനം യെറുശലേം പാത്രിയർക്കീസിനോടു കൂടെ ആയിരിക്കണമെന്നു വിധിച്ചിരിക്കുന്നു. വീണ്ടും അതേ പോസൂക്കോയിൽ തന്നെ യൂഹാനോൻ പാത്രിയർക്കീസ് എന്ന തലക്കെട്ടിൽ "എ" അക്കവും "18" അക്കവും ഒരേ ശബ്ദത്തിൽ ആജ്ഞാപിക്കുന്നത് "മപ്രിയാനായാൽ മുടക്കപ്പെട്ട എപ്പിസ്കോപ്പായെ മുടക്കപ്പെട്ടവനായി പാത്രിയർക്കീസും കരുതിക്കൊള്ളണം" എന്നാകുന്നു. കാതോലിക്കോസ് (മപ്രിയാനാ) മുടക്കുന്ന എപ്പിസ്കോപ്പായെ മുടക്കപ്പെട്ടവനായി പാത്രിയർക്കീസും കരുതിക്കൊള്ളണം എന്ന് പ്രത്യേകം ആജ്ഞാപിച്ചിരിക്കുന്നു. ഇപ്രകാരം വ്യവസ്ഥ ചെയ്തത് കാതോലിക്കോസ് പാത്രിയർക്കീസിൽ നിന്ന് സർവ്വസ്വതന്ത്രനായതുകൊണ്ടാണെന്നും കാതോലിക്കോസ് നൽകുന്ന മുടക്ക് പാത്രിയർക്കീസിന്റെ പ്രത്യേക താൽപര്യങ്ങൾക്ക് വിരുദ്ധമായി വന്നാൽ തന്നെയും ധിക്കരിക്കാതെ അതിനനുസരണമായി പാത്രിയർക്കീസും പ്രവർത്തിക്കേണ്ടതിലേക്കാണെന്നും കാണുവാൻ വ്യാഖ്യാനം ആവശ്യമില്ല. ഇവയിൽ നിന്നെല്ലാം വ്യക്തമാകുന്നത് പാത്രിയർക്കീസിന്റെ ഇഷ്ടാനിഷ്ടം നോക്കാതെ മേല്പട്ടക്കാരെ വാഴിപ്പാൻ അധികാരമുള്ള പ്രകാരംതന്നെ അവരെ മുടക്കുന്നതിനും കാതോലിക്കോസിന് അധികാരമുണ്ടെന്നും, അതിന്റെ സാധുത്വത്തേയോ ന്യായാന്യായങ്ങളേയോ ചോദ്യം ചെയ്യുവാൻ പാത്രിയർക്കീസിനു യാതൊരുവിധ അധികാരമോ മേൽക്കോയ്മയോ ഇല്ലെന്നും അത്രേ. വിഛേദനക്രിയ വേണ്ടത്ര വിജയകരമായി ചെയ്തിരുന്നു എന്നു വരികിൽ ഈ ഭാഗങ്ങൾ "18" അക്കത്തിൽ അവശേഷിക്കയില്ലായിരുന്നു എന്ന് പറയേണ്ടതില്ലല്ലോ. സത്യത്തെ എന്നേക്കുമായി കുഴിച്ചു മൂടുക സാധ്യമല്ല തന്നെ.

ഇനി "18" അക്കത്തിനു മാത്രമുള്ള പ്രത്യേക ഭാഗങ്ങൾ പരിശോധിച്ചു നോക്കാം. "18" അക്കം 7:1-ൽ പറയുന്നു: "അദ്ദേഹം (കാതോലിക്കോസ്) അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ ആജ്ഞകളനുസരിച്ചു പ്രവർത്തിക്കണം. തന്റെ മേലാവിനെ ധിക്കരിക്കരുത്. ... കിഴക്ക് അന്ത്യോഖ്യാ പാത്രിയർക്കീസിനെ ധിക്കരിച്ചോ അദ്ദേഹത്തിന്റെ ഇഷ്ടത്തിനെതിരായോ ഒരു മപ്രിയാനായേയോ ഒരു മെത്രാപ്പോലീത്തായേയോ ഒരു എപ്പിസ്കോപ്പായേയോ വാഴിക്കുവാൻ അവകാശമില്ല" എന്ന്. ഇവയുടെ അർത്ഥവും ആശയവും മേൽ കണ്ടവയ്ക്ക് കടകവിരുദ്ധമെന്ന് സ്വയം വ്യക്തമാകയാൽ വിശദീകരണം ആവശ്യമില്ല തന്നെ.

"18" അക്കത്തിനു മാത്രമുള്ള ഭാഗങ്ങൾ "18" അക്കത്തിൽ തന്നെയുള്ള തർക്കരഹിതമായ ഭാഗങ്ങളോട് യോജിക്കുന്നുണ്ടോ? അവ

വിശ്വാസയോഗ്യമോ? എന്നീ പ്രശ്നങ്ങൾക്ക് സത്യത്തിന്റെ വെളിച്ചത്തിൽ വായനക്കാർ തന്നെ മറുപടി കണ്ടുപിടിച്ചാലും!

2. "18"-ന് പ്രത്യേകമായുള്ള പല ഭാഗങ്ങളും അർത്ഥശൂന്യവും യുക്തിവിരുദ്ധവുമാകുന്നുവെങ്കിൽ അവ വിശ്വാസയോഗ്യമായിരിപ്പാൻ ഇടയില്ല. അവ കാനോനിലുള്ളതായി "18" അക്കം തന്നെ സമ്മതിക്കുന്ന ഭാഗങ്ങൾക്ക് വിരുദ്ധം കൂടെയാണെങ്കിൽ അവ വിശ്വാസയോഗ്യമല്ലെന്നുള്ളത് സംശയരഹിതമാണ്.

സഭയ്ക്ക് വെളിക്കുള്ളവരെപ്പറ്റി കാനോൻ പ്രതിപാദിക്കുന്ന ഒരു ഭാഗം പരിശോധിക്കാം. സത്യവിശ്വാസികളുടെ സംഘത്തിന് - വി. സഭയ്ക്കു - വെളിക്കുള്ള ഏതൊരു വ്യക്തിയേയും വിവാഹത്തിൽ വി. സഭാംഗങ്ങൾ സ്വീകരിക്കുന്നതിനെ സംബന്ധിച്ചു ഇരുകക്ഷിയുടെ കാനോനിലും കുറെ ഭാഗം ഒരുപോലെ തന്നെയാണ്. "അവിശ്വാസം സംബന്ധിച്ചു വ്യത്യസ്തമായ ആറു വർഗ്ഗം ഞങ്ങൾ അറിയുന്നു. 1) കാവ്യർ, 2) മ്ഗൂശ്യർ, 3) യഹൂദ്യർ, 4) മഹമ്മദീയർ, 5) മിശിഹായുടെ ദൈവത്വത്തിൽ സംശയിക്കുന്ന അറിയൂസ്യ ക്രിസ്ത്യാനികൾ, 6) മിശിഹായുടെ സ്വഭാവം, ആളത്വം എന്നിവയുടെ യോജിപ്പിനെ ഭിന്നമായി ഉപദേശിക്കുന്ന ക്രിസ്ത്യാനികൾ...." ഇത്രയും ഭാഗമാണ് ഒരുപോലെയുള്ളത്. അതിനെത്തുടർന്ന് "എ" അക്കത്തിൽ കാണുന്നത് ആദ്യത്തെ അഞ്ചു വർഗ്ഗത്തിലുമുള്ള സ്ത്രീകളെ മാമോദീസാ മുക്കി വിശ്വാസം പഠിപ്പിച്ച് വിവാഹത്തിൽ സ്വീകരിക്കുന്നു; എന്നാൽ ആറാമത്തെ വർഗ്ഗത്തിൽ നിന്നുള്ള സ്ത്രീകളെ <u>മാമോദീസാ മുക്കാതെ ഞങ്ങളുടെ വിശ്വാസം പഠിപ്പിക്ക മാത്രം ചെയ്തുകൊണ്ട്</u> വിവാഹത്തിൽ ഞങ്ങൾ സ്വീകരിക്കുന്നു" എന്നത്രെ. എന്നാൽ അതേസ്ഥാനത്ത് "18" അക്കത്തിലാകട്ടെ "<u>ഈ ആറു കൂട്ടരിൽ നിന്നു വരുന്നവരേയും മാമോദീസാ മുക്കി വിശ്വാസം</u> പഠിപ്പിച്ച് വിവാഹത്തിൽ ഞങ്ങൾ സ്വീകരിക്കുന്നു" എന്ന് എഴുതിയിരിക്കുന്നു.

എ. ഇവിടെ "18" അക്കം അർത്ഥരഹിതവും യുക്തിവിരുദ്ധവുമാണ്. വി. സഭയ്ക്കു വെളിയ്ക്കുള്ള സകല ക്രൈസ്തവരേയും ക്രൈസ്തേതരരേയും യാതൊരുവിധ തരവ്യത്യാസവും കൂടാതെ ഒരേ ഒരു വിധത്തിൽ തന്നെ പരിഗണിച്ച് മാമോദീസാ മുക്കി വിശ്വാസം പഠിപ്പിച്ച് സ്വീകരിക്കുന്നു എങ്കിൽ, "പൗരസ്ത്യ പ്രകാശം" എന്ന അപരനാമത്തിൽ പ്രസിദ്ധനായ മാർ ഗ്രീഗോറിയോസ് ബാറെബ്രായ, അവരെ നിരർത്ഥകമായി ആറായി തിരിക്കയില്ലാ എന്നുള്ളതും, എത്രയും ശാസ്ത്രീയവും യുക്തിയുക്തവുമായി അവരെ ആറായി തിരിച്ചു പറഞ്ഞശേഷം ആ ആറ് വർഗ്ഗത്തേയും യുക്തിരഹിതമായി ഒറ്റ വർഗ്ഗമെന്നവണ്ണം പരിഗണിക്കയില്ലാ എന്നുള്ളതും സംശയരഹിതമാണ്.

ബി. "18" അക്കത്തിനു മാത്രമുള്ളതായ ഭാഗം മേൽ കണ്ടതുപോലെ അർത്ഥശൂന്യവും യുക്തിവിരുദ്ധവും ആണെന്നു മാത്രമല്ല ശരിയായ കാനോനിലുള്ളതെന്ന് "18" അക്കം തന്നെ സമ്മതിച്ച് 2-ാം കെപ്പാലെ യോൻ 1-ാം പോസൂക്കോയിൽ രേഖപ്പെടുത്തിയിട്ടുള്ള കാനോൻ വിധി കൾക്ക് കടകവിരുദ്ധം കൂടിയാണ്. "18" അക്കം 2:1-ൽ വി. സേവീറെ എന്ന തലക്കെട്ടിൽ പറയുന്നത്: "ഇടത്തൂട്ടുകാരിൽ നിന്ന് ത്രിത്വനാമ ത്തിൽ മാമോദീസാ മുങ്ങിയവർ രണ്ടാമതു മുങ്ങേണ്ടാ എന്ന് അലക്സ ന്ത്രിയായുടെ ദീവന്നാസ്യോസ് പ്രത്യേകിച്ചു പറഞ്ഞു. അങ്ങനെ തന്നെ തേവോദോറോസിന്റെയും നെസ്തോറിയോസിന്റെയും ഇടത്തൂടുകളിൽ നിന്ന് തിരിഞ്ഞുവരുന്നവരും രണ്ടാമത് മാമോദീസാ മുങ്ങുകയും അഭി ഷേകം ചെയ്യപ്പെടുകയും വേണ്ടാ എന്നും, അവർ വിട്ടുതിരിഞ്ഞ് ഇട ത്തൂടിനെ ശപിച്ച് തള്ളുക മാത്രം ചെയ്താൽ മതിയെന്നും നിഖ്യായിൽ കൂടിയ സുന്നഹദോസും എപ്പേസൂസിൽ കൂടിയ പിതാക്കന്മാരും നിശ്ച യിച്ചു. ... ഇടത്തൂടുകാരുടെ അടുക്കൽ തങ്ങളുടെ മക്കളെ മാമോദീസാ മുക്കിയ സത്യവിശ്വാസികൾ മേലാൽ മക്കളെ ഇടത്തൂടുകാരുടെ അടു ക്കൽ കൊണ്ടുപോകയില്ലെന്ന്, സത്യം ചെയ്താൽ അവർക്കും മക്ക ൾക്കും കുർബ്ബാന കൊടുക്കാം. ..." എന്നാകുന്നു. വീണ്ടും അതേ പോസൂ ക്കോയിൽ തന്നെ യൂഹാനോൻ പാത്രിയർക്കീസ് എന്ന തലക്കെട്ടിൽ പറയുന്നത്: "ഇടത്തൂടുകാരിൽ നിന്ന് മാമോദീസാ മുങ്ങിയിട്ട് തിരിഞ്ഞു വരുന്നവർ മൂറോൻ കൈക്കൊണ്ടിട്ടില്ലെങ്കിൽ അവരെ മൂറോൻ മുദ്ര കുത്തിക്കൊണ്ട് കുർബ്ബാന കൊടുക്കാം" എന്നത്രെ. ഇങ്ങനെ സ്പഷ്ട മായി പ. സുന്നഹദോസുകളും പിതാക്കന്മാരും കല്പിക്കുകയും സഭ യുടെ കാനോനിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുള്ളത്, പല ശസ്ത്ര ക്രിയകൾക്കും വെട്ടിതിരുത്തലിനും വിധേയമായ "18" അക്കത്തിൽ പോലും ഇന്നും തേഞ്ഞുമാഞ്ഞുപോകാതെ ശിലാലിഖിതതുല്യം കാണു ന്നുണ്ട്. അതിനെ തട്ടി ദൂരത്തെറിയാം എന്നു വ്യാമോഹിച്ചുകൊണ്ടു തേവോദോറോസ്യർ നെസ്തോറിയർ ആദിയായി മിശിഹായുടെ ആളത്വം സ്വഭാവം എന്നിവകളിൽ മാത്രം അഭിപ്രായഭിന്നതയുള്ളവരുൾപ്പെടെ ഏവ രേയും മാമോദീസാ മുക്കി വേണം സ്വീകരിക്കുവാൻ എന്ന് എഴുതി ച്ചേർത്തിരിക്കുന്നു. ഇത് എഴുതിപ്പിടിപ്പിക്കുന്നതിനും അത് സത്യകാനോൻ എന്ന് ഇന്നു ശങ്കാവിഹീനം ഘോഷിക്കുന്നതിനും പ്രദർശിപ്പിക്കുന്ന ധീരത ഒരു വിധത്തിൽ പ്രശംസനീയം തന്നെയെന്നു പറയാതെ തര മില്ല! എങ്കിലും സത്യകാനോൻ ഏതെന്നറിഞ്ഞിട്ടും അതിന്റെ പിന്നിൽ അണിനിരക്കുവാൻ മുഖം നോക്കി വൈമനസ്യം കാണിക്കുന്നത് കേവലം ഭീരുത്വമത്രെ.

3. "18" അക്കത്തിന് പ്രത്യേകമായുള്ളത് കൃത്രിമമെന്ന് ആ പ്രത്യേക

ഭാഗം കൊണ്ടുതന്നെ തെളിയുന്നു എങ്കിൽ “18” അക്കം നിജമല്ലെന്നു ള്ളത് നിശ്ചയമാണ്. 18 അക്കം 7:1–ൽ (നിഖ്യാ) പറയുന്നു. “കുപ്രോസ് ദ്വീപിലെ റീശ്എപ്പിസ്കോപ്പാ വർഷകാലത്ത് – സമുദ്രയാത്രയ്ക്കു വിഷ മമുള്ള കാലത്ത് – കാലംചെയ്താൽ ദ്വീപിലെ എല്ലാ എപ്പിസ്കോപ്പ ന്മാരും കൂടി അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ കല്പനയാൽ അവർക്കു മെത്രാപ്പോലീത്തായെ (റീശെപ്പിസ്കോപ്പായെ) നിയമിക്കണം. പാത്രി യർക്കീസ് അവരെ വിരോധിപ്പാൻ പാടില്ല. അങ്ങനെ തന്നെ ഇന്ത്യയിലെ ആളുകൾക്കും; അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ അനുവാദത്തോടു കൂടെ പ്രവർത്തിച്ചുകൊള്ളണം. അനേക ഇടവകകൾക്ക് വൈധവ്യം ഭവി ക്കാതിരിക്കാൻവേണ്ടി പാത്രിയർക്കീസ് അവരെ തടയുകയുമരുത്.” ഇതിൽ പ്രത്യേകം ശ്രദ്ധേയമായ പല സംഗതികളും അടങ്ങിയിട്ടുണ്ട്.

എ. നിഖ്യാ നിശ്ചയങ്ങളിൽ കിഴക്കിനെ സംബന്ധിച്ചുള്ളവ ആദ്യ ഭാഗത്ത് ഒന്നാം ഖണ്ഡികയിൽ നാം കണ്ടുകഴിഞ്ഞു. അതിനുശേഷം കൂശായ (അബിസീനിയ) ക്കാരുടെ കാര്യമാണ് പറഞ്ഞിരിക്കുന്നത്. അതും കഴിഞ്ഞ് മൂന്നാമതായിട്ടാണ് കുപ്രോസുകാരുടെ കാര്യം പറ ഞ്ഞിരിക്കുന്നത്. ഇങ്ങനെ ഓരോ സ്ഥലത്തെ കാര്യങ്ങൾ അതിന്റെ ക്രമ മനുസരിച്ചു ഒന്നിനു പിറകെ ഒന്നായി പ്രതിപാദിച്ചു പാസാക്കിയ സുന്ന ഹദോസിൽ കിഴക്കിനെ സംബന്ധിച്ച കാര്യങ്ങൾ കുറെ കിഴക്കിനെ സംബന്ധിച്ചു പറയുന്നിടത്തും ബാക്കി കുറെ കൂശായക്കാരെപ്പറ്റി പറ യുന്നിടത്തും പിന്നീട് കുറെ കുപ്രോസുകാരെപ്പറ്റി പറയുന്നിടത്തും അങ്ങിനെ ഓരോ മുറി ഓരോ സ്ഥലത്ത് മറ്റ് ഓരോന്നിന്റെ വാല് എന്ന പോലെ പറയുക സ്വാഭാവികമോ എന്നു ചിന്തിക്കുക!

ബി. പാത്രിയർക്കീസിനെപ്പോലെ തന്നെ മെത്രാപ്പോലീത്തന്മാരെ വാഴി ക്കുവാൻ അധികാരമുള്ള കാതോലിക്കോസിന്റെ ഭരണാതിർത്തിക്കുള്ളിൽ ഒരു റീശെപ്പിസ്കോപ്പാ (മെത്രാപ്പോലീത്താ) യെ വാഴിക്കുന്നത് പാത്രി യർക്കീസിന്റെ – കാതോലിക്കോസ് മുടക്കുന്ന മേൽപട്ടക്കാരനെ മുടക്ക പ്പെട്ടവനായി കരുതിക്കൊൾകയല്ലാതെ അതേപ്പറ്റി യാതൊന്നും ചെയ്യു വാൻ അധികാരമോ അവകാശമോ ഇല്ലാത്ത ഒരു പാത്രിയർക്കീസിന്റെ – അനുവാദത്തോടുകൂടി വേണം എന്നൊരു നിയമം ഉണ്ടായിരിക്കുക സംഭവ്യമോ?

സി. അനേക ഇടവകകൾക്ക് വൈധവ്യം ഭവിക്കാതിരിപ്പാൻ വേണ്ടി ഇന്ത്യയിലെ എപ്പിസ്കോപ്പന്മാർ എല്ലാവരും കൂടി ഒരു റീശ് എപ്പിസ്കോ പ്പായെ വാഴിക്കുന്നതിനെ പാത്രിയർക്കീസ് തടയരുത് എന്ന് അതിൽ പറയുന്നതിനാൽ ഇവിടെ അതായത് ഇന്ത്യയിൽ അനേക എപ്പിസ്കോ പ്പന്മാരും ഭദ്രാസന ഇടവകകളും അവരുടെയെല്ലാം തലവനായി ഒരു

റീശെപ്പിസ്കോപ്പായും നിഖ്യാസുന്നഹദോസു കാലത്ത് ഉണ്ടായിരുന്നതായി വന്നുകൂടുന്നു. ഇതു കേവലം ചരിത്രത്തിനും സത്യത്തിനും എന്നു വേണ്ടാ ഇന്നുവരെ അറിയപ്പെട്ടിട്ടുള്ള അറിവുകൾക്കെല്ലാം വിരുദ്ധമാണെന്ന് ഇന്ത്യയിലെ ക്രിസ്തീയ സഭയെപ്പറ്റി എന്തെങ്കിലും കേട്ടിട്ടുള്ളവർക്കെല്ലാം അറിയാവുന്നതാകയാൽ അതേപ്പറ്റി കൂടുതൽ പ്രതിപാദിക്കുന്നില്ല. ചരിത്രസംഭവങ്ങൾ കൂടെ തിരുത്താതെ ചില നിയമങ്ങൾ മാത്രം തിരുത്തിയാൽ വന്നുകൂടുന്ന വിപത്തുകൾ കാണുക! പാത്രിയർക്കീസ് തന്റെ കക്ഷിയുടെ പ്രമാണഗ്രന്ഥമായ "18" അക്കമനുസരിച്ചെങ്കിലും സഭയെ ഭരിപ്പാൻ തയ്യാറാകുകയും "18" അക്കം ആജ്ഞാപിക്കുംപ്രകാരം ഇവിടുത്തെ എപ്പിസ്കോപ്പന്മാർ തങ്ങളുടെ തലവനെ വാഴിക്കുന്നത് തടയാതിരിക്കുകയും ചെയ്യുമോ?

4. എപ്പിസ്കോപ്പാ വാഴ്ചയെപ്പറ്റി "18" അക്കത്തിൽ ഉള്ള പ്രസ്താവനകൾ യുക്തിക്കും സംഭവ്യതയ്ക്കും വിരുദ്ധമാണ്. "എ" അക്കം 7:1–ൽ അന്ത്യോഖ്യാ 19–ൽ പറയുന്നത് "സംസ്ഥാന ഇടവകയുടെ സുന്നഹദോസു കൂടാതെ എപ്പിസ്കോപ്പാ വാഴിക്കപ്പെടരുത്. ഇടവകയിലെ എല്ലാ വൈദികഗണങ്ങളും സന്നിഹിതരാകുവാൻ ക്ഷണിക്കുകയും എല്ലാവരും വന്ന് സംബന്ധിക്കുകയും വേണം. ഇപ്രകാരം അല്ലാത്ത വാഴ്ച സാധുവാകയില്ല" എന്നാണ്. ഇതേ സ്ഥാനത്ത് "18" അക്കം പറയുന്നത് "മെത്രാപ്പോലീത്തായോ എപ്പിസ്കോപ്പായോ സുന്നഹദോസ് കൂടാതെയും വേറൊരു മെത്രാപ്പോലീത്തായുടെ സാന്നിദ്ധ്യം കൂടാതെയും സ്ഥാനം സ്വീകരിക്കരുത്. പാത്രിയർക്കീസ്, അവർ ഹാജരാകുവാൻ കത്തുകൾ അയയ്ക്കണം. ഹാജരാകുവാൻ സാധിക്കാത്തവർ സമ്മതപത്രം അയയ്ക്കണം" എന്നത്രെ. ഇവിടെയും പല കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്.

എ. ഇന്നപ്രകാരമേ പട്ടംകൊട നടത്താവൂ എന്ന് പട്ടം കൊടുക്കുന്ന ആളെ ശട്ടം കെട്ടുന്നതല്ലാതെ ഇന്ന ഇന്ന പ്രകാരം പട്ടംകൊട നടത്തുമ്പോഴേ പട്ടം ഏൽക്കാവൂ എന്ന് പട്ടം ഏൽക്കുന്ന ആളെ നിയന്ത്രിക്കുന്നതായി ഇതുവരേയും ഒരിടത്തും ഒരു നിയമമുള്ളതായി കണ്ടിട്ടില്ല, കേട്ടിട്ടുമില്ല. അങ്ങനെ ഒരു നിയമം ഉണ്ടാകുക സ്വാഭാവികമെന്ന് തോന്നുന്നുമില്ല. പട്ടമേല്ക്കുന്ന ആളുടെ വശത്തു നിന്നും ചെയ്യേണ്ടതായ കാര്യങ്ങളല്ലാതെ പട്ടംകൊടയുടെ വിധത്തെ – ആരെല്ലാംകൂടി ഏതെല്ലാം വിധത്തിൽ എപ്പോൾ എങ്ങനെ പട്ടം കൊടുക്കണം എന്നുള്ളതിനെ – സംബന്ധിച്ച് പട്ടം ഏൽക്കുന്ന ആളോടു നിഷ്കർഷിക്കയില്ല. നേരേമറിച്ച് പട്ടം ഏല്ക്കുന്ന ആളുടെ യോഗ്യതയെ സംബന്ധിച്ചും മറ്റും പട്ടം കൊടുക്കുന്ന ആളെ കൂടെ ചുമതലപ്പെടുത്തുക സ്വാഭാവികമാണ്. എന്നാൽ ഇവിടെ "18" അക്കത്തിൽ കാണുന്നതു നേരെമറിച്ചാണ്. പട്ടംകൊടയുടെ

വിധത്തെപ്പറ്റി ശട്ടംകെട്ടിയിരിക്കുന്നത് പട്ടം ഏൽക്കുന്ന ആളെയാണ്!

ബി. സുന്നഹദോസ് കൂടാതെയും വേറൊരു മെത്രാപ്പോലീത്തായുടെ സാന്നിദ്ധ്യം കൂടാതെയും സ്ഥാനം സ്വീകരിക്കരുത് എന്നു പറയുന്നതിന്റെ അർത്ഥം എന്താണ്? സുന്നഹദോസ് എന്നു പറയുന്നത് മെത്രാന്മാരുടെ സംഘമാണ്. ഇന്നത്തെ പാത്രിയർക്കീസ് കക്ഷിയുടെ വാദമനുസരിച്ചു പാത്രിയർക്കീസ് അദ്ധ്യക്ഷനാണെങ്കിൽ മാത്രമേ അതു സുന്നഹദോസാകൂ (മാർ യൂലിയോസിന്റെ 1942-ലെ മൊഴി). പാത്രിയർക്കീസ് അദ്ധ്യക്ഷനായും മെത്രാന്മാർ അംഗങ്ങളായും ഉള്ള ഒരു സുന്നഹദോസ് ഒരാൾക്കു മേല്പട്ടസ്ഥാനം കൊടുക്കുമ്പോൾ വേറൊരു മെത്രാപ്പോലീത്തായുടെ സാന്നിദ്ധ്യം കൂടി ഉണ്ടെങ്കിലേ പട്ടമേൽക്കാവൂ എന്നു പറയുന്നതിന്റെ അർത്ഥം എന്തെന്നു മനസ്സിലാകുന്നില്ല. സുന്നഹദോസംഗമല്ലാത്ത - വേദവിപരീതി ആയ ഒരു മെത്രാപ്പോലീത്താ കൂടെ അപ്രേം പാത്രിയർക്കീസ് മാർ ഗ്രീഗോറിയോസിന് പട്ടം കൊടുത്തപ്പോഴത്തേപ്പോലെ വേണമെന്നോ?

സി. പതിനെട്ടക്കത്തിന്റെ യത്നം മേല്പട്ടസ്ഥാനം കൊടുക്കുന്നതിനുള്ള അധികാരി പാത്രിയർക്കീസ് മാത്രമെന്നു വരുത്തുന്നതിനാണെന്ന് ഈ ഭാഗവും 7:1-ലെ അങ്കാറാ 17-ഉം തെളിയിക്കുന്നുണ്ട്. ഇന്നപ്രകാരമേ പട്ടംകൊട നടത്താവൂ എന്ന് പറയുന്നപക്ഷം അതു പട്ടം കൊടുക്കുന്ന ഏക ആളായി തങ്ങൾ പറയുന്ന പാത്രിയർക്കീസിനെ നിയന്ത്രിക്കുന്നതാകുമെന്നുള്ള ഭീതികൊണ്ടായിരിക്കണം പട്ടംകൊടയുടെ നിയമം പാലിക്കാനുള്ള ചുമതല പട്ടം കൊടുക്കുന്നവന്റെ ചുമലിൽ നിന്നെടുത്ത് പട്ടം ഏൽക്കുന്നവന്റെ ചുമലിലേക്കു മാറ്റിക്കൊള്ളിച്ചത്. ഏതായാലും പാത്രിയർക്കീസ്, സഭയുടെ നിയമങ്ങൾ പാലിക്കാതെ തന്നിഷ്ടമായി പ്രവർത്തിച്ചേക്കുമെന്നും അതിനെ തടയാൻ മറ്റുള്ളവരെയാണ് ഏർപ്പാടു ചെയ്യേണ്ടതെന്നും "18" അക്കത്തിന്റെ നിർമ്മാതാക്കൾ ഗ്രഹിച്ചിരുന്നതായി കാണുന്നു.

ഡി. മേൽപ്പട്ടക്കാരെ വാഴിക്കുന്നതിനു പാത്രിയർക്കീസിനു മാത്രമേ അധികാരമുള്ളു എന്നു കാണിക്കുന്ന "18" അക്കത്തിന്റെ പ്രത്യേക ഭാഗങ്ങൾ "18" അക്കത്തിന്റെ തന്നെ അംഗീകൃത ഭാഗങ്ങൾക്കു വിരുദ്ധമാണ്. "18" അക്കം 7:1 (നിഖ്യാ) പറയുന്നത് "കിഴക്കിലെ വലിയ മെത്രാപ്പോലീത്തായ്ക്ക് ഇനിമേൽ പാത്രിയർക്കീസിനെപ്പോലെ കിഴക്ക് മെത്രാപ്പോലീത്തന്മാരെ വാഴിക്കുവാൻ അധികാരമുണ്ടായിരിക്കുന്നതാണ്. ... കൂശായക്കാരുടെ (അബിസീനിയാക്കാരുടെ) മെത്രാപ്പോലീത്താ എപ്പിസ്കോപ്പന്മാരെ വാഴിക്ക പതിവില്ല..." എന്നിങ്ങനെ "18" അക്കത്തിൽ പറയുന്നതിൽ നിന്ന് ചില മെത്രാപ്പോലീത്തന്മാർ എപ്പിസ്കോപ്പന്മാരെ വാഴിക്കു

ന്നവരാണെന്നും ചിലർ എപ്പിസ്കോപ്പന്മാരെ മാത്രമല്ല മെത്രാപ്പോലീത്തന്മാരെ കൂടി വാഴിക്കുവാൻ അധികാരമുള്ളവരാണെന്നും സ്പഷ്ടമാകുന്നു. ഇതിനു വിരുദ്ധമായി "18" അക്കത്തിൽ കുത്തിച്ചെലുത്തിയിരിക്കുന്നതും അതു സ്ഥാപിക്കാൻ പാത്രിയർക്കീസ് കക്ഷികൾ ഇന്ന് വാദകോലാഹലം നടത്തുന്നതും ദയനീയം തന്നെ!

5. പാത്രിയർക്കീസിന്റെയും കാതോലിക്കോസിന്റെയും അധികാരാവകാശങ്ങൾ സംബന്ധിച്ച് "18" അക്കത്തിന്റെ പ്രസ്താവനകൾ പൂർവ്വാപരവിരുദ്ധമെന്ന് മുൻ കണ്ടുകഴിഞ്ഞു. അവർ തമ്മിലുള്ള ബന്ധത്തെപ്പറ്റി "18" അക്കം പറയുന്നത് അപ്രകൃതമല്ലയോ എന്നും അവ എന്തു തെളിയിക്കുന്നു എന്നും പരിശോധിക്കാം. കാതോലിക്കോസിന്റെ അധികാരാവകാശങ്ങൾ സംബന്ധിച്ചു മാത്രമല്ല അദ്ദേഹത്തിന്റെ സിംഹാസനത്തിന്റെ പേര്, അതിന് പൊതു സുന്നഹദോസിലുള്ള സ്ഥാനം എന്നിവ കൂടെയും നിഖ്യാ സുന്നഹദോസ് പ്രഖ്യാപിച്ചിട്ടുള്ളത് "18" അക്കത്തിൽ പോലും കാണ്മാനുണ്ട്. സുറിയാനി സഭയ്ക്ക് അന്ത്യോഖ്യായിൽ ഒന്നിൽ കൂടുതൽ പാത്രിയർക്കാ സിംഹാസനമുള്ളതായോ കിഴക്ക് (തെഗ്രീസിൽ) ഒന്നിൽ കൂടുതൽ കാതോലിക്കാ സിംഹാസനം ഉള്ളതായോ "18" അക്കത്തിൽ വിവക്ഷയില്ല. ഈ സ്ഥിതിക്ക് "18" അക്കം 7:1-ൽ കാതോലിക്കോസിനെ പറ്റി പറയുമ്പോൾ "പാത്രിയർക്കീസിന്റെ അധികാരത്തിന് കീഴ്പ്പെട്ടിരിക്കുന്ന കിഴക്കിന്റെ കാതോലിക്കാ" "അന്ത്യോഖ്യായുടെ അധികാരത്തിൻകീഴിൽ തെഗ്രീസിന്റെ സിംഹാസനത്തിന്മേൽ ഇരിക്കുന്ന മപ്രിയാനാ" എന്നൊക്കെ വീണ്ടും വീണ്ടും അപ്രകൃതമായി എടുത്തെടുത്ത് പറയുന്നത് ശ്രദ്ധാർഹമാണ്. തഹസീൽദാരെപ്പറ്റി പറയുമ്പോഴെല്ലാം പേഷ്ക്കാരുടെ അധികാരത്തിനു കീഴ്പ്പെട്ടിരിക്കുന്ന തഹസീൽദാരെന്നും പേഷ്ക്കാരെപ്പറ്റി പറയുമ്പോഴെല്ലാം തഹസീൽദാരുടെ മേലധികാരിയും തലവനുമായ പേഷ്ക്കാരെന്നും മറ്റും പറയുക സ്വാഭാവികമല്ല തന്നെ. തമ്മിൽ തിരിച്ച് മനസ്സിലാക്കുവാൻ ആവശ്യം നേരിടത്തക്കവണ്ണം അന്ത്യോഖ്യാ സിംഹാസനവും രണ്ടില്ല. എങ്കിലും അന്ത്യോഖ്യാ സിംഹാസനത്തെപ്പറ്റി പറയുന്നത്: മപ്രിയാനായുടെ തലവനും മേലധികാരിയുമായ അന്ത്യോഖ്യാ പാത്രിയർക്കീസ് എന്നത്രേ. ഈ വിവരണങ്ങളിൽ നിന്നെല്ലാം തെളിയുന്നത് കാതോലിക്കാ (മപ്രിയാനാ) പാത്രിയർക്കീസിന്റെ അധികാരത്തിൽപെട്ട ആളല്ലെന്നും അധികാരത്തിൽ പെട്ടതാണെന്നു കാണിപ്പാൻ കൃത്രിമം എഴുതിച്ചേർക്കുന്നു എന്നുമത്രേ. അല്ലെങ്കിൽ സുറിയാനി സഭയ്ക്കു അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ അധികാരത്തിൽപെടാത്ത മറ്റൊരു കാതോലിക്കാ സിംഹാസനം കൂടി കിഴക്കുണ്ടെന്നും അവയെ തമ്മിൽ തിരിച്ചു മനസ്സിലാക്കുന്നതിനായി "കീഴിലുള്ള" എന്നാദിയായ വിശേഷണം ചേർത്തു എന്നും വരുന്നു. അപ്ര

കാരം തന്നെ അന്ത്യോഖ്യാ പാത്രിയർക്കീസ് പൗരസ്ത്യ കാതോലിക്കായുടെ തലവനും മേലധികാരിയുമല്ലെന്നും അധികാരിയാണെന്നു കാണിപ്പാൻ പരിശ്രമിക്കുന്നുവെന്നും അത്രെ ഇതു വെളിവാക്കുന്നത്. അങ്ങനെ അല്ലാത്തപക്ഷം കാതോലിക്കായുടെ തലവനും മേലധികാരിയുമല്ലാത്ത മറ്റൊരു പാത്രിയർക്കാ സിംഹാസനം കൂടി അന്ത്യോഖ്യായിൽ ഉണ്ടെന്നും അവരെ തമ്മിൽ തിരിക്കാൻവേണ്ടി കാതോലിക്കാ (മപ്രിയാനാ) യുടെ തലവനും മേലധികാരിയുമായ അന്ത്യോഖ്യാ പാത്രിയർക്കീസ് എന്നു പ്രത്യേകം എടുത്തു പറഞ്ഞു എന്നും മനസ്സിലാക്കണം. അന്ത്യോഖ്യാ പാത്രിയർക്കീസ് എന്നു പറയാതെ മപ്രിയാനായുടെ തലവനും മേലധികാരിയുമായ പാത്രിയർക്കീസ് എന്നു പറയുകയാണെങ്കിൽ അത് അദ്ദേഹത്തെ മറ്റു സിംഹാസനങ്ങളിലെ പാത്രിയർക്കീസന്മാരിൽ നിന്ന് വേർതിരിച്ചു മനസ്സിലാക്കുവാൻ വേണ്ടിയാണെന്നു പറയാമായിരുന്നു. എന്നാൽ ഇവിടെ അന്ത്യോഖ്യായുടെ എന്നു കൂടി എഴുതിയിട്ടുള്ളതിനാൽ അങ്ങനെ വ്യാഖ്യാനിച്ച് രക്ഷപെടുന്നതിനും മാർഗ്ഗമില്ല.

ചുരുക്കിപ്പറയുന്നതായാൽ "18" അക്കം നിജമെങ്കിൽ കാനോൻ എഴുതിയ കാലത്ത് പൗരസ്ത്യ സിംഹാസനത്തിൽ വാഴുന്ന കാതോലിക്കോസിന്റെ മേൽ യാതൊരുവിധ മേൽക്കോയ്മയുമില്ലാത്ത ഒരു അന്ത്യോഖ്യാ സിംഹാസനവും അന്ത്യോഖ്യാ സിംഹാസനത്തിൽ നിന്നും സർവ്വ സ്വതന്ത്രമായ ഒരു പൗരസ്ത്യ സിംഹാസനവും സുറിയാനി സഭയിൽ ഉണ്ടെന്നും, അന്ന് അങ്ങനെ ഇല്ലെങ്കിൽ "18" അക്കം കേവലം കൃത്രിമമാണെന്നും ന്യായമായി അനുമാനിക്കേണ്ടിയിരിക്കുന്നു.

"നീ ദൈവപുത്രനിൽ വിശ്വസിക്കുന്നുവോ" എന്ന് അന്ധതയിൽ കഴിഞ്ഞു വന്നിരുന്ന പിറവിക്കുരുടനോട് കർത്താവ് ചോദിച്ചതിന്; "അവൻ ആരാകുന്നു യജമാനനേ? ഞാൻ അവനിൽ വിശ്വസിക്കാം" (യോഹ. 9:35-38) എന്ന് അവൻ മറുപടി പറഞ്ഞതുപോലെ സത്യകാനോൻ ഏതെന്നറിയാഞ്ഞിട്ട് വിഷമിക്കുന്നതായും അറിയുന്ന മാത്രയിൽ അതിന്റെ മുമ്പിൽ വണങ്ങുവാൻ തയ്യാറുള്ളതായും വി. സഭയിലെ പല യുവാക്കന്മാരും പറയുകയും പ്രസംഗിക്കുകയും എഴുതുകയും ചെയ്യുന്നുണ്ട്. എന്നാൽ ഇപ്പോളിതാ സത്യകാനോൻ ഏതെന്ന് ഏവനും നിഷ്പ്രയാസം പരിശോധിച്ച് കാണത്തക്കവിധം പത്ത് ഉരകല്ലുകളും അവയുടെ വിശദ വിവരങ്ങളും ഓരോരുത്തരുടേയും കൺമുമ്പിൽ വരച്ചു വച്ചിരിക്കുന്നു. ദൈവപുത്രൻ ആരെന്നറിഞ്ഞ മാത്രയിൽ 'കർത്താവേ ഞാൻ വിശ്വസിക്കുന്നു' എന്നു പറഞ്ഞ് അവൻ കർത്താവിനെ വന്ദിച്ചു. അതുപോലെ അറിയായ്മയിൽ ചെയ്തത് തുടരാതെ അറിഞ്ഞ സത്യത്തെ അനുസരിപ്പാൻ - സത്യകാനോനെ ആദരിച്ച് പ്രവർത്തിപ്പാൻ - യുവത്വമുള്ള സഭാംഗങ്ങൾ തയ്യാറാകുന്നതെപ്പോഴോ അപ്പോൾ സുറി

യാനി സഭയുടെ ശനി നീങ്ങി സമാധാനം കൈവന്നു കഴിഞ്ഞു; സംശയമില്ല.

കർത്താവിൽ ഏറ്റുപറഞ്ഞ് വിശ്വസിച്ച ആ യുവാവിനെ അവർ യഹൂദ സഭയിൽ നിന്ന് "തള്ളിക്കളഞ്ഞു." പക്ഷേ കർത്താവിനോട് ചേർന്ന് നിന്ന ആ യുവാവിനെ തള്ളിനീക്കിയപ്പോൾ വെള്ളത്തിൽ കിടക്കുന്ന വഞ്ചിയിൽ ഇരുന്നുകൊണ്ടു തീരപ്രദേശത്തെ തള്ളിനീക്കുമ്പോൾ ഉണ്ടാകുന്ന അനുഭവംപോലെ, ആ തള്ളിനീക്കിയവർ തന്നെ കർത്താവിൽ നിന്ന് അകന്ന് പുറംകടലിലേക്ക് പതിക്കയാണുണ്ടായത്. സത്യത്തോടു ചേർന്ന് നിൽക്കുന്നവരെ തള്ളിനീക്കുവാൻ നോക്കുന്നവർക്ക് ഉണ്ടാകുന്ന അനുഭവവും ഇതുതന്നെ ആയിരിക്കും. അതിനാൽ കണ്ടാലും ലോകാവസാനത്തോളം ഞാൻ നിങ്ങളോട് കൂടെയുണ്ടെന്ന് കല്പിച്ച കർത്താവിനോടൊന്നിച്ച് - സത്യത്തോടൊന്നിച്ചു നിൽക്കുവാൻ യുവാക്കന്മാരേ - ഉണർന്നാലും! സത്യത്തിനുവേണ്ടി ജീവൻ വച്ച സഹദേന്മാർ നിങ്ങൾക്ക് മാർഗ്ഗദർശ്ശം നൽകട്ടെ.

## അദ്ധ്യായം 12

# "എ" അക്കം റോമാക്കാരന്റേയും "18" അക്കം സുറിയാനിക്കാരന്റേയുമോ?

"എ" അക്കം കാനോൻ സംബന്ധിച്ച് "റോമാക്കാരന്റെ പാരീസു കാനോൻ" എന്നു ചന്ദ്രിക പറഞ്ഞു കാണുന്നുണ്ട്. ഈ പ്രസ്താവനയുടെ ആശയത്തിൽ സത്യം ലേശം ഇല്ലാത്തതിനാൽ അതിന്റെ യാഥാർത്ഥ്യം അൽപം വിശദീകരണത്തോടുകൂടി സ്പഷ്ടമാക്കിക്കൊള്ളട്ടെ. വി. സഭയുടെ കാനോൻ ഒരു ഗ്രന്ഥമാക്കി എഴുതിയത് 1286-ൽ കാലം ചെയ്ത പരിശുദ്ധനായ മാർ ഗ്രീഗോറിയോസ് ബാർ എബ്രായ ആണ്. പലരും ഈ ഗ്രന്ഥം പകർത്തി എടുത്ത് ഉപയോഗിച്ചു വന്നു. അദ്ദേഹം കാലംചെയ്തിട്ട് കേവലം നാലു വർഷം മാത്രമായപ്പോൾ എഴുത്തു പൂർത്തിയായ ഒരു പകർപ്പാണ് പാമ്പാക്കുട ലൈബ്രറിയിൽ നിന്നും "153" അക്കം തെളിവായി ഇപ്പോൾ നിലവിലിരിക്കുന്ന സമുദായക്കേസിൽ ഹാജരാക്കപ്പെട്ടിരിക്കുന്നത്. ഇതെപ്പറ്റി 3-ാം അദ്ധ്യായത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. ബാർ എബ്രായ എഴുതിയ ആദ്യ ഗ്രന്ഥം ഇന്ന് ആരുടേയും പക്കൽ ഉള്ളതായി അറിവില്ല. അതിൽനിന്നും പകർത്തി എഴുതിപ്പോന്നിട്ടുള്ള പുസ്തകങ്ങളാണ് ഇപ്പോൾ ഉള്ളത്. ഇങ്ങനെ എഴുതിയെടുക്കുമ്പോൾ വരി പിശകിയും സാമ്യമുള്ള വാക്കുകൾ തമ്മിൽ മാറിയും ഇടയ്ക്കുള്ള ഭാഗം ചിലപ്പോൾ വിട്ടും ചിലപ്പോൾ ആവർത്തിച്ചും എഴുതിപ്പോവുക കേവലം സാധാരണയാണ്. എഴുത്തിന്റെ കൈപ്പടദൂഷ്യത്താലും അക്ഷരങ്ങൾ മാഞ്ഞുപോയും, ചിലപ്പോൾ വാക്കുകൾ തെറ്റിദ്ധരിച്ചും, പകർപ്പിൽ പിശകു വരുന്നതും അസാധാരണമല്ല. ആശയം സുഗ്രാഹ്യമല്ലാതെ വരുമ്പോൾ എഴുത്തുകാരൻ യുക്തമെന്നു തോന്നുന്ന വിധത്തിൽ ആശയം വ്യക്തമാക്കുവാനായി ചില പദങ്ങൾ സമീപേ കുറിപ്പായി ചേർത്തും ചിലപ്പോൾ സ്വന്ത വ്യാഖ്യാനം തന്നെ ചേർത്തും എഴുതി എന്നു വരാം. ഇങ്ങനെ കൈയെഴുത്തു പ്രതികളിൽ അല്പാല്പമായ ചില വ്യത്യാസങ്ങൾ ഉണ്ടാകുക വെറും സാധാരണം മാത്രമാണ്. പലരും പല കാലത്തും പകർത്തിയിട്ടുള്ള പുസ്തകങ്ങളിൽ കഴിവുള്ളിടത്തോളം ശേഖരിച്ചുവച്ചുകൊണ്ട്, താരതമ്യപഠനം നടത്തി ഓരോ വ്യത്യാസങ്ങളേയും ശാസ്ത്രീയമായി പരിശോധിക്കുമ്പോൾ വ്യത്യാസങ്ങൾ എങ്ങനെ സംഭവിച്ചുവെന്നും മൂലത്തിൽ എപ്രകാരമായിരുന്നുവെന്നും ഗ്രഹിക്കുവാൻ സാധിക്കുന്നു. ഇങ്ങനെ പരിശോധിച്ച് മൂലം എന്തായിരുന്നുവെന്ന് കണ്ടുപിടിച്ചു മാത്രമാണ് മൂലഗ്രന്ഥം നഷ്ടപ്പെട്ടുപോയിട്ടുള്ള പൂർവികഗ്രന്ഥങ്ങൾ അച്ചടിച്ചു പ്രസിദ്ധം ചെയ്യുന്നത്.

ഗ്രീക്കിലും, സുറിയാനിയിലും, ലത്തീനിലും മറ്റുമുള്ള വേദപുസ്തകത്തിന്റെ പല പ്രതികൾ മേൽപ്രകാരം പരിശോധിച്ച് മൂലഗ്രന്ഥത്തിൽ എന്തായിരുന്നിരിക്കുമെന്ന് ഗ്രഹിച്ചുകൊണ്ട് അത്രെ അവ അച്ചടിച്ചു പ്രസിദ്ധം ചെയ്തിട്ടുള്ളത്. ഇപ്രകാരമല്ലാതെ ഏതെങ്കിലും ഒരു കൈയെഴുത്തുപ്രതിയെ മാത്രം ആധാരമാക്കി കാര്യമായ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുന്നത് കേവലം ഭോഷത്വമായിരിക്കുമെന്ന് പറയേണ്ടതില്ലല്ലോ.

മേൽ വിവരിച്ചപ്രകാരം സുറിയാനി സഭയുടെ കാനോന്റെ പല പ്രതികൾ പോൾ ബാഡ്ജൻ പരിശോധിച്ച്, പകർപ്പുകളിൽ അല്പാല്പമായി കണ്ട വ്യത്യാസങ്ങൾ ശാസ്ത്രീയമായി താരതമ്യവിവേചനം ചെയ്ത് പഠിച്ച് മൂലത്തിൽ എന്തായിരുന്നിരിക്കണമെന്ന് കഴിയുന്നത്ര സൂക്ഷ്മമായി ഗ്രഹിച്ചുകൊണ്ട് പാരീസിൽ അച്ചടിപ്പിച്ചിട്ടുള്ളതിനാണ് “പാരീസ് കാനോൻ” എന്ന് ചിലർ പേരുകൊടുത്തിരിക്കുന്നത്. അതിനാൽ ഇന്നു കാണുന്ന ഏതു കൈയെഴുത്തു പ്രതിയേക്കാളും മൂലത്തോടു കൂടുതൽ സാധർമ്യമുള്ളത് പാരീസിൽ അച്ചടിച്ച ടി പുസ്തകത്തിനാണെന്ന് പൂർവ്വിക കൈയെഴുത്തു ഗ്രന്ഥങ്ങളുമായി പരിചയമുള്ള ഏതൊരുവനും സമ്മതിക്കുമെന്നുള്ളതിൽ തെല്ലും സംശയമില്ല. പ്രസ്തുത കാനോൻ ഗ്രന്ഥം പാരീസിൽ അച്ചടിച്ചത് അബ്ദുള്ളാ ബാവാ റോമാ സഭയിൽ നിന്നും തിരിച്ചുവരുന്നതിന് ഏഴു വർഷവും അദ്ദേഹം പാത്രിയർക്കാ സിംഹാസനത്തിൽ കയറിപ്പറ്റുന്നതിനു എട്ടു വർഷവും മാർ ഗീവറുഗീസ് ദീവന്നാസ്യോസ് തിരുമേനി മെത്രാൻസ്ഥാനം ഏൽക്കുന്നതിനു പത്തു വർഷവും ഇവിടെ ഭിന്നത മൂത്ത് മാർ ദീവന്നാസ്യോസ് തിരുമേനിക്കു മുടക്കുകല്പന അയയ്ക്കുന്നതിനു പതിമൂന്നു വർഷവും മുമ്പ് - അതായത് 1898-ൽ ആണ്. ഇതിന്റെ പ്രതികൾ അന്നത്തെ അന്ത്യോഖ്യാ പ്രതിനിധി ആയിരുന്ന മാർ ഒസ്താത്തിയോസ് തിരുമേനിയാണ് പാരീസിൽ നിന്നും വരുത്തി മലയാളത്ത് പ്രചരിപ്പിച്ചിട്ടുള്ളത് എന്ന് അദ്ദേഹം തന്നെ 1918-ൽ മൊഴി കൊടുത്തപ്പോൾ സമ്മതിച്ചിട്ടുണ്ട്. ഈ കാനോൻ ഗ്രന്ഥത്തെയാണ് “റോമാക്കാരന്റെ (പാരീസു) കാനോൻ” എന്നു പറഞ്ഞു അവഹേളിക്കുവാൻ ചിലർ പുറപ്പെട്ടിരിക്കുന്നത്. ഇത്രയും മുഖവുരയായി പറഞ്ഞുകൊണ്ട് “എ” അക്കമായ അച്ചടികാനോൻ റോമാക്കാരന്റേയും “18” അക്കം സുറിയാനിക്കാരന്റെയുമോ എന്നു പരിശോധിക്കാം.

1. “എ” അക്കത്തിനുള്ള ഒന്നാമത്തെ ആക്ഷേപം അത് ഒരു റോമാ പാതിരി പാരീസിൽ അച്ചടിപ്പിച്ചു എന്നുള്ളതാണു പോലും! ഈ കാനോൻ ഗ്രന്ഥം അച്ചടിപ്പിച്ചതുപോലെ ഈ റോമാ പാതിരി തന്നെ അടിപ്പിച്ച നമ്മുടെ മറ്റു പൂർവ്വിക ഗ്രന്ഥങ്ങൾ വിശ്വാസയോഗ്യമായ പ്രമാണഗ്രന്ഥങ്ങളായി 1942-ലെ പാത്രിയർക്കീസ് കക്ഷിയുടെ മല്പാനായിരുന്ന അബ്ദൽ ആഹാദ് റമ്പാനും ആ കക്ഷിയുടെ നാവായിരുന്ന “മലങ്കര

സഭാമിത്ര"വും പ്രസ്താവിക്കുന്നു. കാനോൻ പുസ്തകം അച്ചടിപ്പിച്ചത് നമ്മുടെ സഭയിൽപെടാത്ത ഒരാളാണെന്നുള്ളതാണ് ആക്ഷേപമെങ്കിൽ മറ്റു പുസ്തകങ്ങൾക്കും അതു ബാധകമല്ലയോ?

റോമാ വൈദികൻ അച്ചടിപ്പിച്ചത് ഏതുവിധമോ അതേവിധംതന്നെ പല പ്രതികൾ പരിശോധിച്ചു ശരിപ്പെടുത്തിയാണ് വി. ഏവൻഗേലിയോൻ അച്ചടിപ്പിച്ചിട്ടുള്ളത്. അത് വി. കുർബാനമദ്ധ്യേ ഏവൻഗേലിയോൻ മേശ മേൽ വച്ച് സർവവിധ ഭക്ത്യാദരവോടുകൂടെ ഇരുവശവും മെഴുകുതിരികൾ കുത്തിവച്ചു സ്ഥാനവസ്ത്രഭൂഷിതരായ മേൽപ്പട്ടക്കാരും പട്ടക്കാരും നിന്നുകൊണ്ട് വായിക്കുകയും ജനമെല്ലാം "ഭയത്തോടും വണക്കത്തോടും ... നിന്നുകൊണ്ട് കേൾക്കുകയും ചെയ്യുന്നു. റോമാസമുദായത്തിൽ നിന്നും മുടക്കി തള്ളപ്പെട്ടിട്ടുള്ള സി.എം.എസ്. കാരുടെ ഒരു വൈദികനായ ബുക്കാനൻ ആണ് ഈ ഏവൻഗേലിയോൻ ഗ്രന്ഥം ലണ്ടനിൽ അച്ചടിപ്പിച്ചിട്ടുള്ളത് എന്ന വസ്തുത ഇവിടെ സ്മരണീയമാണ്. പ്രസ്തുത ഏവൻഗേലിയോൻ ഗ്രന്ഥത്തിന്റെ മുഖവുരയിൽ തന്നെ ഇതു വ്യക്തമാക്കിയിട്ടുണ്ട്. അതിൽ പറയുന്നത് "ഇംഗ്ലണ്ട് ദേശത്തിന്റെ കേന്ദ്രമായി ദൈവത്താൽ സുദൃഢമാക്കപ്പെട്ടിട്ടുള്ള ലണ്ടനിൽ വച്ച് യേശുക്രിസ്തുവിലുള്ള വിശ്വാസികളായ ബ്രിട്ടീഷ് ആൻഡ് ഫാറിൻ ബൈബിൾ സൊസൈറ്റിയുടെ സഹകാരികളുടെ ചിലവിൽ ഇതു മുദ്രണം ചെയ്യപ്പെട്ടു. പഴയ സുറിയാനി കൈയെഴുത്തു പ്രതികളെ അടിസ്ഥാനമാക്കി ഈ വി. ഗ്രന്ഥം യഥാവിധി ശരിപ്പെടുത്തി യേശുക്രിസ്തുവിലുള്ള വിശ്വാസികളായ പൗരസ്ത്യ സുറിയാനിക്കാർക്കുവേണ്ടി ക്രിസ്താബ്ദം 1816-ൽ മുദ്രണം ചെയ്യപ്പെട്ടു" എന്നത്രെ. "എ" അക്കം കാനോനെ "റോമാക്കാരന്റെ പാരീസ് കാനോൻ" എന്ന് അവഹേളിക്കുന്നവർ റോമാക്കാർപോലും ഭ്രഷ്ടാക്കി തള്ളീട്ടുള്ള "സി.എം.എസ്. കാരന്റെ ലണ്ടൻ ഏവൻഗേലിയോൻ" സർവപ്രധാനമായ ആരാധനാമദ്ധ്യേ - വി. കുർബാനമദ്ധ്യേ - മേൽപ്രകാരം ഭക്ത്യാദരവുകളോടുകൂടെ ഉപയോഗിക്കുന്നതെന്തുകൊണ്ട്? എന്നാൽ കാനോൻ ഗ്രന്ഥം ആകട്ടെ എവിടെയെങ്കിലും സൗകര്യംപോലെ ഇരുന്ന്, സഭയുടെ ഭരണക്രമം മനസ്സിലാക്കുന്നതിനുള്ള ഒരു ഗ്രന്ഥം മാത്രമാണ്. ഒരിക്കലും ആരാധനയിൽ ഉപയോഗിക്കുന്ന ഒരു പുസ്തകമല്ല എന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. "റോമാക്കാരന്റെ പാരീസ് കാനോൻ" എന്നു പറയുന്നതിന്റെ നിരർത്ഥകത വ്യക്തമായി കഴിഞ്ഞുവെന്ന് വിചാരിക്കുന്നു.

2. രണ്ടാമത്തെ ആരോപണം അതിൽ റോമാ പാപ്പായുടെ ആധിപത്യം സ്ഥാപിക്കുന്നതിനും മറ്റും ഭേദഗതികൾ വരുത്തീട്ടുണ്ടെന്നത്രെ. ഇതിനു കൊണ്ടുവന്നിരിക്കുന്ന ഒരു തെളിവ് റോമാ പാത്രിയർക്കീസ് മറ്റു പാത്രിയർക്കീസന്മാരുടെ "പ്രധാന തലവൻ" എന്നു പറഞ്ഞിട്ടുണ്ട് എന്നുള്ള

ഒരു വാദമാണ്. അപ്രകാരം പ്രസ്തുത കാനോൻ ഗ്രന്ഥത്തിൽ പറഞ്ഞിട്ടില്ലെന്നു വിവാദഭാഗത്തിന്റെ ശരിയായ തർജ്ജിമ 3-ാം അദ്ധ്യായത്തിലും 9-ാം അദ്ധ്യായത്തിലും എഴുതിയിരിക്കുന്നതിൽനിന്നും വ്യക്തമായി കാണാവുന്നതാണ്. ഇത് സംബന്ധിച്ച് സവിസ്തരം അടുത്ത അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നുണ്ട്.

3. "18" അക്കത്തിൽ വിട്ടുകളഞ്ഞിട്ടുള്ളതും "എ" അക്കത്തിൽ ഉള്ളതുമായ പല ഭാഗങ്ങളും റോമാവാദത്തിന് - റോമാക്കാരുടെ വിശ്വാസം, ഭരണക്രമം, പാപ്പായുടെ ആധിപത്യം എന്നിവകൾക്കും മറ്റും അനുകൂലമല്ല. പ്രത്യുത, പ്രതികൂലം കൂടെ ആകയാൽ അവർ അങ്ങനെയുള്ള ഭാഗങ്ങൾ ഉണ്ടാക്കിച്ചേർക്കുക ഒരിക്കലും സംഭവ്യമല്ല തന്നെ. ഉദാഹരണമായി "എ" അക്കത്തിലുള്ളതും "18" അക്കത്തിൽ വിട്ടുകളഞ്ഞിട്ടുള്ളതുമായ ചില ഭാഗങ്ങൾ പരിശോധിക്കാം.

1. "18" അക്കത്തിൽ മ്ശിഹായിൽ ഇരുസ്വഭാവമുണ്ടെന്നു വിശ്വസിക്കുന്ന റോമാക്കാരിൽ നിന്നും വരുന്ന മേല്പട്ടക്കാരും, പട്ടക്കാരും, ശെമ്മാശന്മാരും നമ്മുടെ സഭയിലേക്കു ചേരുമ്പോൾ അവരുടെ വിശ്വാസവിപരീതം ഉപേക്ഷിക്കുകയും അനുതാപകാലം തികയ്ക്കുകയും ചെയ്യണമെന്ന് നിഷ്കർഷിച്ചിരിക്കുന്നു. "എ" അക്കം കാനോൻ 7:2. സേവീറേ പറയുന്നത് "ഇരുസ്വഭാവ വിശ്വാസ വിപരീതികളിൽ നിന്നും തിരിച്ചു വരുന്ന എപ്പിസ്കോപ്പന്മാരും, കശീശന്മാരും, ... അവർ വിശ്വസിച്ചിരുന്ന വിശ്വാസവിപരീതത്തെ ഉപേക്ഷിക്കുകയും അനുതാപകാലം തികയ്ക്കുകയും ചെയ്തിട്ട് അവരവരുടെ സ്ഥാനങ്ങളിൽ സേവനം അനുഷ്ഠിച്ചുകൊള്ളട്ടെ" എന്നാണ്.

റോമാക്കാരൻ ഏതെങ്കിലും ഭേദഗതി വരുത്തുന്നെങ്കിൽ ആദ്യമായി ഭേദപ്പെടുത്തുന്നത് അവരെ വിശ്വാസവിപരീതികളായി മുദ്രയടിച്ചിരിക്കുന്ന ഭാഗമായിരിക്കുമെന്നതിൽ തർക്കമില്ലല്ലോ. എന്നാൽ അതിനു പകരം, നേരേമറിച്ച് അവർ വിശ്വാസവിപരീതികൾ എന്ന് മുദ്ര അടിക്കുന്നതും, അവർ ഇങ്ങോട്ടു ചേരുമ്പോൾ അവരുടെ വിശ്വാസവിപരീതം ഉപേക്ഷിക്കുകയും, അനുതപിക്കുകയും, അനുതാപകാലം തികയ്ക്കുകയും, നോമ്പുനോക്കുകയും മറ്റും ചെയ്യണമെന്നുള്ളതായ ഭാഗം അവർ കൃത്രിമമായി ഉണ്ടാക്കി ചേർത്തു എന്നത്രെ പാത്രിയർക്കീസ് ഭാഗത്തിന്റെ വാദഗതിയിൽ നിന്നും കാണുന്നത്. ഇത് എത്ര അർത്ഥശൂന്യവും യുക്തിവിരുദ്ധവുമെന്ന് സ്ഫടികസ്പഷ്ടമാകയാൽ അതേപ്പറ്റി കൂടുതൽ ചർച്ച ചെയ്തു സ്ഥലം കളയുന്നില്ല. റോമാക്കാർക്കെതിരായ ഭാഗങ്ങൾ അവർ തന്നെ ഉണ്ടാക്കി കൂട്ടിച്ചേർത്തതാണെന്നു എഴുതുവാൻ ചലിക്കുന്ന തൂലിക "ചന്ദ്രികാബാധ" ഉള്ളതെന്ന് വിചാരിക്കുന്നതിൽ തെല്ലും അബദ്ധമുണ്ടെന്നു തോന്നുന്നില്ല.

2. റോമാക്കാരുടെ നിയമം അനുസരിച്ചു ഒരു എപ്പിസ്കോപ്പായെ പോലും (എപ്പിസ്കോപ്പായെ വാഴിപ്പാൻ അധികാരമുള്ള മെത്രാപ്പോലീത്തായെ അല്ല) വാഴിക്കേണ്ടത് പാപ്പായുടെ കൽപനപ്രകാരമാണ്. എന്നാൽ എപ്പിസ്കോപ്പന്മാരെയും മെത്രാപ്പോലീത്തന്മാരെയും വാഴിപ്പാൻ അധികാരമുള്ള മപ്രിയാനായെ (കാതോലിക്കായെ) വാഴിപ്പാൻ എപ്പിസ്കോപ്പന്മാർക്ക് സ്വയമായി അധികാരമുണ്ട് എന്ന് "എ" അക്കം പറയുന്നു. "എ" അക്കം 7:1-ൽ യോഹന്നാൻ പാത്രിയർക്കീസ് എന്ന ശീർഷകത്തിൽ നാലാം നിയമമായി പറയുന്നത് മപ്രിയാനാ (കാതോലിക്കാ) യുടെ സമ്മതം കൂടാതെ പാത്രിയർക്കീസ് വാഴിക്കപ്പെടുന്നതായാൽ "കിഴക്കിലെ എപ്പിസ്കോപ്പന്മാർക്ക് അവരുടെ മപ്രിയാനായെ (ഒരു എപ്പിസ്കോപ്പായെയോ മെത്രാപ്പോലീത്തായെയോ മാത്രമല്ല - ലേഖകൻ) വാഴിക്കുവാൻ അധികാരമുണ്ടായിരിക്കുന്നതാണ്" എന്നത്രേ. ഇവിടെ പാത്രിയർക്കീസിന്റെയോ പാപ്പായുടെയോ ഹിതം ആരായുവാനോ അവരെ പ്രസ്തുത വാഴ്ച സംബന്ധിച്ച് എന്തെങ്കിലും അറിയിക്കുവാൻ പോലുമോ ആവശ്യപ്പെടുന്നില്ല. ഇങ്ങനെ റോമാക്കാരുടെ നിലയ്ക്ക് വാദത്തിനും എതിരായുള്ള രേഖകളായിരിക്കുമോ അവർ കൃത്രിമമായി ചേർക്കുവാൻ ഇടയുള്ളതെന്നു വായനക്കാർ വിധിക്കുക! റോമാക്കാരന്റെമേൽ ചെളിവാരി എറിഞ്ഞ് സ്വന്തം ദേഹത്തുള്ള ചെളി മറയ്ക്കാമെന്നു വിചാരിക്കുന്നത് പൂച്ച പാൽ കട്ടുകുടിക്കുമ്പോൾ തന്നത്താൻ കണ്ണടയ്ക്കുകയും തല്ലുകൊള്ളുന്നതുവരെ അതാരും കണ്ടില്ലെന്നു സമാധാനപ്പെടുകയും ചെയ്യുന്നതുപോലെ അല്ലയോ!

3. റോമാക്കാരുടെ ഭരണസമ്പ്രദായം സകല അധികാരങ്ങളും ഏകകേന്ദ്രത്തിൽ നിന്ന് പുറപ്പെടുന്നതായിട്ടത്രെ. ആ സമ്പ്രദായത്തോട് അൽപമെങ്കിലും സാധർമ്യമുള്ളത് "18" അക്കത്തിനാണ് "എ" അക്കത്തിനല്ല. റോമാക്കാർ അവരുടെ അഭിലാഷാനുസരണം ഭേദപ്പെടുത്തിയതെന്നും ചന്ദ്രികാധിപരും മറ്റും പറയുന്ന "എ" അക്കത്തിലെ നിയമങ്ങൾ റോമ്മാക്കാരുടെ കേന്ദ്രഭരണസമ്പ്രദായത്തിന് കടകവിരുദ്ധവും, സംസ്ഥാന ഇടവകകളുടെ സ്വാതന്ത്ര്യം പ്രഖ്യാപിക്കുന്നതും അനിയന്ത്രിതമായ ഏകാധിപത്യത്തെ ശക്തിയായി തടയുന്നതുമാണ്. ഉദാഹരണമായി: സംസ്ഥാന ഇടവകയുടെ സുന്നഹദോസിന് എപ്പിസ്കോപ്പന്മാരെ വാഴിപ്പാൻ അധികാരമുണ്ടെന്നുള്ളത് "എ" അക്കം കാനോൻ 7:1-ൽ അന്ത്യോഖ്യാ-19 എന്ന തലക്കെട്ടിലും "എപ്പിസ്കോപ്പന്മാരുടെ തലവൻ അവരുടെ (എപ്പിസ്കോപ്പന്മാരുടെ) സമ്മതം കൂടാതെ ഒന്നും ചെയ്യരുത്" എന്ന് "എ" അക്കം 7:2-ലും പറഞ്ഞിരിക്കുന്നു. ഈ ഭാഗങ്ങൾ "18" അക്കത്തിൽ വിട്ടുകളഞ്ഞിരിക്കുന്നു. ഇവിടെയും പാത്രിയർക്കീസ് കക്ഷിയുടെ വാദം അനുസരിച്ച് ഈ ഭാഗങ്ങൾ എല്ലാം അത

ച്ചടിപ്പിച്ച പോൾ ബാഡ്ജൻ സ്വയമായി എഴുതിച്ചേർത്തതാണെന്നു വരുന്നു. റോമാസഭയിലെ ഒരു പണ്ഡിതവരേണ്യനായ വൈദികൻ അദ്ദേഹത്തിന്റെ സഭയുടെ വാദങ്ങളും ആദർശങ്ങളും ഖണ്ഡിക്കുന്നതിനു വേണ്ടി ആയിരിക്കുമോ (ഭേദപ്പെടുത്തിയിട്ടുണ്ടെങ്കിൽ) അങ്ങനെ ചെയ്തത്?

4. ഇനി "എ" അക്കത്തിൽ ഇല്ലാത്തതും, "18" അക്കത്തിനു വിശേഷാൽ ഉള്ളതുമായ ഭാഗങ്ങൾ കാനോനിൽ ഉണ്ടായിരിക്കുന്നതാണെങ്കിൽ അത് അതേപടി അവിടെ വച്ചുകൊണ്ടിരിക്കാതെ റോമാക്കാരൻ എടുത്തുകളയുവാൻ ഇടയുണ്ടോ എന്നു കൂടി പരിശോധിക്കാം.

1. ഇന്ത്യാക്കാരുടെ അധികാരങ്ങൾ നിയന്ത്രിക്കുന്നതിനായി കാനോനിൽ എന്തെങ്കിലും പറഞ്ഞിരുന്നുവെങ്കിൽ അതെടുത്തു കളഞ്ഞിട്ട് റോമാക്കാർക്ക് ഒന്നും ലഭിക്കുവാനില്ല. "18" അക്കം 7:1–ൽ നിഖ്യാ എന്ന തലക്കെട്ടിൽ "കാതോലിക്കോസ് അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ കല്പനകൾ അനുസരിച്ചു പ്രവർത്തിക്കണം. ... അന്ത്യോഖ്യായുടെ അധികാരത്തിൽപെട്ട ഇന്ത്യാക്കാർക്കു തങ്ങൾക്കായി പാത്രിയർക്കീസിനെ വാഴിപ്പാൻ അധികാരമില്ല. ... ഇന്ത്യയിലെ ആളുകൾക്ക് അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ അനുവാദത്തോടെ പ്രവർത്തിക്കണം" എന്നെല്ലാം പറഞ്ഞിട്ടുണ്ട്. ഇവ കാനോനിൽ ഉണ്ടായിരുന്നെന്നും അവ പോൾ ബാഡ്ജൻ വിട്ടുകളഞ്ഞുകൊണ്ടാണ് കാനോൻ ഗ്രന്ഥം അച്ചടിപ്പിച്ചതെന്നും പറയുവാൻ തുനിയുന്നവർ അതു തെളിയിക്കുവാൻ ബാദ്ധ്യസ്ഥരാണ്. അപ്രകാരം തെളിയിക്കാതെ കേവലം, കൃത്രിമം ചെയ്തു എന്നു പറയുക മാത്രം ചെയ്യുന്നത് എത്രയും നീചവും നിന്ദ്യവുമാണ്. മേൽ ഉദ്ധരിച്ചിരിക്കുന്നവയും അതുപോലെയുള്ള ഇതരഭാഗങ്ങളും കാനോനിൽ ഉണ്ടായിരുന്നുവെന്നും അവ അദ്ദേഹം എടുത്തുകളഞ്ഞതാണെന്നും തെളിയിക്കുന്നതുവരെ ആ ദുഷി നിറുത്തിവയ്ക്കുന്നതിനു സത്യത്തോടു ബഹുമാനമുള്ളവർക്കു ധാർമ്മിക ബാദ്ധ്യതയുണ്ടെന്നെങ്കിലും ചന്ദ്രികാധിപർ സമ്മതിക്കുമോ? അന്ത്യോഖ്യാ പാത്രിയർക്കീസ് മാർ പാപ്പായുടെ ആധിപത്യത്തിൻ കീഴിൽ ആയിരുന്നുവെന്നും അങ്ങനെയാണ് ഇരിക്കേണ്ടതെന്നും വാദിക്കുന്ന റോമ്മാക്കാർക്ക് പൗരസ്ത്യ കാതോലിക്കോസും ഇന്ത്യാക്കാരുമെല്ലാം അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ കീഴിൽ ആണെന്നു കാണിക്കുന്ന രേഖകൾ എടുത്തുകളഞ്ഞ് അവർ സ്വതന്ത്രരാണെന്നു കാണിക്കേണ്ട ആവശ്യം എന്തെന്നും ദുർഗ്രാഹ്യമായിരിക്കുന്നു. പൗരസ്ത്യ കാതോലിക്കോസും ഇന്ത്യാക്കാരും റോമ്മായുടെ അധീനത്തിൽ ഇരിക്കുന്ന അന്ത്യോഖ്യായ്ക്ക് കീഴ്പ്പെട്ടിരിക്കണം എന്നു കാണിക്കുന്ന രേഖകൾ ഉണ്ടായിരിക്കുന്നതിൽ റോമ്മാക്കാർക്കു കൂടുതൽ സന്തോഷത്തിനല്ലാതെ സന്താപ

ത്തിനു കാരണം കാണുന്നില്ല. പ്രസ്തുത രേഖകൾ കാനോനിൽ ഉണ്ടായിരിക്കയും അവ റോമ്മാക്കാർക്ക് സന്താപകരമല്ലാതിരിക്കുകയും ചെയ്യുമ്പോൾ അത് അവർ എടുത്തുകളവാൻ ഒരുമ്പെടുന്നത് എന്തിന് എന്നും പ്രസ്തുത രേഖകൾ ഉണ്ടായിരിക്കുന്നതു സന്തോഷകരമെങ്കിൽ അത് അവർ എടുത്തുകളയുവാൻ ഒരുങ്ങുമോ എന്നും വായനക്കാർ ചിന്തിക്കുക!!

2. മേല്പട്ടക്കാരെ വാഴിക്കുന്നതിനു പാത്രിയർക്കീസിനു മാത്രം അധികാരം ഉള്ള വിധത്തിൽ അത്രേ ''18'' അക്കം 7:1-ൽ അങ്കുറാ, അന്ത്യോഖ്യാ എന്നീ തലക്കെട്ടുകളിൽ പറഞ്ഞിരിക്കുന്നത്. റോമാ വാദഗതിക്കനുസരണമായ ഈ ഭാഗം കാനോനിൽ ഉണ്ടായിരുന്നെങ്കിൽ എന്തുകൊണ്ട് – എന്തു കാര്യലാഭത്തിനായി – ഒരു റോമ്മാ വൈദികൻ അതിനു നേരെ എതിരായി ഭേദപ്പെടുത്തിക്കൊണ്ട് ഒരു റീശ് എപ്പിസ്കോപ്പായ്ക്കും സംസ്ഥാന ഇടവകയുടെ സുന്നഹദോസിനും എപ്പിസ്കോപ്പന്മാരെ വാഴിപ്പാൻ അധികാരം ഉള്ളതായി അച്ചടിപ്പിച്ചുവെന്നു മേൽ പറഞ്ഞ വാദം ഉന്നയിക്കുന്നവർ തെളിയിക്കുമോ?

3. "പാത്രിയർക്കീസിനെ ധിക്കരിച്ചൊ അദ്ദേഹത്തിന്റെ ഇഷ്ടത്തിനെതിരായോ ഒരു മപ്രിയാനായേയോ ഒരു മെത്രാപ്പോലീത്തായേയോ ഒരു എപ്പിസ്കോപ്പായേയോ വാഴിപ്പാൻ അധികാരമില്ല" എന്നു "18" അക്കം 7:4-ൽ ഉള്ള യൂഹാനോൻ പാത്രിയർക്കീസിന്റെ 4-ാം നിശ്ചയത്തിൽ കാണുന്നു. ഇപ്രകാരം കാനോനിൽ ഉണ്ടായിരുന്നുവെങ്കിൽ പോൾ ബാഡ്ജൻ അത് എടുത്തുകളയുകയും തൽസ്ഥാനത്ത് അതിനു നേരെ എതിരായി "പാത്രിയർക്കീസ് പാശ്ചാത്യരുടെ സ്വയ ഇഷ്ടപ്രകാരം വാഴിക്കപ്പെട്ടാൽ അദ്ദേഹത്തിന്റെ ഇഷ്ടാനിഷ്ടം അന്വേഷിക്കാത്ത പൗരസ്ത്യ എപ്പിസ്കോപ്പന്മാർക്ക് മപ്രിയാനായെ വാഴിപ്പാൻ അധികാരമുണ്ടായിരിക്കുന്നതാണ്" എന്ന് എന്തിന് എഴുതിച്ചേർത്തു എന്ന് അപ്രകാരം ചെയ്തതായി വാദിക്കുന്നവർ, അവർക്ക് ആത്മാർത്ഥത ഉണ്ടെങ്കിൽ, പറയേണ്ടിയിരിക്കുന്നു.

"എ" അക്കം റോമ്മാക്കാരന്റേതല്ല സുറിയാനിക്കാരന്റേതാണ് എന്നും "18" അക്കം സുറിയാനിക്കാരന്റേതല്ലാ തിരുത്തുകാരന്റേതാണ് എന്നും മേൽ പരിശോധിച്ചതിൽ നിന്ന് വ്യക്തമായിക്കഴിഞ്ഞിട്ടുള്ളതിനാൽ കൂടുതലായി പ്രതിപാദിക്കുന്നില്ല. ഇനിയെങ്കിലും സത്യത്തെ അസത്യമെന്നും, കൈപ്പിനെ മധുരമെന്നും, ദൈവപുത്രനെ ബെയിൽസബൂബ് എന്നും പറയാതെ സുറിയാനി സഭയുടെ സമാധാനമാർഗ്ഗം തെളിയുവാൻ, ഒത്തൊരുമിച്ചു പ്രവർത്തിപ്പാൻ, സത്യകാനോനെ സ്വീകരിപ്പാൻ ഏവരും തയ്യാറായാൽ എത്ര നന്നായിരുന്നു!

## അദ്ധ്യായം 13

# "റീശോറാബാദ് കുലഹൂൻ" അഥവാ "എല്ലാവരുടേയും പ്രധാന തലവൻ"

പൗരസ്ത്യദീപമായിരുന്ന മാർ ഗ്രീഗോറിയോസ് ബാറെബ്രായ എഴുതിയ ഹൂദായ കാനോൻ 7:1-ൽ നാലു പാത്രിയർക്കീസന്മാരെപ്പറ്റി പറയുന്ന ഭാഗത്തുള്ള "റീശോ റാബോ ദ്കുലഹൂൻ" (എല്ലാവരുടെയും പ്രധാന തലവൻ) പലവിധ വ്യാഖ്യാനങ്ങൾക്കും തെറ്റിദ്ധാരണകൾക്കും വിധേയമായി കാണുന്നതിനാൽ പ്രസ്തുത ഭാഗത്തിന്റെ 1. അർത്ഥം. 2. ഭാഷാനിയമം. 3. ഭാഷാശൈലി. 4. റോമാ പാത്രിയർക്കീസിന് മേധാവിത്വം കൽപിച്ചിരുന്നെങ്കിൽ എങ്ങനെ എഴുതുമായിരുന്നു, ഇവ ഓരോന്നായി പരിശോധിച്ച് അവയുടെ വെളിച്ചത്തിൽ ഏവർക്കും സുഗ്രാഹ്യമാകത്തക്കവണ്ണം കഴിയുന്നത്ര ലളിതവും എന്നാൽ വിധിനിർണ്ണായകവുമായ ഒരു പരിശോധനയത്രേ ഇവിടെ ഉദ്ദേശിക്കുന്നത്.

കാനോനിലെ പ്രതിപാദ്യഭാഗത്തിന്റെ സുറിയാനിയും പരിഭാഷയും താരതമ്യം ചെയ്തു സൂക്ഷ്മമായി ഗ്രഹിക്കേണ്ടതിലേക്ക് നമ്പരിട്ട് ഇരു കോളങ്ങളിലായി നേരേനേരേ ചേർത്തിരിക്കുന്നു. അല്പം മനസ്സിരുത്തി ശ്രദ്ധിച്ചാൽ നിഷ്പ്രയാസം ഈ ഭാഗം മനസ്സിലാക്കാവുന്നതാകുന്നു.

''അർബഒ (1) നെഹവൂൻ പാത്രിയർക്കൂബുമെനിയോൻ അർബാ പെനിയോസെദ്ഒൽമോ (2) ഉ (3) റീശോറാബോ ദ്കുലഹൂൻ ഹാവ്ദ്റൂമി (4) ഉ (5) ആമെഹാവ് ദ്അലക്സാന്ത്രിയാ ഉ ആമെഹാവ്ദ് കുസ്തന്തീനോപോലീസ് ... ഉ ആമെ ഹാവ്ദ് അന്ത്യോക്യാ. ...''

"ലോകത്തിന്റെ (അന്നു പരിഷ്കൃതലോകമായി പരിഗണിക്കപ്പെട്ടിരുന്ന റോമാ സാമ്രാജ്യത്തിന്റെ - ലേഖകൻ) നാലു ഭാഗങ്ങളുടെ എണ്ണമനുസരിച്ച് പാത്രിയർക്കീസന്മാർ നാല് (1) ആയിരിക്കണം. റോമിലെ ആ (2) ളും (5) അവനോടൊന്നിച്ച് അലക്സാന്ത്രിയായിലെ ആ ( ) ളും അവനോടൊന്നിച്ച് കുസ്തന്തീനോപോലീസിലെ ആളും അവനോടൊന്നിച്ച് ... അന്ത്യോക്യായിലെ ആളും (3) എല്ലാവരുടെയും പ്രധാന തലവൻ (1) ആയിരിക്കണം"

മേൽ വലത്തുഭാഗത്തു കൊടുത്തിരിക്കുന്നതാണു ശരിയായ പരിഭാഷ. റോമാ സാമ്രാജ്യത്തിനു റോമാ, അലക്സന്ത്രിയാ, കുസ്തന്തീനോപ്പോലീസ്, അന്ത്യോഖ്യാ ഇവ കേന്ദ്രങ്ങളായി നാലു വിഭാഗങ്ങൾ ഉണ്ടായിരുന്നു. തദനുസരണം റോമാ സാമ്രാജ്യത്തിലെ ക്രൈസ്തവ സഭയുടെ ഭരണവും പ്രസ്തുത നാലു രാഷ്ട്രീയ കേന്ദ്രങ്ങളെ അധിഷ്ഠിതമാക്കി നിശ്ചയിക്കയാണ് ചെയ്തത്. ഇങ്ങനെയാണു നാലു പാത്രിയർക്കീസന്മാർ ഉണ്ടായിരിക്കണമെന്ന് വിധിക്കാൻ ഇടയായത് എന്നു കാനോൻ വ്യക്തമാക്കുന്നുണ്ട്. എന്നാൽ എല്ലാവരുടെയും പ്രധാന തലവൻ എന്ന വിശേഷണം ഈ നാലു പാത്രിയർക്കീസന്മാരിൽ ഒരുവനായ "റോമയിലെ ആൾ" ക്കുമാത്രം ഉദ്ദേശിച്ചിട്ടുള്ളതാണെന്നു ചിലർ വാദിക്കുകയും, തദനുസരണം "റോമിലെ ആൾ" മാത്രം എല്ലാവരുടെയും പ്രധാന തലവനാണെന്നു അർത്ഥം വരത്തക്കവണ്ണം പരിഭാഷ ചെയ്യാൻ പരിശ്രമിക്കയും ചെയ്യുന്നതായി കാണുന്നുണ്ട്. ഇത് യാതൊരുവിധത്തിലും നീതീകരിക്കത്തക്കതോ സാധൂകരിക്കത്തക്കതോ അല്ലെന്ന് താഴെ നടത്തുന്ന പരിശോധനകൊണ്ട് വ്യക്തമാകുന്നതാണ്.

**1. അർത്ഥം:** ആദ്യമായി "റീശോറാബോദ് കുലഹൂൻ" എന്നതിന്റെ അർത്ഥം പരിശോധിക്കാം. ഇതിന്റെ അർത്ഥം എല്ലാവരുടേയും പ്രധാന തലവനെന്നാണല്ലോ. അതായത് ഓരോ പാത്രിയർക്കീസും അവനവന്റെ ദിക്കിലെ എല്ലാവരുടേയും പ്രധാന തലവനെന്ന് അർത്ഥമാകുന്നു. അല്ലാതെ നാലു പാത്രിയർക്കീസന്മാരുടെ തലവനെന്നല്ല. നാലു പേരുടേയും തലവനായി (പ്രധാന തലവനെന്നല്ല കേവലം തലവനായിപ്പോലും) ഒരാളുണ്ടെന്നു പറയണമെങ്കിൽ നാലുപേർക്കും പുറമെ പ്രസ്തുത വാചകത്തിൽതന്നെ അഞ്ചാമതൊരാൾ ഉണ്ടായേ തീരൂ എന്നുള്ളതു സംശയരഹിതമായ ഒരു യാഥാർത്ഥ്യം മാത്രമാണ്. എന്നാൽ പ്രസ്തുത വാചകത്തിൽ അഞ്ചാമതൊരാളെ പറയാത്തതിനാലും അങ്ങനെ ഒരാൾ ഉള്ളതായി ഇതുവരെ ആരും ഒരു വാദം ഉന്നയിക്കപോലും ചെയ്തിട്ടില്ലാത്തതിനാലും എല്ലാവരുടേയും എന്ന പദം നാലു പാത്രിയർക്കീസന്മാരെ കുറിക്കുന്നില്ല എന്നുള്ളത് ഈ വെളിച്ചത്തിൽ നോക്കുമ്പോൾ സ്വയം വ്യക്തമാണ്.

എന്നാൽ കേവലം തലവനെന്നു മാത്രം പറയാതെ പ്രധാന തലവനെന്നു പറഞ്ഞിരിക്കുന്നതിനാൽ അഞ്ചു പേരുണ്ടായാലും മതിയാകയില്ല. നാലുപേരുടേയും <u>പ്രധാന</u> തലവൻ എന്നു പറഞ്ഞിരിക്കുന്നതിനാൽ ഒന്നിൽ കൂടുതൽ തലവന്മാരുണ്ടെന്നും അവരിൽ പ്രധാനിയാണ് ഇവിടെ പ്രതിപാദ്യവിഷയമെന്നും വരുന്നു. ആ സ്ഥിതിക്ക് "എല്ലാവരുടെയും" എന്ന പദം നാലു പാത്രിയർക്കീസന്മാരെ സൂചിപ്പിക്കുന്നെങ്കിൽ ആ നാലു പേർക്കു പുറമേ ആ നാലു പേരുടെയും തലവന്മാരായി ചുരുങ്ങിയപക്ഷം

രണ്ടുപേർ കൂടിയെങ്കിലും ഉണ്ടായിരിക്കേണ്ടതും ആ രണ്ടു തലവന്മാരിൽ പ്രധാന തലവനാണ് റോമ്മാ പാത്രിയർക്കീസ് എന്നും വരുന്നു. എന്നാൽ പ്രസ്തുത ഭാഗത്ത് റോമാ പാത്രിയർക്കീസ് ഉൾപ്പെടെ നാലു പേരേയല്ലാതെ മറ്റാരേയും പറയാത്തതിനാൽ "എല്ലാവരുടെയും" എന്നതിന് എല്ലാ പാത്രിയർക്കീസന്മാരുടേയും എന്ന് അർത്ഥമാവുക ഒരിക്കലും സാദ്ധ്യമല്ല തന്നെ. ഓരോ വിഭാഗത്തിലും തലവന്മാരായി പല മെത്രാന്മാരും മെത്രാപ്പോലീത്തന്മാരും ഉണ്ടെന്നുള്ള വസ്തുതയുടെ വെളിച്ചത്തിൽ ആ തലവന്മാരിൽ പ്രധാനി അഥവാ പ്രധാന തലവൻ പാത്രിയർക്കീസാകുന്നു എന്ന അർത്ഥത്തിലത്രേ ഇവിടെ പ്രധാന തലവനെന്നു പറഞ്ഞിരിക്കുന്നത് എന്നുള്ള സംഗതി ശ്രദ്ധേയമാണ്.

ഇതിനും പുറമെ "എല്ലാവരുടെയും" എന്നത് പാത്രിയർക്കീസന്മാരെക്കുറിച്ചായിരുന്നെങ്കിൽ "ഇവർ" എന്നർത്ഥമുള്ള "ഹോലേൻ" അല്ലെങ്കിൽ അവർ എന്നർത്ഥമുള്ള "ഹോനൂൻ" എന്ന ചൂണ്ടു സർവനാമം (demonstrative pronoun) സ്വാഭാവികമായി അതിനോടു ചേർത്തു പറയുമായിരുന്നു. അതില്ലാത്തതിനാൽ "എല്ലാവരുടെയും" എന്നത് അവിടെ പ്രസ്താവിച്ചിട്ടുള്ള ആരേയും കുറിക്കുന്നതല്ലെന്നു പ്രഥമപുരുഷനിലുള്ള (Third person) മറ്റാളുകളെയാണ് ഉദ്ദേശിക്കുന്നതെന്നും മനസ്സിലാക്കണം.

എന്നാൽ നേരേമറിച്ച് മുൻ ചേർത്തിരിക്കുന്ന പരിഭാഷയിൽ കാണുന്നതുപോലെ "എല്ലാവരുടെയും" എന്നതിനു തന്റെ ദിക്കിലെ എല്ലാവരുടേയും എന്നർത്ഥം ഗ്രഹിച്ചു താഴെക്കാണുന്നപ്രകാരം ഇനി പരിഭാഷ ചെയ്യാം. അപ്പോൾ യാതൊരുവിധ അർത്ഥവൈകല്യങ്ങളും ഉണ്ടാകുന്നില്ലെന്നു മാത്രമല്ല ആശയപൂർണ്ണതയും പശ്ചാത്തലത്തോടു യോജിപ്പും ഉണ്ടാകുന്നുണ്ട്. "റോമിലെ ആൾ (തന്റെ ദിക്കിലെ) എല്ലാവരുടേയും പ്രധാന തലവനും, അവനോടുകൂടെ അലക്സന്ത്രിയായിലെ ആൾ (തന്റെ ദിക്കിലെ) എല്ലാവരുടേയും പ്രധാന തലവനും, അവനോടുകൂടെ കുസ്തന്തീനോപ്പോലീസിലെ ആൾ (തന്റെ ദിക്കിലെ) എല്ലാവരുടേയും പ്രധാന തലവനും ആയിരിക്കേണ്ടതുമാകുന്നു." ഇങ്ങനെ പ്രസ്തുത ഭാഗത്തിന്റെ അർത്ഥം തെളിയിക്കുന്നതും ഓരോ പാത്രിയർക്കീസും അവനവന്റെ ദിക്കിലെ എല്ലാവരുടേയും പ്രധാന തലവനാണെന്നു മാത്രമാണ്.

**2. ഭാഷാനിയമം:** രണ്ടാമതായി ഭാഷാനിയമത്തിന്റെ വെളിച്ചത്തിൽ പരിശോധിക്കാം. പാത്രിയർക്കാ നാമങ്ങളെ "ഉ" "ആമെ" എന്നീ സുറിയാനി പ്രയോഗങ്ങൾകൊണ്ടു യോജിപ്പിച്ചിരിക്കയാണ് (മലയാളത്തിൽ അതിനു തുല്യമായ പദങ്ങൾ "ഉ", "കൂടി" എന്നും ഇംഗ്ലീഷിൽ and, with എന്നും ആകുന്നു), ഇവയിൽ ഒന്നായ "ഉ" എന്ന സുറിയാനി

പ്രയോഗം കൊണ്ട് പാത്രിയർക്കാ നാമങ്ങളെ തമ്മിൽ യോജിപ്പിച്ചിരിക്കുന്നതിനാൽ "എല്ലാവരുടേയും പ്രധാന തലവൻ" എന്നത് ഓരോ പാത്രിയർക്കാ നാമത്തോടും ചേരുന്നു. റോമിലെ പാത്രിയർക്കീസിനോടു മാത്രം ചേർത്തു പറഞ്ഞാൽ എപ്രകാരം വാചകം തന്നെ അപൂർണ്ണമായിരിക്കുമെന്നു താഴെ കാണിക്കുന്നു. "റോമിലെ ആൾ എല്ലാവരുടേയും പ്രധാന തലവൻ (ആകുന്നു എന്നോ എല്ല എന്നോ കാണിക്കുന്ന ക്രിയാപദമില്ല - ലേഖകൻ) അവനോടുകൂടെ അലക്സന്ത്രിയായിലെ ആളും അവനോടുകൂടെ കുസ്തന്തീനോപോലീസിലെ ആളും ..., അവനോടുകൂടെ ... അന്ത്യോഖ്യായിലെ ആളും", ഈ നാലു പേരും എന്തായിരുന്നു അഥവാ എന്തായിരുന്നു കൂടാ എന്നിങ്ങനെ യാതൊന്നും വ്യക്തമാക്കുന്നില്ല. പ്രസ്തുത വാചകത്തിന്റെ ആരംഭത്തിൽ നാലു പാത്രിയർക്കീസന്മാർ ഉണ്ടായിരിക്കണം എന്നു പറയുന്ന ഭാഗത്തു മാത്രമേ ക്രിയാപദം കാണുന്നുള്ളു. അതിനാൽ റോമ്മാ പാത്രിയർക്കീസ് തലവനായിരിക്കണം എന്നോ തലവനായിരുന്നു കൂടാ എന്നോ എന്താണു പ്രസ്തുത ഭാഗത്ത് പറയുന്നതെന്നുപോലും വ്യക്തമാകുന്നില്ല. മാത്രമല്ല പിന്നാലെ പറയുന്ന മൂന്നു പാത്രിയർക്കീസന്മാർ അവർ ഓരോരുത്തരുടേയും (ഒന്നിച്ചു) എന്തായിരിക്കണം എന്നോ എന്തായിരുന്നുകൂടാ എന്നോ, എന്താണു പ്രസ്തുത ഭാഗം വിധിച്ചിരിക്കുന്നത് എന്നും വ്യക്തമാകുന്നില്ല. ആദ്യം പറഞ്ഞ ആൾ തലവനായിരിക്കണം എന്ന അർത്ഥം വരണമെങ്കിൽ മുൻ ആദ്യവിഭാഗത്തിലെ "നാലു പാത്രിയർക്കീസന്മാർ ഉണ്ടായിരിക്കണം." എന്നതിലെ "ആയിരിക്കണം" എന്ന ക്രിയ ഈ ഭാഗത്തോടും ആവർത്തിച്ചു ചേർത്തേ മതിയാകൂ. അപ്രകാരം തന്നെ പിന്നാലെ പറയുന്ന മൂന്നു പാത്രിയർക്കീസന്മാരുടെ പേരുകളോടും "ആയിരിക്കണം" എന്ന ക്രിയ ചേരുന്നില്ലെങ്കിൽ മുൻ വിഭാഗങ്ങളോടു യാതൊരു ബന്ധവുമില്ലാതെ - യാതൊരർത്ഥവുമില്ലാതെ - ആ നാമങ്ങൾ വേർപെട്ടു നിൽക്കയേ ഉള്ളൂ. അതിനാൽ ആ നാമങ്ങൾക്കു മുൻവിഭാഗത്തോടു ബന്ധമുണ്ടാകണമെങ്കിൽ "ആയിരിക്കണം" എന്ന ക്രിയ ഈ നാമങ്ങളോടു ചേർക്കേണ്ടിയിരിക്കുന്നു. ഈ മഹാവാക്യത്തിന്റെ ക്രിയാപദം അവസാന ഭാഗങ്ങളിലെ നാമങ്ങളോടും ചേർക്കുന്നതുകൊണ്ട് വാചകം പൂർത്തിയാകുന്നുണ്ടെങ്കിലും അർത്ഥമുണ്ടാകുന്നില്ല. എന്തെന്നാൽ ഒടുവിൽ പറയുന്ന മൂന്നു പാത്രിയർക്കീസന്മാർ അവരോരോരുത്തരുടേയും മുമ്പിൽ പറയുന്ന പാത്രിയർക്കീസന്മാരോടുകൂടെ എന്തായിരിക്കണം അഥവാ എപ്രകാരമായിരിക്കണമെന്നാണ് പറയുന്നതെന്നു വ്യക്തമാകുന്നില്ല. പ്രസ്തുത മഹാവാക്യത്തിലെ രണ്ടാം വിഭാഗത്തിലെ "എല്ലാവരുടേയും പ്രധാന തലവൻ" എന്നത് മൂന്നു പാത്രിയർക്കീസന്മാരുടേയും നാമങ്ങളോടു ചേർത്തുകൊണ്ട് "ആയിരിക്കണം" എന്ന ക്രിയ ചേർക്കുമ്പോൾ മാത്രമേ വാചകം അർത്ഥപൂർണ്ണമാകയുള്ളു. മാത്രവുമല്ല, ഈ മഹാ

വാക്യത്തിലെ ആദ്യവിഭാഗത്തിലെ ക്രിയ രണ്ടാം വിഭാഗത്തിലെ "എല്ലാവരുടേയും പ്രധാന തലവൻ" എന്നതിനോടു ചേർന്നശേഷം അന്ത്യവിഭാഗങ്ങളിലെ നാമങ്ങളോടു ചേരുമ്പോൾ രണ്ടാം വിഭാഗത്തിലെ "എല്ലാവരുടേയും പ്രധാന തലവ"നെന്ന പ്രയോഗം ആ ക്രിയയോടൊന്നിച്ചു തന്നെ അന്ത്യവിഭാഗങ്ങളിലെ നാമങ്ങളോടു ചേരാതെ "ആയിരിക്കണം" എന്നതു മാത്രം ചേരുന്നത് കേവലം യുക്തിവിരുദ്ധവുമാണ്. ഇവിടെ ഒടുവിലത്തെ മൂന്നു പാത്രിയർക്കാനാമങ്ങളോടും "എല്ലാവരുടേയും പ്രധാന തലവൻ" എന്നു ചേർത്താലേ അവയ്ക്കെന്തെങ്കിലും അർത്ഥമുണ്ടാകയുള്ളു എന്നുള്ളതും അല്ലെങ്കിൽ ടി മൂന്നു പാത്രിയർക്കാ നാമങ്ങളെക്കുറിച്ച് എന്താണ് പറയുന്നതെന്നു യാതൊരാശയവും ലഭിക്കാതെ വാചകം തന്നെ അപൂർണ്ണമാകുന്നു എന്നുള്ളതും എത്രയും വ്യക്തമാണ്.

മലയാളത്തിലെ "ഉം" എന്ന പ്രയോഗത്തിന് തുല്യമായ സുറിയാനി ഭാഷയിലെ "ഉ" എന്ന ഘടകം "എല്ലാവരുടേയും പ്രധാന തലവൻ" എന്നതിനെ ഇപ്രകാരം ഓരോ പാത്രിയർക്കാ നാമത്തോടും ചേർക്കുന്നു എന്നു കാണിക്കുന്നതിനായി നിഖ്യാ വിശ്വാസപ്രമാണത്തിലെ ടി പ്രയോഗം പരിശോധിക്കാം. പിതാവ്, പുത്രൻ, പരിശുദ്ധ റൂഹാ, വിശുദ്ധ സഭ എന്നീ നാമങ്ങളെ "ഉ" എന്ന സുറിയാനി ഘടകത്താൽ യോജിപ്പിച്ചിരിക്കുന്ന നിഖ്യാ വിശ്വാസപ്രമാണത്തിലെ ഒരു മഹാവാക്യത്തിന്റെ (Compound Sentence) പ്രസക്തമായ ഭാഗവും പദാനുപദ പരിഭാഷയും താഴെ ചേർക്കുന്നു.

1) "മ്ഹൈമ്നീനാൻ.

2) ബ്ഹാദ് ആലോഹോ ശാവ്റോ ആബോ ആഹീദുകൂൽ.

3) "വബ്ഹാദ്മൊറിയോ യേശുമ്ശീഹോ...

4) "വബ്ഹാദ്റൂഹോ...." ഉബഹ്ദോ ഈഝോക്കാദ്ശ്ഝോ... ("വ" എന്നത് "ഉ" എന്നതിന്റെ മറ്റൊരു രൂപം മാത്രമാണ്.)

(2) "സർവ്വശക്തിയുള്ള പിതാവായി....സത്യമുള്ള ഏകദൈവത്തിലും

(3) ... "യേശുമിശിഹാ ആയ ഏക കർത്താവിലും

(4) "ഏക റൂഹായിലും ..... ഏക വിശുദ്ധ സഭയിലും

(1) ഞങ്ങൾ വിശ്വസിക്കുന്നു."

സുറിയാനിയിൽ "മ്ഹൈമ്നീനാൻ" എന്ന് പിതാവിന് മുമ്പ് ഒരിക്കൽ മാത്രമല്ലാതെ മറ്റൊരിടത്തും പറഞ്ഞിട്ടില്ലാത്തതിനാൽ പിതാവിൽ മാത്രം വിശ്വസിക്കുന്നു എന്ന് ആരും അർത്ഥമാക്കുന്നില്ല; പറയുന്നുമില്ല. അങ്ങനെ പറയുന്നെങ്കിൽ ഒടുവിലത്തെ മൂന്നു നാമങ്ങൾക്കും അർത്ഥമില്ലാതെയും ആ നാമങ്ങൾ ഉൾക്കൊള്ളുന്ന വാചകവിഭാഗങ്ങൾക്കു ക്രിയ

യില്ലാതെയും വരുന്നു. ആ നാമങ്ങൾ എന്തിനു ചേർത്തു എന്ന് മന സ്സിലാകയുമില്ല. അതുകൊണ്ടത്രെ "ഞങ്ങൾ വിശ്വസിക്കുന്നു" എന്നത് "ഉം" എന്ന ഘടകത്താൽ ബന്ധിക്കപ്പെട്ടിരിക്കുന്ന എല്ലാ നാമങ്ങളോടും ആവർത്തിച്ചു ചേർത്തിരിക്കുന്നതായി സർവസമ്മതി ലഭിച്ചിട്ടുള്ള പരി ഭാഷയിൽ കാണുന്നത്. അത് ഇപ്രകാരമാണ്. "സർവശക്തിയുള്ള പിതാ വായി ... സത്യമുള്ള ഏകദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു. ...യേശു മിശിഹാ ആയ ഏക കർത്താവിലും ഞങ്ങൾ വിശ്വസിക്കുന്നു. ...ഏക റൂഹായിലും ... ഏക വിശുദ്ധസഭയിലും ഞങ്ങൾ വിശ്വസിക്കുന്നു. ..."

ഇതുപോലെ "ഉം" എന്ന ഘടകം മൂലം ബന്ധിക്കപ്പെട്ടിരിക്കുന്ന നാലു പാത്രിയർക്കാ നാമങ്ങളോടും "എല്ലാവരുടേയും പ്രധാന തലവനായിരി ക്കണം" എന്നത് ചേർത്തുപറയുമ്പോൾ "റോമ്മായിലെ ആൾ എല്ലാവ രുടേയും പ്രധാന തലവനായിരിക്കേണ്ടതും അവനോടുകൂടെ അലക്സ ന്ത്രിയായിലെ ആൾ എല്ലാവരുടേയും പ്രധാന തലവനായിരിക്കേണ്ടതും, അവനോടുകൂടെ കുസ്തന്തീനോപ്പോലീസിലെ ആൾ എല്ലാവരുടേയും പ്രധാന തലവനായിരിക്കേണ്ടതും, ... അവനോടുകൂടെ ... അന്ത്യോക്യാ യിലെ ആൾ എല്ലാവരുടേയും പ്രധാന തലവനായിരിക്കേണ്ടതുമാകുന്നു" എന്ന് പരിഭാഷപ്പെടുത്തേണ്ടതാണ്. അല്ലെങ്കിൽ വിശ്വാസപ്രമാണത്തിന്റെ മേൽ ചേർത്ത പദാനുപദ തർജ്ജിമയിൽ "വിശ്വസിക്കുന്നു" എന്ന് എല്ലാ റ്റിനും ഒടുവിൽ മാത്രം ചേർത്തപോലെ നാലു പാത്രിയർക്കാ നാമങ്ങ ളോടും ചേരത്തക്കവണ്ണം "എല്ലാവരുടേയും പ്രധാന തലവൻ" എന്നത് ഒടുവിൽ ചേർത്താൽ മതിയാകുന്നതാണ്. ഇങ്ങനെ ഭാഷാവ്യാകരണമ നുസരിച്ച് പരിശോധിക്കുമ്പോൾ "ഉ" എന്ന സുറിയാനി ("ഉം" എന്നു മലയാളത്തിൽ) പ്രയോഗം കൊണ്ട് തെളിയുന്നതും ഓരോ പാത്രിയർ ക്കീസും എല്ലാവരുടേയും പ്രധാന തലവനാകുന്നു എന്നത്രെ. ഓരോ വിഭാഗത്തിലും തലവന്മാരായി പല മെത്രാന്മാരും മെത്രാപ്പോലീത്ത ന്മാരും ഉണ്ടെന്നുള്ള വസ്തുതയുടെ വെളിച്ചത്തിൽ ആ തലവന്മാരിൽ പ്രധാനി അഥവാ പ്രധാന തലവൻ പാത്രിയർക്കീസാകുന്നു എന്ന അർ ത്ഥത്തിലത്രേ ഇവിടെ പ്രധാന തലവൻ എന്നു പറഞ്ഞിരിക്കുന്നത്.

3. ശൈലി: ഭാഷാശൈലി അനുസരിച്ച് നാലു പാത്രിയർക്കാ നാമ ങ്ങളെ തമ്മിൽ ബന്ധിക്കുന്ന "ആമെ" എന്ന സുറിയാനി പ്രയോഗം (അം = കൂടെ, ആമെ = അവനോടുകൂടെ) എന്തു തെളിയിക്കുന്നു എന്ന് പരി ശോധിക്കാം. ഇതും എല്ലാവരുടേയും പ്രധാന തലവൻ എന്നതിനെ ഓരോ പാത്രിയർക്കാ നാമത്തോടും ബന്ധിക്കുന്നുണ്ട്. ഇതിന്റെ പ്രവർത്തനം വിശദമാക്കുന്നതിന് രണ്ടു ഉദാഹരണങ്ങൾ പരിശോധിക്കാം.

(1) നിത്യപ്രാർത്ഥനയിലും വി. കുർബാന പരസ്യമായി ആരംഭിക്കു ന്നിടത്തും ചൊല്ലുന്ന "നിന്നെ പ്രസവിച്ച മാതാവിന്റേയും നിന്റെ സകല

പരിശുദ്ധന്മാരുടേയും പ്രാർത്ഥനയാൽ...” എന്നാദിയായ പ്രാർത്ഥനയുടെ അവസാന ഭാഗത്തിൽ ഇപ്രകാരം കാണുന്നു.

| | |
|---|---|
| “മ്ശീഹോ..... മെസ്ത്ഗേദ്ഉമെ സ്താബാഹ് അം ആബൂയ് ഉറൂഹെ | “തന്റെ പിതാവിനോടും ... തന്റെ റൂഹായോടും കൂടെ .... വന്ദിക്കപ്പെട്ടു സ്തുതിക്കപ്പെടുന്നവനായ മ്ശിഹാ” |

ഇവിടെ യേശു മിശിഹായെ സംബന്ധിച്ചു പറയുന്നിടത്തു മാത്രം “വന്ദിക്കപ്പെട്ടു സ്തുതിക്കപ്പെടുന്നവൻ” എന്നു പറഞ്ഞിരിക്കുന്നു. പിതാവിനെ സംബന്ധിച്ചും വി. റൂഹായെ സംബന്ധിച്ചും പറയുന്നിടത്ത് “വന്ദിക്കപ്പെട്ട് സ്തുതിക്കപ്പെടുന്നവൻ” എന്നു പറഞ്ഞിട്ടില്ല. അതിനു പകരം “അം” (കൂടെ) എന്ന സുറിയാനി പ്രയോഗം കൊണ്ട് പിതാവിനെ പുത്രനോട് “ഉ” (ഉം) എന്ന സുറിയാനി പ്രയോഗത്താൽ പരിശുദ്ധ റൂഹായെ പിതാവിനോടും യോജിപ്പിക്ക മാത്രമേ ചെയ്തിട്ടുള്ളു. മ്ശിഹാ വന്ദിക്കപ്പെട്ട് സ്തുതിക്കപ്പെടുന്നതായി പറഞ്ഞ ശേഷം പിന്നാലെ “അം ആബൂയി ഉ റൂഹെ” = “കൂടെ പിതാവും പുത്രനും” = “with the Father and the Holy Spirit” എന്നത്രേ പറഞ്ഞിരിക്കുന്നത്. സുറിയാനി പണ്ഡിതനായ കോനാട്ട് മല്പാനച്ചൻ ഇത് പരിഭാഷപ്പെടുത്തിയിരിക്കുന്നത് “പിതാവിനോടും .... തന്റെ റൂഹായോടും കൂടെ ... വന്ദിക്കപ്പെട്ട് സ്തുതിക്കപ്പെടുന്നവനായ മ്ശിഹാ എന്നാകുന്നു. ഈ പരിഭാഷയ്ക്ക് ഒരുവനും ആക്ഷേപം പറയുന്നുമില്ല. അം (കൂടെ) എന്നു സുറിയാനി പ്രയോഗം മൂലം യേശുമിശിഹായെ സംബന്ധിച്ചു പറഞ്ഞ വിശേഷണങ്ങളെല്ലാം അതേപടി പിതാവിന്റേത് കൂടെ ആയിതീരുകയും “ഉ” (ഉം) എന്ന പ്രയോഗം കൊണ്ട് പിതാവിനുള്ള വിശേഷണങ്ങൾ പരിശുദ്ധ റൂഹായ്ക്കും വന്നുചേരുന്നതിനാലത്രെ മേൽപ്രകാരം തർജ്ജിമ ചെയ്ത് മൂന്നുപേരും ഒരുപോലെ വന്ദിക്കപ്പെട്ട് സ്തുതിക്കപ്പെടുന്നതായി പഠിപ്പിക്കുന്നത്. ഇതുപോലെ തന്നെ “എല്ലാവരുടേയും പ്രധാന തലവൻ” എന്നത് “അവനോടു കൂടെ” എന്ന പ്രയോഗം യോജിപ്പിച്ചിരിക്കുന്ന ഓരോ പാത്രിയർക്കാ നാമത്തോടും ഒരുപോലെ ചേരുന്നുണ്ട്.

2) “മാലാഖമാരുടെ സ്തുതിപ്പിൽ” നിന്ന് ഒരുദാഹരണം കൂടെ എടുക്കാം.

| | |
|---|---|
| (1) “ആത്ത് ല്ഹൂദൈക്<br>(2) കാദീശാത്ത് ല്ഹൂദൈക്ക് മോറീയോ യേശുമിശിഹോ<br>(3) അം റൂഹോ കാദീശോ, ല്ശുബഹോലാലോഹോ | “വാ: റൂഹായോടു (3) കൂടെ യേശുമിശിഹാ ആയ (1) നീ മാത്രം പരിശുദ്ധനും (1) നീ മാത്രം പിതാവായ ദൈവത്തിന്റെ മഹത്വത്തിന് കർത്താവുമാകുന്നു.” |

ഇവിടെ യേശുമിശിഹാ ആയ നീ മാത്രം പരിശുദ്ധനും നീ മാത്രം പിതാവായ ദൈവത്തിന്റെ മഹത്വത്തിന് കർത്താവുമാകുന്നു എന്നു പറയുകയും വി. റൂഹായെ സംബന്ധിച്ചു പറയുന്നിടത്ത് ഈ വിശേഷണങ്ങളൊന്നും പറയാതിരിക്കയും ചെയ്യുന്നു. അനന്തരം "അം" (കൂടെ) എന്ന പ്രയോഗം കൊണ്ട് വി. റൂഹായുടെ നാമത്തെ യേശുമിശിഹായുടെ നാമത്തോട് യോജിപ്പിക്ക മാത്രമെ ചെയ്തിട്ടുള്ളു. ഈ "അം" (കൂടെ) എന്ന പദം കൊണ്ടുള്ള യോജിപ്പിക്കൽ മൂലം യേശുമിശിഹായ്ക്കു പറഞ്ഞിരിക്കുന്ന ആ വിശേഷണങ്ങളെല്ലാം അതേപടി വി. റൂഹായ്ക്കും ലഭിക്കുകയും യേശുമിശിഹാ മാത്രം എന്ന് പറഞ്ഞിരിക്കുന്നത് യേശുമിശിഹായും വി. റൂഹായും മാത്രം പരിശുദ്ധനും പിതാവായ ദൈവത്തിന്റെ മഹത്വത്തിനു കർത്തവ്യമുള്ളവനുമാകുന്നു എന്നർത്ഥം ഉണ്ടാകയും ചെയ്തിരിക്കുന്നു. അതുകൊണ്ടത്രേ "വി. റൂഹായോടു കൂടെ യേശുമിശിഹാ ആയ നീ മാത്രം പരിശുദ്ധനും നീ മാത്രം പിതാവായ ദൈവത്തിന്റെ മഹത്വത്തിന് കർത്താവുമാകുന്നു" എന്ന് പരിഭാഷപ്പെടുത്തുന്നത്. യേശുമിശിഹാ മാത്രം എന്നു പറഞ്ഞിട്ടുപോലും – മറ്റാരുമില്ലെന്നു അർത്ഥമുള്ള "മാത്രം" എന്ന പ്രയോഗത്തെ അതിക്രമിച്ച് – എല്ലാ വിശേഷണങ്ങൾക്കും പുറമേ ആ "മാത്രം" എന്ന പ്രയോഗത്തെ കൂടെ വി. റൂഹായുടെ നാമത്തോടു ചേർക്കുവാൻ ശക്തിയുള്ളതാണ് "അം" (കൂടെ) എന്ന പദപ്രയോഗം. ചുരുക്കിപറഞ്ഞാൽ കൂടെ (അം) എന്ന പദം കൊണ്ട് ബന്ധിച്ചിരിക്കുന്ന നാമത്തിന്, അതിനെ ഏത് നാമത്തോട് ബന്ധിച്ചിരിക്കുന്നുവോ അതിനുള്ള സകല വിശേഷണങ്ങളും അധികാരാവകാശങ്ങളും അതേ പ്രകാരം തന്നെ ലഭിക്കുന്നു. ആദ്യനാമത്തിനുള്ള അധികാരാവകാശങ്ങളും വിശേഷങ്ങളും പ്രസ്തുത ആദ്യനാമത്തിന് (യേശുമ്ശിഹായ്ക്ക്) മാത്രമുള്ളതാകുന്നു എന്ന് സ്പഷ്ടമായി പറഞ്ഞിരുന്നിട്ടും "അം" (കൂടെ) എന്ന പദത്താൽ യോജിപ്പിച്ചിട്ടുള്ള നാമവും (വി. റൂഹായും) യേശുമിശിഹായോടൊപ്പം തന്നെ അവകൾക്കെല്ലാം അവകാശി ആയിരിക്കുന്നു. അതിനാൽ "മാത്ര" എന്ന പദപ്രയോഗത്തിനു പോലും "അം" എന്ന പദത്താൽ യോജിപ്പിക്കുന്ന നാമത്തെ മുൻ നാമത്തിനുള്ളവയെ എല്ലാം അവകാശിക്കുന്നതിൽ നിന്നു പുറംതള്ളുവാൻ സാധ്യമല്ലെന്നുള്ളതും, മൂലത്തിൽ യേശുമ്ശിഹായോടുകൂടെ വി. റൂഹായും എന്നുള്ളതിനെ ബ. കോനാട്ട് മല്പാനച്ചന്റെ പരിഭാഷയിൽ: റൂഹായോടുകൂടി യേശുമ്ശിഹാ എന്ന് പറയത്തക്കവണ്ണം സുറിയാനിയിലെ "അം" പ്രയോഗത്തിന് അത്രയ്ക്ക് ശക്തിയുണ്ടെന്നുള്ളതും ഇവിടെ ശ്രദ്ധേയമാണ്.

ഇതുപോലെ എല്ലാവരുടേയും പ്രധാന തലവനെന്നതിനെ തുടർന്ന് റോമാ പാത്രിയർക്കീസിന്റെ നാമത്തോടു ചേർത്ത്, ഇനി "ദലഹൂദായ്ക്ക്"

(മാത്രം) എന്നുകൂടെ എഴുതിയാൽപോലും അവനോടുകൂടെ (ഉ. ആമെ) എന്നീ പദപ്രയോഗങ്ങൾ കൊണ്ട് പാത്രിയർക്കാ നാമങ്ങളെ തമ്മിൽ ബന്ധിച്ചിരിക്കുന്നതിനാൽ എല്ലാവരുടേയും പ്രധാന തലവനെന്നതും അതിനും പുറമെ "മാത്രം" എന്നതു കൂടെയും ഓരോ പാത്രിയർക്കാ നാമത്തോടും ചേരുന്നതാണ്. അതിനാൽ റോമാ പാത്രിയർക്കീസ് മാത്രം എന്നു ചേർത്താൽ തന്നെയും "മറ്റു മൂന്നു പാത്രിയർക്കാ നാമങ്ങളെ പുറം"തള്ളുവാൻ "ഉ ആമെ" ഉള്ളപ്പോൾ സാധിക്കുന്നതല്ല. "മാത്രം" എന്ന പ്രയോഗം റോമാപാത്രിയർക്കീസിന്റെ നാമത്തോടുകൂടെ ഇല്ലെന്നുള്ളതും അഥവാ ഇനി അങ്ങനെ എഴുതി ചേർത്താൽ തന്നെയും റോമാപാത്രിയർക്കീസിന് ഒരു മേലധികാരവും സിദ്ധിക്കുന്നതില്ലെന്ന് കാണിപ്പാൻ മാത്രം ഇവിടെ അതേപ്പറ്റി പ്രതിപാദിച്ചതാണെന്നുള്ളതും ഓർത്തിരിക്കേണ്ടതാണ്. അതിനാൽ ഭാഷാശൈലി – "അവനോടുകൂടെ" എന്ന പ്രയോഗം – തെളിയിക്കുന്നത് എല്ലാ പാത്രിയർക്കീസന്മാരും തുല്യ അധികാരികൾ ആകുന്നു എന്നത്രേ.

4. റോമാപാത്രിയർക്കീസിനു മേധാവിത്വം ഉണ്ടായിരുന്നെങ്കിൽ. ഇവിടെ റോമിലെ പാത്രിയർക്കീസിന് മറ്റുള്ളവരെക്കാൾ എന്തെങ്കിലും ഒരു ഔന്നത്യം അനുവദിച്ചു കൊടുക്കണമെന്ന് കാനോൻ ഉദ്ദേശിച്ചിരുന്നെങ്കിൽ സ്വാഭാവികമായി ഇനി എങ്ങനെ എഴുതുമായിരുന്നു എന്നു കൂടെ നോക്കാം. അങ്ങനെ എങ്കിൽ പരമാധികാരകേന്ദ്രമായി സഭയുടെ ആകമാനതലവൻ "റോമിലെ ആൾ" ആയിരിക്കേണ്ടതും അദ്ദേഹത്തിന്റെ കീഴിൽ മൂന്നു പാത്രിയർക്കീസന്മാർ ഉണ്ടായിരിക്കേണ്ടതുമാകുന്നു എന്നത്രേ എഴുതേണ്ടിയിരുന്നത്. മറ്റുള്ളവർക്കു കൊടുത്തിരിക്കുന്ന അതേ സ്ഥാനപ്പേരുതന്നെ "റോമായിലെ ആൾ"ക്ക് കൊടുക്കാതിരിക്കയും ചെയ്യാമായിരുന്നു. പാത്രിയർക്കീസന്മാർ നാലായിരിക്കേണ്ടതാകുന്നു എന്ന് നിർണ്ണയിച്ചശേഷം അവരിൽ ആർക്കെങ്കിലും മറ്റുള്ളവരുടെ തലവനെന്ന സ്ഥാനം കൊടുക്കണമെന്ന് ഉദ്ദേശ്യമുണ്ടായിരുന്നെങ്കിൽ ഇന്നാര് മറ്റു മൂന്നു പേരുടെ തലവനെന്നു അഥവാ ഇന്നാരുടെ കീഴിൽ മറ്റു മൂന്നു പേരും എന്നു പറയുകയില്ലായിരുന്നോ എന്നതും ചിന്താർഹമാണ്.

ഇങ്ങനെ ഏതു വശത്തുകൂടെ നോക്കിയാലും, കീഴ്മേലോ മുൻപിമ്പോ എന്ന യാതൊരു വ്യത്യാസവും കൂടാതെ ഓരോരുത്തർക്കും അധികാരപരമായി തുല്യസ്ഥാനമാണെന്നത്രേ ഈ ഭാഗത്തുനിന്നു തെളിയുന്നത്. ചുരുക്കിപ്പറഞ്ഞാൽ പാത്രിയർക്കീസന്മാർക്കുള്ള സ്വാതന്ത്ര്യത്തെ ഇതിനെക്കാൾ വ്യക്തമായും ഖണ്ഡിതമായും എഴുതുവാനില്ല. പ്രസ്തുത കാനോൻ ഭാഗത്തിന്റെ പൂർണ്ണമായ അർത്ഥം താഴെ കൊടുക്കുന്നു. ലോകത്തിന്റെ നാലു ഭാഗങ്ങളുടെ എണ്ണമനുസരിച്ച് പാത്രി

യർക്കീസന്മാർ നാലായിരിക്കേണ്ടതും റോമിലെ ആൾ (തന്റെ ദിക്കിലെ) എല്ലാവരുടെയും പ്രധാന തലവനായിരിക്കേണ്ടതും, അവനോടുകൂടെ - റോമിലെ ആളിനോടുകൂടെ - അലക്സന്ത്രിയായിലെ ആൾ (തന്റെ ദിക്കിലെ) എല്ലാവരുടെയും പ്രധാന തലവനായിരിക്കേണ്ടതും അവനോടുകൂടെ - അലക്സന്ത്രിയായിലെ ആളോടുകൂടെ - കുസ്തന്തീനോപ്പോലീസിലെ ആൾ (തന്റെ ദിക്കിലെ) എല്ലാവരുടെയും പ്രധാന തലവനായിരിക്കേണ്ടതും ... അവനോടുകൂടെ .... കുസ്തന്തീനോപ്പോലീസിലെ ആളോടുകൂടെ ...... അന്ത്യോക്യയിലെ ആൾ (തന്റെ ദിക്കിലെ) എല്ലാവരുടെയും പ്രധാന തലവനായിരിക്കേണ്ടതുമാകുന്നു.

ഈ അദ്ധ്യായങ്ങളിൽ സമർത്ഥിച്ചിരിക്കുന്ന ആശയത്തെ ദൃഢീകരിക്കുന്നതായ മറ്റു പല വശങ്ങളും പ്രസ്തുത കാനോൻ ഭാഗത്തുള്ളത് ലേഖന ദൈർഘ്യത്തെ ഭയന്ന് വിട്ടുകളയുകയാണ്. ഇതിൽ എന്തെങ്കിലും പ്രമാദമുണ്ടെന്ന് പണ്ഡിതന്മാർ കാണുന്നപക്ഷം ചൂണ്ടിക്കാണിച്ചു തരണമെന്നഭ്യർത്ഥിച്ചുകൊള്ളുന്നു.

## അദ്ധ്യായം 14

# 18 അക്കം ഉടൽ എടുത്തതിന്റെ പശ്ചാത്തലവും ഉദ്ദേശ്യങ്ങളും

ക്രി: 1816-ന് കൊല്ലവർഷം 991 മീനത്തിൽ അന്ത്യോക്യാ പാത്രിയർക്കീസുമായി യാതൊരു ബന്ധവുമില്ലാതിരുന്ന ആഞ്ഞൂർ (സ്വതന്ത്ര) ഇടവകയുടെ കിടങ്ങേത്ത് മാർ പീലക്സിനോസ് മെത്രാപ്പോലീത്തായിൽ നിന്ന് സ്ഥാനം ഏറ്റ സെമിനാരി സ്ഥാപകൻ മാർ ദീവന്നാസ്യോസും അദ്ദേഹത്തിന്റെ കാലശേഷം 993-ൽ ടി കിടങ്ങേത്തു മാർ പീലക്സിനോസിൽ നിന്നു തന്നെ സ്ഥാനം ഏറ്റ പുന്നത്ര മാർ ദീവന്നാസ്യോസും അദ്ദേഹത്തിനുശേഷം 1001 ചിങ്ങത്തിൽ ടി കിടങ്ങേത്ത് മാർ പീലക്സിനോസ് മെത്രാപ്പോലീത്തായിൽ നിന്നും സ്ഥാനം ഏറ്റ ചേപ്പാട്ട് മാർ ദീവന്നാസ്യോസും നിരാക്ഷേപ രാജകീയ വിളംബരത്തോടു കൂടി, മലങ്കര മെത്രാപ്പോലീത്തന്മാരായി ഭരിച്ചു വന്നു. ഈ വിവരങ്ങൾ, പാത്രിയർക്കീസ് പക്ഷത്തെ ഒരു സണ്ടേസ്കൂൾ ടെക്സ്റ്റായ ഇട്ടൂപ്പ് റൈട്ടരുടെ സഭാ ചരിത്രം 189 മുതൽ 197 വരെ പേജുകളിൽ വിളിച്ചു പറയുന്നുണ്ട്.

ഇങ്ങനെ ഇരിക്കെ 1825-ക്ക് കൊല്ലവർഷം 1001 വൃശ്ചികത്തിൽ അന്ത്യോഖ്യാ പാത്രിയർക്കീസിൽ നിന്ന് മലങ്കര മെത്രാപ്പോലീത്തായായി സ്ഥാത്തിക്കോനും കല്പനയും വാങ്ങിക്കൊണ്ട് മാർ അത്താനാസ്യോസ് എന്നൊരു പരദേശമെത്രാനും റമ്പാനും വന്നുചേർന്നു. മലങ്കരസഭ ആദ്യം ഇവരെ നിരാകരിച്ചു. പിന്നീട് മനസ്സില്ലാമനസ്സോടെ സ്വീകരിച്ചു; എങ്കിലും ഒടുവിൽ തമ്മിൽ കലഹമായി; മാർ പീലക്സിനോസ്, മാർ ദീവന്നാസ്യോസ് എന്നീ "മെത്രാന്മാരും ബാവായും തമ്മിലുള്ള വഴക്കു മുഴുത്ത സർക്കാരിൽ ഏർപ്പെട്ടു വിസ്താരത്തിനും ഇടയായി. ... പരദേശക്കാർക്ക് മലയാളത്തു സുറിയാനിക്കാരുടെ മുതലിനവകാശമില്ലെന്നും അതിനാൽ കലഹം ഒതുക്കത്തിനുവേണ്ടി മാർ അത്താനാസ്യോസിനേയും റമ്പാനേയും തിരിയെ പരദേശത്തിനു തന്നെ കയറ്റി അയയ്ക്കണമെന്നും തീർപ്പും ... കല്പനയും ഉണ്ടായ വിവരം ... ദിവാൻജി ഉത്തരവായപ്പോൾ താൻ ദേഷ്യപ്പെട്ടു നീ ആര് കൂലിയുടെ കൂലി അല്ലയോ എന്നു പറഞ്ഞു." എങ്കിലും ഒടുവിൽ യാത്രയ്ക്കുള്ള കാശും കൊടുത്ത് തിരുവിതാംകൂറിന് വെളിക്കു കടത്തുകയും അവിടെ നിന്ന് "താമസം കൂടാതെ ഉരുവിൽ കയറി തിരിയെ വ്യസനത്തോടെ പോകയും ചെയ്തു" (ടി ചരിത്രം, 201 -203 പുറങ്ങൾ). സർവ്വസ്വതന്ത്രമായി വർത്തിച്ചുവന്ന മലങ്കരസഭയിൽ, അനധികൃതമായി സ്ഥാത്തിക്കോനും മറ്റും നൽകിക്കൊണ്ടു അന്ത്യോഖ്യാ പാത്രിയർക്കീസ് ബാവാ അയച്ച മാർ അത്താനാസ്യോസ്

മുഖേന ആദ്യമായി വ്യവഹാരമുത്ഭവിക്കയും അത് മലങ്കരസഭയ്ക്ക് അനുകൂലമായി വിദേശ മേധാവിത്വ ധ്വംസനത്തിൽ പര്യവസാനിക്കു കയും ചെയ്തു.

മാർ ദീവന്നാസ്യോസ് സി.എം.എസ്. ആചാരങ്ങൾക്കു പ്രതികൂലമായിരുന്നതിനാൽ സി.എം.എസ്. അനുഭാവികൾ പാലക്കുന്നത്തു മാത്യൂസ് ശെമ്മാശനെ രഹസ്യമായി മൂസലിലേക്ക് അയച്ചു. മൂസലിൽ എത്തിയപ്പോൾ മപ്രിയാനാ ആയിരുന്ന മാർ ഏലിയാസ്, പാത്രിയർക്കീസ് ആയി എന്നറികയാൽ മർദ്ദീനിലേക്കു പോയി. പാത്രിയർക്കീസാകട്ടെ കേവലം നിരുത്തരവാദപരമായി – യാതൊരുവിധ അന്വേഷണവും കൂടാതെ – മലങ്കര മെത്രാപ്പോലീത്തായെ മുടക്കിയിരിക്കുന്നതായി ഒരു കല്പനയും മാത്യൂസ് ശെമ്മാശനെ മാർ അത്താനാസ്യോസ് എന്ന പേരിൽ മലങ്കര മെത്രാപ്പോലീത്തായായി വാഴിച്ചിരിക്കുന്നതായി സ്ഥാത്തിക്കോനും കൊടുത്ത് അദ്ദേഹത്തെ മലയാളത്തേക്ക് യാത്ര അയച്ചു (റോയൽ കോടതിവിധി 158-ാം സെ). ഇങ്ങനെ 1843-ക്ക് 1018 ചിങ്ങത്തിൽ ഇദംപ്രഥമമായി പാത്രിയർക്കീസ് മലങ്കരസഭയ്ക്ക് ഒരു മെത്രാനെ വാഴിക്കയെന്ന ഉദയക്രിയ ചെയ്തത്, ഒരു മെത്രാനെ മുടക്കുക എന്ന ശേഷക്രിയയോടു കൂടിയത്രെ. മാർ അത്താനാസ്യോസ് മലയാളത്തെത്തി മാർ ദീവന്നാസ്യോസിൽ നിന്ന് മലങ്കര മെത്രാപ്പോലീത്താ സ്ഥാനവും രാജകീയ വിളംബരവും കരസ്ഥമാക്കാനായി വീണ്ടും വ്യവഹാരം ആരംഭിച്ചു. ഇങ്ങനെ പാത്രിയർക്കീസുമായി നേരിട്ടുണ്ടായ ബന്ധത്തിൽ നിന്ന് മലങ്കരസഭയിലെ ആദ്യ മുടക്കും രണ്ടാം വ്യവഹാരവും ഉത്ഭവിച്ചു. തന്റെ സ്വാർത്ഥമോഹസാധ്യതയ്ക്കുവേണ്ടി അന്ത്യോഖ്യാ പാത്രിയർക്കീസ് ഭൂമുഖത്തെങ്ങുമുള്ള സുറിയാനി ക്രിസ്ത്യാനികളുടെ മേലദ്ധ്യക്ഷനാണെന്നും അദ്ദേഹത്തിന്റെ അറിവും വരുതിയും കൂടാതെ പ്രവർത്തിക്കുന്ന മാർ ദീവന്നാസ്യോസിന്റെ സ്ഥാനം പാത്രിയർക്കീസിന്റെ അധികാരപത്രമുള്ള തനിക്കാണ് കിട്ടേണ്ടതെന്നും മറ്റുമായിരുന്നു അദ്ദേഹത്തിന്റെ വാദം. അത് വകവച്ചുകൊടുപ്പാൻ മലങ്കരസഭ തയ്യാറായില്ല. മാർ ദീവന്നാസ്യോസ് സധീരം അതിനെ എതിർത്തു (ടി ചരിത്രം, പുറം 249 റോ. കോ. ജ. സെ. 138-).

ഈ വ്യവഹാരം അവസാനിക്കാൻ ഭാവിച്ചപ്പോഴേക്കു കൂറിലോസ് എന്നൊരു പരദേശമെത്രാനെ കൂടെ മലങ്കര മെത്രാപ്പോലീത്തായായി സ്ഥാത്തിക്കോൻ കൊടുത്ത് പാത്രിയർക്കീസ് മലയാളത്തേക്ക് അയച്ചു. ഇങ്ങനെ 1846-ക്ക് 1021-ൽ മൂന്നാമതൊരു മലങ്കര മെത്രാപ്പോലീത്താ കൂടെ ഉണ്ടായി. വയോവൃദ്ധനായിരുന്ന മാർ ദീവന്നാസ്യോസ് തന്റെ സ്ഥാനം മാർ കൂറിലോസിന് ഒഴിഞ്ഞുകൊടുത്തു. തുടർന്നുള്ള വ്യവഹാരം മാർ അത്താനാസ്യോസും മാർ കൂറിലോസും തമ്മിൽ ആയി

രുന്നു. മാർ കൂറിലോസിന്റെ സഹായത്തിനായി സ്തേപ്പാനോസ് എന്നൊരു പരദേശമെത്രാനെ കൂടെ അയച്ചു. അദ്ദേഹം ഇവിടെ എത്തുന്നതിന് മുമ്പുതന്നെ വിധിയുണ്ടായി. വിവേകബുദ്ധിയുള്ള യാതൊരുവനും ചെയ്യാത്ത അകൃത്യങ്ങൾക്ക് മാർ കൂറിലോസ് തന്നെത്തന്നെ ഏല്പിച്ചുകൊടുത്തു. അതിനാൽ തന്റെ സ്വഭാവത്തേയും താൻ ഏറ്റിരിക്കുന്ന സ്ഥാനത്തേയും അപകടത്തിലാക്കിയിരിക്കുന്നു", അദ്ദേഹത്തിന്റെ രേഖകളും പ്രസ്താവനകളും മറ്റും അടിസ്ഥാനരഹിതമാകുന്നു എന്നും മറ്റും രേഖപ്പെടുത്തിക്കൊണ്ട് വിധിയിൽ പറയുന്നത് മലങ്കര മെത്രാപ്പോലീത്താ നാട്ടുകാരനായിരിക്കേണ്ടതാകയാൽ "മലയാളത്തെ സുറിയാനിസഭയുടെ മെത്രാപ്പോലീത്തായായിട്ട് മാർ അത്താനാസ്യോസിനെ സർക്കാർ സ്വീകരിച്ച് വിളംബരം ചെയ്യേണ്ടത് ന്യായവും നീതിയും ആണെന്നത്രെ" (റോ. കോ. ജ. സെ. 171). ഇത്രത്തോളം ഈ രണ്ടാം വ്യവഹാരവും മലങ്കരസഭയ്ക്ക് അനുകൂലമായി പര്യവസാനിച്ചു എന്നു പറയാം.

കേസിൽ മാർ കൂറിലോസ് വിജയിച്ചില്ലെങ്കിലും വിവിധ രൂപത്തിലുള്ള ധനശേഖരത്തിൽ അദ്ദേഹം വിജയിക്ക തന്നെ ചെയ്തു. ഏകദേശം 25000 (ഇരുപത്തയ്യായിരം) രൂപായും ദ്രവ്യാഗ്രഹി എന്നു പേരും അക്കാലത്ത് കരസ്ഥമാക്കിയതായി വിചാരിക്കുന്നെന്നത്രെ ടി ഇട്ടൂപ്പ് റൈട്ടരുടെ സഭാചരിത്രം 252-ാം പേജിൽ പറയുന്നത്.

മലങ്കരയിൽ വിദേശ മേധാവിത്വം സുദൃഢമാക്കുന്നതിന് കൂടുതൽ വൈദേശികന്മാരുടെ സാന്നിദ്ധ്യമാവശ്യമെന്നു കരുതി, മലങ്കര മെത്രാപ്പോലീത്തായായി വട്ടിപ്പണത്തിന്റെ പലിശയും, സെമിനാരി വക പണവും വാങ്ങുന്നതിനും ഭരണം നടത്തുന്നതിനും മറ്റുമുള്ള അധികാരപത്രത്തോടുകൂടി മാർ അത്താനാസ്യോസ് 1848-ൽ മലയാളത്തെത്തി. അധികാര സമ്പാദനത്തിനായി അധികാരപത്രങ്ങളും മറ്റും ഉടൻ റസിഡണ്ടിന്റെ സമക്ഷം ഹാജരാക്കി. അതിന് റസിഡണ്ടിന്റെ മറുപടി: "കോട്ടയത്ത് സുറിയാനി സെമിനാരി വക പണമോ സുറിയാനി സമുദായത്തിൽ നിന്ന് ഉണ്ടാകുന്ന വല്ല പണമോ പാത്രിയർക്കീസിനാൽ കൈകാര്യം ചെയ്യപ്പെടാവുന്നവയല്ല. സെമിനാരി വക മുതലുകൾ തിരുവിതാംകൂറിലെ തന്നാട്ടധികാരികളുടെ സ്വന്ത ഭരണത്തിൻകീഴ് നടത്തി വരുന്നതും, പരദേശ മേല്പട്ടക്കാർക്ക് അതോട് യാതൊരു കാര്യമില്ലാത്തതാകുന്നു. ... തിരുവിതാംകൂർ, കൊച്ചി സർക്കാരിൽ ചേർന്ന ഏതൊരു പള്ളിയിലും പ്രവേശിപ്പാനോ പ്രസംഗിപ്പാനോ താങ്കൾ തന്നെയും അധികാരം പ്രാപിച്ചിട്ടില്ലെന്ന് ഞാൻ അറിയിച്ചുകൊള്ളുന്നു." ഇതിന്മേൽ മാർ അത്താനാസ്യോസ് സ്തേപ്പാനോസ് പാർലമെന്റിൽ പരാതി ബോധിപ്പിക്കുകയും: മേലിൽ അന്ത്യോഖ്യാ പാത്രിയർക്കീസ് അയയ്ക്കുന്ന വൈദികരുടെ വാദങ്ങളെ അംഗീകരിക്കയോ നിഷേധിക്കയോ ചെയ്യേണ്ടത് മലയാളത്തെ

സഭാംഗങ്ങൾ ആകുന്നു; റസിഡന്റ് പ്രവേശിക്കേണ്ടതില്ല എന്ന് ഒരുത്തരവുണ്ടാകയും ചെയ്തു.

ഇതോടെ വിദേശിയർക്ക് മലങ്കരമെത്രാനാകാമെന്നുള്ള ആശ അശേഷം നശിച്ചു. മലയാളത്തെ ഒരാൾ വഴി മാത്രമേ മലങ്കര ഭരിക്കാൻ സാധിക്കൂ എന്ന് ബുദ്ധിമാനായ മാർ അത്താനാസ്യോസ് ഗ്രഹിച്ച് പുലിക്കോട്ടിൽ മാർ ജോസഫ് കത്തനാരെ സ്ഥാനമേൽപ്പാൻ പാത്രിയർക്കീസിന്റെ അടുക്കൽ അയച്ചു. അദ്ദേഹം സ്ഥാനമേറ്റ് മാർ ദീവന്നാസ്യോസ് എന്ന പേരിൽ മലങ്കര മെത്രാപ്പോലീത്തായായിട്ടുള്ള അധികാരപത്രവും മാർ മാത്യൂസ് അത്താനാസ്യോസിനെ മുടക്കിയതായിട്ടുള്ള കല്പനയും കൊണ്ടു (മാത്യൂസ് അത്താനാസ്യോസിനെപ്പോലെ തന്നെ) 1866-ൽ മടങ്ങിവന്നു. ഉടനെ മാർ മാത്യൂസ് അത്താനാസ്യോസിന്റെ രാജവിളംബരം തനിക്ക് നൽകണമെന്ന് കാണിച്ചു മാർ ദീവന്നാസ്യോസ് തിരുവിതാംകൂർ ദിവാൻജിയോട് അപേക്ഷിച്ചു. അതിന് മറുപടിയായി, തമ്മിൽ യോജിക്കുകയോ അല്ലാത്തപക്ഷം വ്യവഹാരപ്പെട്ട് വിധി സമ്പാദിക്കയോ ചെയ്കയല്ലാതെ സർക്കാരിന് ഇടപെടുവാൻ നിവൃത്തിയില്ലെന്ന് ദിവാൻ മറുപടിയും കൊടുത്തു. ഇങ്ങനെ മാർ മാത്യൂസ് അത്താനാസ്യോസ് രാജകീയ വിളംബരത്തിന്റെ ശക്തിയോടുകൂടെ ഭരിക്കുന്ന അവസരത്തിലാണ് ഇദംപ്രഥമമായി മലയാളം സന്ദർശിച്ച ആദ്യ പാത്രിയർക്കീസ് മലയാളത്തെത്തുന്നത്.

പത്രോസ് തൃതീയൻ പാത്രിയർക്കീസ് ബാവാ തിരുമനസ്സുകൊണ്ട് 1875-ൽ മലയാളത്തെത്തി. ഇതിനകം മാർ കൂറിലോസ് കാലം ചെയ്തിരുന്നു. 1876-ക്ക് 1051 മിഥുനം 15-നു മാർ മാത്യൂസ് അത്താനാസ്യോസിന്റെ രാജകീയ വിളംബരം റദ്ദാക്കിച്ച് വിളംബരം പുറപ്പെടുവിച്ചു. ടി മാസത്തിൽതന്നെ മുളന്തുരുത്തിയിൽ വച്ച് ഒരു സുന്നഹദോസ് കൂടുകയും ഇതുവരെ അവ്യക്തമായി കിടന്ന അന്ത്യോഖ്യാ മലങ്കര ബന്ധം വ്യക്തമാക്കുന്നതിന് പാത്രിയർക്കീസും മലങ്കരസഭയും ആഗ്രഹിച്ചു. മലങ്കരസഭയുടെ സ്വത്തിന്മേലുള്ള ലൗകിക അധികാരം തനിക്കെഴുതികൊടുക്കണമെന്ന് സുന്നഹദോസിൽ വച്ച് പാത്രിയർക്കീസ് ആവശ്യപ്പെടുകയും കുറുപ്പംപടി ഇടവകക്കാരനായ ഒരു വടക്കൻ കല്ലറയ്ക്കൽ വർക്കി തരകൻ (ഗ്രന്ഥകർത്താവിന്റെ മാതാമഹൻ) സുധീരം എന്നാൽ ഭക്ത്യാദരവോടുകൂടെ അതിനു മറുപടിയായി “മലയാളത്തെ പതിവ് പിതാക്കന്മാർ സമ്പാദിച്ച് മക്കൾക്കു കൊടുക്കുകയാണെന്നു” പറഞ്ഞ് അദ്ദേഹത്തെ തൽക്കാലം ആ ഉദ്യമത്തിൽ നിന്നും പിന്തിരിപ്പിക്കുകയും ചെയ്തു.

1876-ക്ക് കൊല്ലം 1051-ലെ മുളന്തുരുത്തി സുന്നഹദോസിൽ “... അന്ത്യോഖ്യായുടെ സാഹിത്യം നിലനിൽക്കും കാലമൊക്കെയും മലയാളത്തുള്ള സുറിയാനി സഭയിൽ സമാധാനമുണ്ടാകയില്ലെന്നു പറഞ്ഞി

ട്ടുള്ളതും നോക്കുമ്പോൾ ആ സാഹിത്യം നിലനിൽക്കുവാനായി സകല കാര്യങ്ങളിലും പരദേശ ഇടവകകളും മലങ്കര ഇടവകയും എപ്പോഴും യോജിച്ച് രണ്ടു വകക്കാർക്കും അന്ത്യോഖ്യാ സിംഹാസനത്തിങ്കലേക്കുള്ള അവകാശം സമവും സംബന്ധം തുല്യവും ആയിരിക്കയും, ഇവിടുത്തെ മജലീസും (കമ്മട്ടി) അവിടുത്തെ മജലീസും അന്യോന്യതയോടെ ഇരിക്കയും കമ്മട്ടിയുടെ അനുമതിയോടുകൂടി നമ്മുടെ സഭയ്ക്കും സമുദായത്തിനും വേണ്ടി ചെയ്യപ്പെടുന്ന സകല ഏർപ്പാടുകളും സാധുവായിരിക്കണമെന്നും നിശ്ചയിച്ചതിനെ യോഗം ഉറപ്പിക്കുകയും ചെയ്തു."

"ഈ നിശ്ചയങ്ങൾ വിശുദ്ധ പിതാവും മെത്രാപ്പോലീത്തായും സമൂഹക്കാരും അന്യോന്യം സമ്മതിച്ചു എന്നുള്ള ഉറപ്പിനുവേണ്ടി വിശുദ്ധ പിതാവും മെത്രാപ്പോലീത്തായും തങ്ങളുടെ ഒപ്പും മുദ്രയും വക്കുന്നതല്ലാതെ സമൂഹക്കാരും ഒപ്പുകൾ ഇട്ടു ഉറപ്പിക്കണമെന്നു യോഗം നിശ്ചയിച്ചതിനെ സ്ഥിരപ്പെട്ട് ഒപ്പിട്ടിരിക്കുന്നു."

"അന്ത്യോഖ്യായുടെ ഇഗ്നാത്യോസ് പാത്രിയർക്കീസ് (ഒപ്പ്, മുദ്ര)
മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ (ഒപ്പ്, മുദ്ര)
അങ്കമാലി അകപ്പറമ്പ് പള്ളി മുതൽ കണ്ണങ്കോട്ടു പള്ളി വരെ
ആകെ 102 പള്ളിക്കാർ ഒപ്പു വച്ചിരിക്കുന്നു.

ഇങ്ങനെ നിയമങ്ങൾ ഉണ്ടാക്കിയ ശേഷം പത്രോസ് പാത്രിയർക്കീസ് ശീമയ്ക്കു മടങ്ങി. മാർ മാത്യൂസ് അത്താനാസ്യോസ് കാലം ചെയ്തു. അദ്ദേഹത്തിന്റെ പിൻഗാമിയായി അദ്ദേഹം വാഴിച്ചതായ തോമസ് അത്താനാസ്യോസ് ഭരണം തുടർന്നു. ഈ അവസരത്തിൽ – 1054-ൽ മാർ ദീവന്നാസ്യോസ്, മാർ തോമസ് അത്താനാസ്യോസിൽ നിന്ന് അധികാരം പിടിച്ചെടുക്കുന്നതിനായി ആലപ്പുഴ ജില്ലാക്കോടതിയിൽ കേസ് ഫയൽ ചെയ്തു. ഇങ്ങനെ മലങ്കരസഭയുടെ മൂന്നാം വ്യവഹാരവും ഉത്ഭവിച്ചു. അതിന്റെ തെളിവിലേക്കായി മാർ തോമസ് അത്താനാസ്യോസ് സ്വന്തനില സാധൂകരിക്കുന്നതിനായി, ഉണ്ടാക്കി "മലങ്കരക്കാനോൻ" എന്ന പേരിൽ അച്ചടിപ്പിച്ച ഒരു മലയാളക്കാനോൻ സുറിയാനി സഭയുടെ കാനോൻ എന്ന് പറഞ്ഞ് ഹാജരാക്കി തന്റെ ഹിതാനുസരണമുള്ള അന്ത്യോഖ്യൻ (?) മേധാവിത്വം സ്ഥാപിക്കുന്നതിനുതകുന്ന മറ്റൊരു കൃത്രിമ കാനോൻ നിർമ്മിക്കുന്നതിനു ഈ "മലങ്കര കാനോൻ" മാർ സ്തേപ്പാനോസ് അത്താനാസ്യോസിനു പ്രേരണ നൽകി. അന്ന് ഒരു നല്ല മല്പാനായിരുന്ന കോനാട്ട് മാർ യൂലിയോസ് മെത്രാച്ചനെ ഉടനെ കോട്ടയത്തേക്കു ക്ഷണിച്ചുകൊണ്ടുപോയി പുതിയ കാനോൻ നിർമ്മാണപദ്ധതി ആവിഷ്ക്കരിച്ചു. പാത്രിയർക്കീസ് മാത്യൂസ് മാർ അത്താനാ

സ്യോസിനെ മുടക്കിയത് സാധു ആക്കുന്നതിന് മെത്രാപ്പോലീത്താ പാത്രിയർക്കീസിന്റെ ആജ്ഞകൾ എന്തുതന്നെ ആയിരുന്നാലും അനുസരിച്ച് പ്രവർത്തിക്കേണ്ട ആളാണെന്ന് ഒരു നിയമം കാണിക്കേണ്ടിയിരുന്നു. മാത്രമല്ല മാത്യൂസ് അത്താനാസ്യോസ് സ്വയമായി തോമസ് അത്താനാസ്യോസിനെ വാഴിച്ചിരുന്നു. ആ വാഴ്ച നിയമവിരുദ്ധമാകേണ്ടതിനായി കിഴക്ക് പാത്രിയർക്കീസിന്റെ ഇഷ്ടംകൂടാതെ എപ്പിസ്കോപ്പാ വാഴിക്കപ്പെടരുതെന്ന് എഴുതിച്ചേർത്ത കൂട്ടത്തിൽ വിദേശ മേധാവിത്വത്തിന്റെ സൂത്രധാരനായ മാർ സ്തേപ്പാനോസ് അത്താനാസ്യോസ് മപ്രിയാനായോ മെത്രാപ്പോലീത്തായോ വാഴിക്കപ്പെടരുത് എന്നു കൂടെ എഴുതിച്ചേർത്തു. എന്തെന്നാൽ കിഴക്കിന്റെ വലിയ മെത്രാപ്പോലീത്താ കാതോലിക്കോസ് എന്ന് വിളിക്കപ്പെടുന്നതിനും അദ്ദേഹത്തിന് പാത്രിയർക്കീസന്മാരെപ്പോലെ മെത്രാപ്പോലീത്തന്മാരെ വാഴിക്കുന്നതിനുമുള്ള അധികാരം മലയാളത്തെ മെത്രാപ്പോലീത്താ അവകാശപ്പെട്ടേക്കുമെന്നുള്ള ഭീതിയും അദ്ദേഹത്തിനുണ്ടായിരുന്നു. മാത്രമല്ല ഇവിടെ അന്ന് ഏഴു മെത്രാപ്പോലീത്തന്മാർ ഉണ്ടായിരുന്നതിനാൽ മലങ്കര മെത്രാപ്പോലീത്തായെ കാതോലിക്കോസായി വാഴിക്കുന്നതിനുള്ള ആഗ്രഹവും പരിശ്രമവും ശക്തിയായി ഉണ്ടായിരുന്നത് അദ്ദേഹത്തിന് അറിയാമായിരുന്നു താനും. മലയാളത്തുകാർ ഏതു നില തന്നെയുമവലംബിച്ചാലും – കാതോലിക്കോസുണ്ടായാലും – മലങ്കരസഭയെ എന്നാളും പാത്രിയർക്കീസിന്റെ സർവ്വാധികാര പരിധിക്കുള്ളിൽതന്നെ നിറുത്തണമെന്ന് അദ്ദേഹം നിശ്ചയിച്ചു. നാലുവശവും കഴിയുന്നത്ര സൂക്ഷ്മമായി അടച്ചു ബന്ധിക്കുന്നതിനായി പാത്രിയർക്കീസും കാതോലിക്കോസും തുല്യ അധികാരികളാണെന്ന് പ്രഥമദൃഷ്ടിയിൽതന്നെ പ്രസ്താവിക്കുന്ന ഭാഗങ്ങൾ എടുത്തുകളഞ്ഞു. മെത്രാപ്പോലീത്തായെന്നല്ല കാതോലിക്കോസ് തന്നെയും പാത്രിയർക്കീസിന്റെ ആജ്ഞകൾക്കനുസരിച്ചേ പ്രവർത്തിക്കാവൂ എന്നും മേല്പട്ടക്കാരെ വാഴിക്കേണ്ടത് പാത്രിയർക്കീസാണെന്നും മറ്റും സ്ഥാപിക്കേണ്ടതിനായി പല കൃത്രിമങ്ങളും എഴുതിപിടിപ്പിച്ചു. മാർ ദീവന്നാസ്യോസിന് അദ്ദേഹത്തിന്റെ മലങ്കര മെത്രാപ്പോലീത്താസ്ഥാനം സുരക്ഷിതമാക്കുന്നതിന് മാർ സ്തേപ്പാനോസ് അത്താനാസ്യോസിന്റെ സഹായവും പ്രീതിയും ആവശ്യമായിരുന്നതിനാൽ മനസ്സില്ലാമനസ്സോടെ ഇതിനും സമ്മതിച്ചു കൊടുത്തു. ഈ തിരുത്തലുകൾ എല്ലാം കഴിയുന്നത്ര സൂക്ഷ്മതയോടും കരുതലോടും കൂടിയാണ് ചെയ്തത്. അതുകൊണ്ട് മേൽപറഞ്ഞ സംഗതികളോട് നേരേ ബന്ധമില്ലാത്ത മറ്റു ഭാഗങ്ങളിലും പല തിരുത്തലുകൾ ചെയ്തു:–

1. മുടക്കോ എന്തെങ്കിലും അല്പമായ വിശ്വാസ വൈപരീത്യമോ ഉണ്ടായാൽ അവരുടെ സകല കൂദാശകളും പട്ടത്വവും നശിച്ച് നാമാവി

ശേഷമായി കേവലം പുറജാതികളായിത്തീരും എന്ന് വരുത്തുവാൻ. ഉദാ:- (1) ഇരുസ്വഭാവ വിശ്വാസികളായ റോമാക്കാർ, നെസ്തോറിയർ മുതലായവരിൽ നിന്ന് വരുന്ന മേല്പട്ടക്കാരും പട്ടക്കാരും ശെമ്മാശന്മാരും വീണ്ടും പട്ടമേൽക്കേണ്ടതില്ല. ഇരുസ്വഭാവവിശ്വാസം ഉപേക്ഷിച്ച് സത്യ വിശ്വാസം ഏറ്റുപറഞ്ഞാൽ മതി എന്നുള്ള കാനോൻ വിധി "ചന്ദ്രിക" 1950-ൽ 90-ാം പുറത്ത് ഉദ്ധരിച്ചിട്ടുള്ളതുപോലും എടുത്തുകളഞ്ഞു കൊണ്ടത്രെ 18 അക്കം ഉടലെടുത്തത്. ഉദാ. 2: ഇരുസ്വഭാവവിശ്വാസി കൾ നമ്മുടെ വിശ്വാസം സ്വീകരിച്ചാൽ വീണ്ടും മാമോദീസാ മുക്കാതെ അവരെ വിവാഹത്തിൽ സ്വീകരിക്കാമെന്നുള്ളതായി കാനോനിൽ പറ ഞ്ഞിട്ടുണ്ട്. അതു കാനോനിൽ നിന്നും എടുത്ത് 1941-ലെ മലങ്കര സഭാ മിത്രം ഉദ്ധരിക്കയും ചെയ്തിട്ടുണ്ട്. അതുപോലും തിരുത്തി ഭേദപ്പെടുത്തി ഇരുസ്വഭാവവിശ്വാസികളായ റോമാക്കാരേയും മറ്റും വീണ്ടും മാമൂദീസാ മുക്കി വേണം വിവാഹത്തിൽ സ്വീകരിപ്പാൻ എന്നും മറ്റും എഴുതിപിടി പ്പിച്ചുകൊണ്ടത്രേ "18 അക്കം" ജന്മമെടുത്തിരിക്കുന്നത്. കൂടുതൽ വിവ രത്തിന് 11-ാം അദ്ധ്യായം 2: ബി. കാണുക.

2. പാത്രിയർക്കീസിന്റെ പ്രവർത്തികൾ നിയമവിരുദ്ധമായിരുന്നു എന്ന് വെളിപ്പെടുത്തുന്ന കാനോൻ ഭാഗങ്ങൾ എടുത്തുകളഞ്ഞു. ഉദാ: (1) കാനോൻ 7:1 – 5-ാം ഖണ്ഡികയിൽ ഒരു മേല്പട്ടക്കാരന് മറ്റൊരു മേല്പ ട്ടക്കാരനെ മുടക്കാൻ അധികാരമില്ലെന്ന് പറഞ്ഞിരിക്കുന്നത് വിട്ടുകളഞ്ഞു കൊണ്ടത്രെ "18" അക്കത്തെ ആകൃതിപ്പെടുത്തിയത്. എന്തെന്നാൽ പാത്രിയർക്കീസ് സ്വമേധയായിട്ട് മലങ്കരെയുള്ള ഓരോ മെത്രാപ്പോലീ ത്തന്മാരേയും മുടക്കുന്ന പതിവ് തെറ്റാണെന്ന് കോടതി പറയാൻ ഇട യാകരുത്. (2) ഒരാളുടെ ഭരണത്തിലിരിക്കുന്ന ഭദ്രാസനത്തെ കൂടുതൽ പേർ ഭരിക്കത്തക്കവണ്ണം വിഭജിച്ചു കൂടാ എന്ന് കാനോൻ 7:1. 7-ാം ഖണ്ഡിക അനുശാസിക്കുന്നു. ഒന്നായിരുന്ന മലങ്കര ഇടവകയെ പാത്രി യർക്കീസ് ഏഴായി തിരിച്ചത് കാനോൻ ലംഘനമായിരുന്നു എന്ന് കോടതി പറയാതിരിപ്പാൻ വേണ്ടി അതും എടുത്തുകളഞ്ഞുകൊണ്ടാണ് "18" അക്കത്തിനു കരുപിടിച്ചത്.

3. മലങ്കര മെത്രാപ്പോലീത്തായുടെ ഇടവകയിൽ, പാത്രിയർക്കീസാ കുന്ന പരദേശ മെത്രാന്മാർ കയറി തന്നിഷ്ടങ്ങൾ പ്രവർത്തിക്കുന്നതിനെ കുറ്റപ്പെടുത്തുന്ന കാനോൻ വിധികൾ എടുത്തുകളഞ്ഞാണ് "18" അക്ക മുണ്ടാക്കിയത്. ഉദാ: തന്നിഷ്ടമായി മറ്റൊരാളുടെ ഇടവകയിൽ കയറി പട്ടം കൊടുക്കുന്ന മേല്പട്ടക്കാരൻ മുടക്കപ്പെടണം എന്ന് കാനോൻ 7:1 അനുശാസിക്കുന്നുണ്ട്. ഇത് ചന്ദ്രിക 3:89-ൽ ഉദ്ധരിച്ചിട്ടുമുണ്ട്. എന്നാൽ ഇവിടെ വരുന്ന വൈദേശികമെത്രാന്മാർ യാതൊരുവിധ നിയന്ത്രണവും കൂടാതെ സ്വദേശ മെത്രാന്മാരുടെ ഭരണത്തിൽ കൈകടത്തുകയും പട്ടം

കൊടുക്കുകയും മറ്റും ചെയ്യുന്നത് കാനോൻ ലംഘനമാണെന്നുള്ള വസ്തുത മറക്കുവാൻ വേണ്ടി അത് വിട്ടുകളഞ്ഞുകൊണ്ടാണ് 18 അക്കം ഉടലെടുത്തത്.

4. മലങ്കരയിൽ ഉപയോഗത്തിലിരിക്കുന്ന കാനോൻ "18" അക്കമാണെന്നു തോന്നിപ്പിക്കുവാൻ വേണ്ടിയും പല തിരുത്തുകൾ വരുത്തിയാണ് "18" അക്കമുണ്ടാക്കിയത്. ഉദാ: കുസ്തന്തീനോപോലീസിലെ രണ്ടാം കാനോൻ: പുറജാതികളുടെ അധീനത്തിൽ സ്ഥിതി ചെയ്യുന്ന (ക്രിസ്ത്യാനിയായ റോമാ ചക്രവർത്തിയുടെ ഭരണത്തിനു വെളിക്കുള്ള മലങ്കര പേർഷ്യാ മുതലായ - ഗ്രന്ഥകർത്താവ്) സഭകൾ പരിശുദ്ധ പിതാക്കന്മാരാൽ നിശ്ചയിക്കപ്പെട്ടിട്ടുള്ള പാരമ്പര്യവും നിയമവും അനുസരിച്ച് ഭരിക്കേണ്ടതാകുന്നു എന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. മലങ്കരസഭ നിഖ്യാ നിയമങ്ങളും മറ്റും ഉണ്ടാകുന്നതിന് രണ്ടേമുക്കാൽ നൂറ്റാണ്ടുകൾക്ക് മുമ്പ് മാർതോമാ ശ്ലീഹായാൽ സ്ഥാപിതവും അക്കാലം മുതൽ പല ആചാര്യ പാരമ്പര്യങ്ങളും നിയമങ്ങളും ഭരണക്രമങ്ങളും മറ്റും ഉള്ളതുമാണല്ലോ. മേൽ കണ്ട നിയമം ഈ പ്രാദേശിക പാരമ്പര്യനിയമങ്ങൾക്ക് പൊതുവായി അംഗീകരണം നൽകുകയും അതനുസരിച്ചിവിടെ തുടർന്നു പോരുകയും ചെയ്തു. തിരുത്തുകാനോൻ യഥാർത്ഥ കാനോനാണെന്നും അതനുസരിച്ചാണ് മലങ്കരയിൽ കാര്യാദികൾ നടന്നുവരുന്നതെന്നും തോന്നിക്കുവാനും വാദിക്കുവാനും വേണ്ടി ഇവിടുത്തെ ചില നടപ്പുകൾക്കനുസരണമായും തിരുത്തലുകൾ ചേർത്തു ഉദാ: (1) കാനോനിൽ 30 വയസ്സിൽ താഴെയുള്ളവർക്കു യാതൊരു കാരണത്താലും പട്ടം കൊടുക്കരുതെന്ന് കല്പിച്ചിരിക്കുന്നു. എന്നാൽ ഇവിടെ അതിൽ കുറഞ്ഞവർക്കും പട്ടം കൊടുത്തുവന്നതിനോട് ഏറെക്കുറെ യോജിപ്പിക്കുന്നതിനായി അത്യാവശ്യം നിമിത്തം ഇരുപത്തഞ്ചാം വയസ്സിൽ കൊടുക്കുമെന്ന് ഒരു വകുപ്പു കൂടെ ചേർത്ത് തിരുത്തുകാനോന് വിശ്വസനീയതയുടെ ഒരു വേഷം നൽകി. (2) അത്മേനികൾ കൂടെ ചേർന്ന് ഇവിടെ മേല്പട്ടക്കാരെ തെരഞ്ഞെടുത്തുവന്നതിനാൽ മേല്പട്ടക്കാരുടെ തെരഞ്ഞെടുപ്പിൽ അത്മായക്കാർ സംബന്ധിച്ചു കൂടാ എന്ന് കാനോൻ നിർദ്ദേശിക്കുന്ന ഭാഗം എടുത്തു കളഞ്ഞു. എന്നാൽ ഈ കാനോൻ വിധിപോലും തമ്മിൽ എതിർത്ത് ലഘുലേഖകൾ എഴുതിയ കൂട്ടത്തിൽ പാത്രിയർക്കീസ് ഭാഗക്കാർ തന്നെ ഉദ്ധരിച്ചിട്ടുണ്ട്. (3) മാമോദീസാ സൈത്ത് രോഗികൾക്ക് ഉപയോഗിച്ചുകൂടാ എന്ന് "18" അക്കം 3:5-ൽ എഴുതി ചേർത്തു. ഇങ്ങനെ പലതും ഉണ്ട്.

മാർ സ്തേപ്പാനോസ് അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ ഇങ്ങനെയെല്ലാം എഴുതിയുണ്ടാക്കി കോടതിയിൽ ഹാജരാക്കിയെങ്കിലും ഇതുപ്രകാരമുള്ള വാദങ്ങൾ കോടതിയിൽ ഉന്നയി

ക്കാതെ മാർ ജോസഫ് ദീവന്നാസ്യോസ് തിരുമേനി കരുതിയതിനാൽ "18" അക്കമനുസരിച്ചുള്ള അധികാരാവകാശങ്ങൾ പാത്രിയർക്കീസിന് അനുവദിച്ചുകൊണ്ട് വിധിപ്പാൻ ഇടയായില്ല എന്നുള്ളത് വലിയൊരു ആശ്വാസമാണ്. കേസ് കഴിഞ്ഞ് ഈ തിരുത്തുകാനോൻ വെളിക്കു കിട്ടിയ ഉടനെ "ഇതിങ്ങനെ ഇരുന്നാൽ നാശമാണ്" എന്ന് പറഞ്ഞ് അതിലെ കൃത്രിമങ്ങൾ എല്ലാം വെട്ടിക്കളഞ്ഞു ശരിയായ ഭാഗം എഴുതിചേർത്തു. അതിനാലാണ് അന്ന് കോടതിയിലെ മുദ്രകുത്തിയ തിരുത്തുകാനോൻ പിന്നീട് ഹാജരാക്കാൻ സാധ്യമല്ലാതെ വരികയും അതിനനുസരണം മറ്റൊന്നു ശീമകൈപ്പടയാൽ (ആദ്യ എഴുത്തുകാരന്റെ ശിഷ്യൻ മാർ ഒസ്താത്തിയോസ് - അന്ന് സ്ലീബാ ശെമ്മാശൻ) തന്നെ എഴുതി ഹാജ രാക്കിയത്. പഴക്കം തോന്നിക്കുവാൻ വേണ്ടി കടലാസ് കാപ്പിവെള്ളത്തിൽ മുക്കി ഉണക്കിയ ശേഷം എഴുതിയതിനാൽ ഇതിന് "കാപ്പിക്കാനോൻ" എന്ന ഒരു പേരും ഉണ്ട്. ഇത് കോടതിയിൽ ഹാജരാക്കിയതിനുശേഷം കാതോലിക്കോസ് പക്ഷത്തുനിന്നും പാരീസിൽ അടിച്ച കാനോൻ ഹാജ രാക്കിയപ്പോൾ അത് റോമാക്കാരന്റേതാണെന്നും തങ്ങളുടേതാണു ശരി എന്നും മുദ്രയടിക്കാൻ വേണ്ടി തിരുത്തു (18 അക്കം) കാനോൻ വീണ്ടും കോടതിയിൽ നിന്നും മടക്കിവാങ്ങി. അതിൽ "കൽക്കിദൂനായുടെ" എന്ന തലക്കെട്ടുകളെല്ലാം ചുരണ്ടികളഞ്ഞിട്ട് "ലവോദിഖ്യായുടെ" എന്ന് കേറ്റി എഴുതി ശരിപ്പെടുത്തി വീണ്ടും ഹാജരാക്കി. ഇത് സംബന്ധിച്ച് ബ. കോനാട്ടു മല്പാനച്ചനെ ഇക്കഴിഞ്ഞ വട്ടിപ്പണക്കേസിൽ വിസ്തരിച്ച പ്പോൾ ഒടുവിൽ നിവർത്തിയില്ലാതെ വന്നപ്പോൾ ബോധിപ്പിച്ചിരിക്കുന്നത് "18" അക്കം കോടതിയിൽ നിന്നും വാങ്ങിച്ചത് എന്നാണെന്നും അതു സംബന്ധിച്ചുള്ള മറിച്ചിൽ എന്താണെന്നും ഓർമ്മയില്ലെന്നും മറ്റുമാണ്. ഇവിടെ "18" അക്കം ഉടലെടുത്തതിന്റെ പശ്ചാത്തലവും ഉദ്ദേശ്യവും വ്യക്തമായിട്ടുണ്ടെന്ന് വിശ്വസിക്കുന്നു.

അയ്യോ! ഇനിയെങ്കിലും ദൈവത്തെ ഓർത്ത് "18" അക്കത്തിന്റെ - ഈ അസത്യത്തിന്റെ - പിന്നാലെ പോയി, സത്യത്തെ - യേശുമ്ശി ഹായെ - ക്രൂശിക്കാതെ അസത്യത്തെ കുലപാതകനായ ബർബാസിനെ ക്രൂശിപ്പാൻ മലങ്കര സഭാംഗങ്ങൾ തയ്യാറാകുമോ? മാർത്തോമാ ശ്ലീഹാ യുടെ രക്തമൊഴുക്കി നനച്ചു വളർത്തിയ മലങ്കരസഭയെ ക്രൂശിക്കാതി രിക്കുമോ? അസത്യത്തെ സേവിക്കാതെ സത്യത്തെ സേവിക്കുമോ?

മലങ്കരസഭയേ വിജയിച്ചാലും

30-10-1951.

## പത്രാഭിപ്രായങ്ങൾ

# മലയാള മനോരമ

“ഇന്ന് മലങ്കര സുറിയാനി സഭാംഗങ്ങളെ നട്ടംതിരിക്കുന്ന രണ്ടു പ്രശ്നങ്ങളാണ് ‘കാനോനിക പാത്രിയർക്കീസ്’ ആരെന്നും “സത്യ കാനോൻ ഏതെ”ന്നും ഉള്ളത്: ഇവ സംബന്ധിച്ച് ഇന്നു പലരുടേയും ശ്രദ്ധയിൽപെടാത്ത പല ചരിത്രരേഖകൾ, പ്രതികൂലപ്രതിപാദനങ്ങൾ, നിഷ്പക്ഷ പ്രസിദ്ധീകരണങ്ങൾ എന്നിത്യാദി അനേക രേഖകൾ ശേഖരിച്ച് വളരെ വിദഗ്ദ്ധമായി അവയെ കൈകാര്യം ചെയ്തിരിക്കുന്ന രണ്ടു പുസ്തകങ്ങളാണിവ. വളരെ ക്ലേശകരമായ അന്വേഷണം കൊണ്ട് മാത്രം ഇന്ന് കണ്ടുകിട്ടാവുന്ന നിരവധി രേഖകൾ ഉചിതമായവിധം വിശകലനം ചെയ്ത് പരിശോധിച്ച് എഴുതിയ ഈ പുസ്തകം ... ആദ്യവസാനം ആധാരമാക്കിയിരിക്കുന്നതും പാത്രിയർക്കീസ് പക്ഷത്തെ പ്രമാണങ്ങളും രേഖകളും വാദങ്ങളും ആണെന്നുള്ളതും ഈ പുസ്തകങ്ങളുടെ വിലയും മറ്റും വർദ്ധിപ്പിക്കുന്നുണ്ട്.

... വിവാദ വിഷയങ്ങളുടെ നാനാവശങ്ങളേയും പരിശോധിച്ച് എത്രയും പൂർണ്ണവും വിധിനിർണ്ണായകവുമായ രൂപത്തിൽ ഈ ഗ്രന്ഥങ്ങൾ ചമച്ചതിൽ ഫാദർ പൗലൂസ് അവർകൾ ബി.ഡി. പ്രദർശിപ്പിച്ചിരിക്കുന്ന സ്ഥിര പരിശ്രമവും പാടവവും മോദനാർഹമാണ്; സത്യം അറിയുവാൻ ... ഈ ഗ്രന്ഥങ്ങൾ വളരെ സഹായകമാണെന്നുള്ളതിനു സംശയമില്ല.”

# മലങ്കരസഭ

“മലങ്കരസഭയിലെ തർക്കവിഷയങ്ങളിൽ അതിപ്രധാനമായ ഒന്നാണ് സത്യകാനോൻ ഏതെന്നുള്ളത്. അവിതർക്കിതങ്ങളും അനിഷേധ്യങ്ങളുമായ തെളിവുകളെ ചൂണ്ടിക്കാണിച്ചുകൊണ്ടുള്ള ബ. അച്ചന്റെ ഈ ലേഖന പരമ്പര പരമാർത്ഥികങ്ങളായ ആളുകളെ സത്യകാനോൻ ഏതെന്ന് ബോദ്ധ്യപ്പെടുത്തുവാൻ തികച്ചും പര്യാപ്തമായി എന്നു പറയുന്നതിൽ ഞങ്ങൾക്കു സന്തോഷമുണ്ട്. പാത്രിയർക്കീസ് കക്ഷി പോലും കേസിൽ മാത്രമല്ലാതെ “18” അക്കം കാനോൻ ഉപയോഗിക്കുന്നില്ലെന്നും “എ” അക്കമാണ് ഉപയോഗിക്കുന്നതെന്നും അദ്ദേഹം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. പാത്രിയർക്കീസ് കക്ഷി കള്ളക്കാനോൻ ഉപേക്ഷിക്കുകയോ അല്ലാത്തപക്ഷം അത് കള്ളക്കാനോൻ അല്ലെന്ന് തെളിയിക്കുകയോ അഥവാ ... കള്ളക്കാനോന്റ പിന്നാലെ പോകുന്നു എന്നു സമ്മതിച്ചു പറയുകയോ ചെയ്യാത്തത് കേവലം സാന്മാർഗ്ഗിക ഭീരുത്വമല്ലയോ?”